അന്നെവാക്കിൽ അബൂജഹൽതുള്ളിടലായ്
അറികെട്ടേഫസാദിഹകീമേകേറംനീ
കേറംനീ നിന്നെപോലൊത്തഫസാദികളാ
കേറംക്കയും നളർചെയ്യുതും ഇല്ലഎങ്ങും
കോളിൽ സാനിമർറത്തയ് ഉത്ത്ബത്തിനാ–
കോട്ടികഷ്ടവും എററം മൊഴിന്തിടലായ്
കാളൽഅററു് വിളിത്ത് ജുന്തുദിൽഉരയ്
ഖൽബുഉറപ്പുവിടാവീൻ ഇവർ മൊളിയാൽ
വേളമ്പത്തിൽകൊട്ടുന്തീടയ്തൻപരിനാ–
വേഗം തുള്ളിപുറത്ത് കയറിടലായ്.

## ഇശൽ—മാനിപ്പാൻ ഊററമിൻ

കേറികേമക്കോടതൻ മുകളിൽ ഭേമപ്പിടിവാറം ഹസ്തമിൽ
അണവായ്

കിരികിടമകുടത്തിരുമുടിനിത്തി തലകുടയ്വായെ–
ഗളബിലെ–കിരഹിതഫറുസയ് സയ്ഫ്

പാത്തി തിരിളർബായേ
ഈറക്കോപത്തോടെ ജന്തുദിടചാടിത്ത്
ഓടിത്ത് അപ്പരിശണമിൽ
ഇടചുമടച്ചോടികിട്ടകിടന്നത്തടംപൊടിഉശർവായേ
തകൃതിയിൽ-ഇരുവർകാഠം ഒത്ത് മുൻറജങ്ങ് വിരുത്തോരെ
മുമ്പണവായേ
ക്രൂറിചേവത്തോടെ ഹകീമിലുംപാടി തീരുറോൻഉത്ത്
ബത്തിലും
കുറുകവെ ഇക്ഷണം ഇടയതിൻ ഇപ്പോഴതു് ഉമൈ
വിട്ടവീരെ
എമയ്മതി-കുലഉടല്ലു് എത്തിട്ടും വരെനമൈവിട്ടിട
ക്ഷണം ഉളർവീരേ
ചീറിപ്പാടിട്ടെസബബ് ഇരുവരും വേഗത്താൽ
അപ്പോതുടൻറജ് ആയ്
ചിന്നതം അടക്കമിൽപിറംകെ ഇണക്കമിൽജഹൽ മൊഴി
വായേ
തബഇലേ-ദ്വയവരും ഓത്തുടൻ അതിയിനാൽ
ഒപ്പരം എന്നംഉകയ് വാഃയ-
ആദിചോദിട്ടുത് അഹ്മദുനബി വീരത്തീരതോളരോ
ടരുളായ്
അറബിജനത്തിനിൽ ഖുറൈശികുലത്തരിൽ അതിമികവായേ
തിഹാമിലേ-നസബരേക്കയും എനിൽ അറിവുററതാം
എന്നംജികമായേ
നീതികാരുണർഹാശിം ബനികഠംവാരയ് പോരുക്കാ
ണവർ ചിലരിൽ

നിറമയ് പൊരുത്തമയ് അറമെഉ൦പററിടാതു്
(അവർകളെ നീങ്കാ൦
അടൽതനിൽ-നെറുതെ തരിത്തിടൂൽ കുലകാ൦
(പെട്ടത്തിടാതു് ഒഴിവിരെ ഉങ്കാ൦
നാദപ്പൂതപ്പേതയെ തൊളുകും കാഫിർക്കൂട്ടത്താടമ്പുജാഫിൽ
നവിലവ സഫായ് അടലിനായ് ഒപ്പമിൽ
(ഉമൈ നിലയ്വീര
ദിമിർദമേ-നട്ടദ്ദടി മദ്ദളം മുരശൊട്ട് ദപ്പുകാ൦
(അടി തുടർവീരേ
പാതക്കാരരു് പോരരെ ചൊടിയും കോടക്കാരർ
(ക്കൂട്ടവതു് അണിതൻ
പതികരുണത്തരും പിറമാണമെത്തരും ചമയുവതായെ-
കുതുകുലം-പറയൊട്ട് ഒററകാ൦ അനദാരിശപ്പ്തം
(ദൊനി തുടർവായെ.

## ഇശൽ—മത്തിരക്കന്നി ഇടചാട്ട്

തുടരെയ് മദ്ദളവും—മുരശൊട്ട
മരുവ ഒററകളും—ബജയൊട്ട്
ദടികാ൦ ദപ്പുകളും—കയ്മണി
ദനികാ൦ താശകളാൽ
കൊട്ടമ പുല്ലുകാ൦ പൂളമൂളകാ൦ കൊമ്പുചങ്കുകളാൽ
തകൃതികാ൦—കോളു്താളമേ ഓടിചാടിയും
(സഫ്നിപ്പുകളാൽ
പുടവി കിട്ടകിട നെടിയ നെടിൽകളും
ചൊടിയമത്തുകിടചമയം സമനൊട്ട്

കുടവെ ഇടയിട ചിലർകൾ കയറിയും
ഇടയിൽ നടനട പുനവെ വരിവരി
വരികൾ തിക്കവതായും—ഇടയിൽ നിക്കവതായും
വരുവർ ഒക്കവെതായും—അണികൾ ഇപ്പടിതായും
വീരിതപ്പോരർ—ശുജാഇകൾ
ആയുധപ്പൊതുവെ—അണിയവേ
വേള്ളമത്തീംർ—കൊട്ടമയർ
വാൾക്കണക്കാരർ
ചൂരിതക്കിരിശീ കട്ടത്തിലചക്കരക്കാരർ
വലിയർകൾ—പൂരിവം ഹ്ദൂ്ത്ത്മുശിയർ കട്ടാരക്കാരർ
ചൊട്ടപട്ടകൾ കൊത്തും കുത്തുളി—മട്ടിൽ കെട്ടിയ
(ബില്ലും കല്ലുമേ
കട്ടിചാട്ടുളി ബെമ്മബെമ്മശു—എട്ടിൽ പത്തു് അദദ്
(ഒത്തതൊക്കെയും
ഒക്കെ ഇപ്പടി ഓരേ—തക്കംതരം അണയ് വാരേ-
നിക്കയ് അണിഅണി നേരെ—മുക്കിയവർ ഇടചേ:ര
മുന്നണിക്കാരർ-നിലയിലെ-ദൂരമികത്തീരർ
(അബൂജഹൽ
മുതൽ മഹപ്പേരരർ നസബർകൾ കിരികിടക്കാരർ
പിന്നണിക്കതിരാണെടിൽകളും ശരവരക്കാരർ-പുറം അണി
പിടർവരക്കൊട്ടകൊട്ടമമെത്തവർ കാൽ അണിക്കാരർ
കുരുടൻ അബൂജഹൽ ഉള്ളമെകിബ്റൊട്ട്
(പര്ചയും ചമയമെ തെള്ളിയും കലകല
കരമിൽ അളകിലും കിലിലികിലികിലി
(ഹറീവം കസബ്കൽവൊളിവു പളപള

കമകമക്കാംവാശം—മകുടകുടതലമേത്തും
കവരിമുടികൊട്ടവീശ്ശും—തുടരെ ശ്രുജാജകാം
(ഘോഷം
കോലാഹലതാളം—ഇടയിട—നാച്ച്പുറം ഓളം കുതുകലം
ഘോഷമൊട്ട് മേളം—ചെവിയിടയ്—ഓശയുടെ കാളം
ചേലുരിററിത്തിരിററിരിരിരിവിളി കുശലാൽ!
പെരുവിളി—ചെന്ടണ്ടടഒററട്ടണ്ടട്ട ട്ടണ്ടമുട്ടകളാൽ
ഇടയിൽ കൈമണി കിണലികിണകിണിൽ
തുടരകിന്നാരം ചെലക്കചെലചെല
ദടികാം വമ്പല്യ വെമ്പൽവെമ്പൽ
ദപ്പ്ദെൻദചിദൽദൽ ദിൽദിൽ
വികൃതം എത്തിരവണ്ണം—ദിമിർത്തം ഇത്തിരയ്യെണ്ണം
തകൃതി ഉററുകന്നം—വകചുരുക്കി നാൻ ഉന്നെ

## ഇശൽ—ആയവർ അത്തലംവിട്ട്

ഇന്നനാർ കഥയത്ത്റാവിയെന്നം ഇബ്നു
ഇസ്ഹാഖുൽ അമവിയ്യോർ
ഉണ്ടാമ ഖുറൈശികാം അണിയിലേ ഇശർമയുടാം
അലമുകാം മൂണ്ടത്ത്താൻ
വന്നംപോലെ പോരിശപടയിൽ എത്തിനെ
ഒണ്ടാമത്തെ നശാനി
വാത്തിചമർമുന്നണിതന്നിലെ അബ്ദുൽഅസീസു
(പുടിത്താനേ
മൂന്നം പിൻതൻതടിയും നടത്തത്തിലെ
നോക്കിട്ടംവൻ കിബ്റുറേ
മൂഢൻ തൽഹത്ത് അവൻ സാനിയതാനെ
പടങ്കം പുടിത്താനേ

എന്നും കമനത്തിലെ ശറഫുൽറൊൻനസ്ർ
മൂന്നാമത്തെ വിലോദനം
എന്തീ അവർ മുവ്വരും അബ്ദുല്ലാവുടെ പൊൽ
വരാൽ ആണവരാം
ആനേപിൻറാവി വിരുത്തിടയ് എറ്റംകഫനം
കടന്തിട്ട അറുശേറിയ
ആനന്ദദൂതർ സലാസ് അസ്‌ലാമയ് എടുത്ത്
വിളിത്താരോ
ചേനക്ക് അതികോപവും ശ്ശുരിതം
മെത്തെ മുഹാജിരിയായ മിസ്അബു്-
ജേഹത്തൻ എങ്കയാം ലബ്ബയ്ക്ക
എനയ് ഇതായാ റസൂലല്ലാവേ-
ഊനംവരപാൽ മട്ടംപൊൻമണിയാൽ
കരുചിന്തിയെഴുന്തിനെ ചങ്കാൽ
ഒണ്ടാംകൊടി ഇൗണ്ടവരിൽ തിരുവായരുൾ
മുന്നണിനിപ്പാനേ-
മാനത്തരുൾതാഹയെന്നും വിളിചെയ്ത്
അർശിൽപുലി എന്നട് കുറിത്തേ
മാനിത്ത് അഖിയാം അലീ എങ്കയാം
നാൻഇതായാഹബീബുല്ലാവേ-
ഹബ്ബയ് പൊരിത്തിട്ടതു് നല്ലൊരു ലഹളിട
ഹിസ്സായ് പൂത്തെ കരത്താൽ
കാർരണ്ടാംവാണി അത്താലല്ല കൌസജ്
പോൽ പിടിചെയ്താനെ-
ല്ലബ്ബാൽഎന്നും ദൂതർ വിളിത്ത് അടൽസൽ-
സൽവരുത്തിട്ടും ഖസ്റജിയായെ

കോപപുലി സഅ്ദ് എവിടേ ഇതനാൻ
തരുളർ സഫിയ്യുല്ലാവേ-
ത്'ബ്ബും ഫലിയാതുളമച്ചിയാം
മേശമുതുതടകി പെരുവിത്തേ
തിരുകയ്യാൽ സാലിസ്സ് സത്തിഅവക്ക്
കൊട്ടത്ത് പിടിത്താനേ-
ളബ്ബുംളബിശിത്തരുഅ്ളമുംദാർമതില്ലും
സികിതം വചനിത്തേ
ളമീനായ നബി സഹബാക്കളിൽ
അരുളിടയ് അണികൾ ഉറപ്പാനേ.

## ഇശൽ—രണ്ടാംതുതി

ഉറപ്പിപ്പാൻ അരുൾകേട്ട് സഹാബാക്കൾ നിലത്തെ
ഉശർമയുൾകൊടികളും അണികളിൽ പിടിത്തെ
മറുവലർ വഴികൊള്ളേ ഉടൽ നേരായ് നിറുത്തേ
മനംമുന്തി അരികർകൾ സബ്'ത്തിർപോൽ കരുത്തേ
പിറതിക്കായി മുഖം മുന്നിട്ട് അള്ള്ഹു ബദ്ഃത്ത
പേശ്ശുന്നാർ ഇബ്നുഇസ്ഹാഖ് അടൽസഫങ്ങ്റത്തെ
ത്തിറമുറെ സമയത്തിൽ മതിയിനയ് അളയ്ത്തേ
തിരുനബി ഇകൽസഫിൻറിട നടന്ത് എതിത്തെ
നടക്കുമ്പോൾ ഖിദ്ഹാലുൾ ഖളീബൊണ്ടുണ്ട്യദിക്കയ്
നയന്തുടൻ സവാവാക്കുന്ന് അതിനാലെ തട്ടക്കയ്
അടിനില ചുമടിലെ അഖബ്ഒപ്പം വരിക്കയ്
ആവാനും വളവും കോണൻ അണയാതെണ്ടുരക്കയ്
വടികൊണ്ട് ഖഫീഫാലെ അലമില്ലാതടിക്കയ്
വള്ളൽ ഇപ്പടിക്കിടനടക്കുമ്പാൾ നളർക്കയ്

ഇടയിന്ന് സവാദെണ്ടെ അസ്ഹാബി നിലക്കയ്
ഇരുപദം ഉടൽഅല്ലം തഖത്തമായ് തരിക്കയ്
തരിത്തുടൻ സവാദിൻെറ ബത്തനമ്മൽഖളീബാൽ
തരുറംകയ്യാൽ ഒരുകുത്ത് കൊട്ടത്തപ്പുറം ഖുറ്ബാൽ
ഒരുപോലെ നിറുത്തി പിൻസവാദോട്ട ഖിത്താബാ
ഉമ്പർസഫത്ത്പോൽ പോർഅണിവേണം അഖബാ
പൊരുറം അടൽകള് അണിസഫൊത്തിട്ടില്ലുണ്ട് സവാബാ
പോരിശ ഫവാഇദാത്ത് അസുറാറും വത്തുബാ
ഉരത്താർയാസവാദ്ഇഅ്ലം അതുക്കവർ ജവാബാ
ഉളംതന്നിൽ മുറാദൊണ്ടാൽ ഉരയ്മൌലൽ ഉറുബാ.

## ഇശൽ—കൊള്ളാനബി

ഉരത്ത്യാ മൌലൽഉറുബാ—ഉശിർ എങ്കുറംയാഹബീബാ
ഉദിമങ്കുംതാബതാബ—യാ റസൂലുല്ലാ
പെരിയോൻ ഉമയ് ഇറക്കയ്—പേത്തും ജിൻഇൻസ്
ഇടക്കയ്
പിരിസം റസൂലതാക്കയ്—യാസഫിയ്യല്ലാ
വരിശയ് റഹ്മത്തിന്അല്ലാ—ബഅസാക്കിയുള്ളതല്ലാതു്
വരുത്തപ്പെട്ടത്താൻ അല്ല—യാനബിയ്യല്ലാ
തിരിത്തപ്പുറം ദൂതർ ചൊന്നാർ—സവാദെ നീ ചൊന്നതു്
(എന്നാ
താഹാവെ തങ്കുറം എന്നാ—സഫ്ഫതിൽ സബ്ഖാൽ
ഖദ താഹാ ഉങ്കളെത്തി—ഖിദ്ദഹാലെ ഒണ്ടകുത്തി
ഖവായത്ത് കൈമശത്തിൽ—ആകും എങ്കിലുമേ
ഉദരം വല്ലാവരുത്തം—ഉളവായ് അതു് നിമിത്തം
ഉളംനാൻ അതു് പൊരുത്തം—ആക്കിടാ നബിയേ

വിതം എൻകൊതി ഉമൈതാൻ—വിന്തത്തളിംനൊത്ത
വീകംബത്തുന്നമ്മൽകുത്താൻ—ആകും കൺമണിയേ
ചിതമുറേറ വായലർന്ത്-സിദ്ഖാകും നീ മൊഴിന്ത്
ചെയ്യോ സവാദെവന്ത്-ഉൻതനയ് കൊതിപോൽ
കൊതിയെല്ലാം തീക്കും മുത്തേ-കുടവേലകൈപിടിത്തേ
കോൽഇങ്കെ താരും മുത്തേ-ഈന്തിടയ് നബിതാൻ
മതിവേറവുരുവായി ചേത്തേ-മനയ്പൂക്ക് താലോലിത്തേ
മാഹിയേനീർചടത്തേ-ളാഹിറാക്കിട്ടവീർ
അതിനാൽ അരികർക്കെല്ലാം-അരിശം സവാദിൽ ദില്ലാൽ
അണിവിട്ട് അനക്കം വല്ലാ-ആക്കും അപ്പൊളുതിൽ
ഉദിപ്പിൽ നിളൽകാം അറെറ-ഉടലിൽ അണയപ്പെട്ടേ
ഉശർമ്മപുന്നാരചട്ടയ്-കേററിടയ് നയ്നാർ

## ഇശൽ—തൊങ്കൽ

നയ്നാർ നബിതാഹാ ഖമീസയ്കേററീ
നവിണ്ട് സവാദോട്ട് ഇങ്ക് അട്ടത്തോതീററി
അയ്നാൽ തിരു ബതചൻ അയത്ത് നോക്കീ
അട്ടത്ത് പൊളിഞ്ഞാശാമിളിളക്കീ
മയ്മാൻമഹാ ജൂആൽമലർകഞ്ചത്ത
മധുപൂരണം കണ്ടെ പടിക്ക് അട്ടത്ത
കൈനൽ എതമാക്കി ഖിദ്ഹും ചാട്ടി
കതിരൻ മശങ്കും മെയ്പിടിത്ത് പൂട്ടീ
പൊരുളാൽ ബത്ത്നോട്ട മുഖത്തെ ചേത്തി
പൊളിയും കടൽ ഇശ്ഖാൽ അന്നത്ത്മൊത്തി
അരിപുവ്വ് അലർന്തെതേൻ അരുന്തുംപോലെ
അളുതും മണത്തും ശൌഖ് ഒഴിയാഹാലേ

കരുവാം കമറും നൂറും പുറത്ത് ചിന്തി
കാന്തം കലർന്തോം വാനട്ടക്കൽ പൊന്തി
കരുണർനബീ അവർമുറാദയ് വീട്ടാൻ
കരുതി തുറന്തതാം ഖമീസയ് ചുട്ടാൻ
സെരന്നാനബി പെരുമണത്തെ ചൊല്ലാൻ
സുവനത്തിലും മററും ഉകം ഒണ്ടില്ല
മിരളിസവാദിന്റെ മുറാദ്ദതീതെത്ത
മിസ്ക്ക്അക്കടിന്ന് തലവലിത്തേ
പരിശിൽ അവർ ഉടൽമുഖം ലങ്കുന്നേ
പെരുമാമണം തടിശിരം വീശുന്നേ
തരുളക്കടം മിസ്ക്കിൽവരിശം അല്ലാ
തലവെത്ത് എട്ടക്കുലം വരാഇൗഒൽപ്പാ
ഒൽപ്ഒണ്ട് അന്നയാതോർ നബിമൊളിന്താർ
ഉള്ളെ ഖിസാസ് നീയെട്ടക്കാടെത്തന്താം
കെല്ലാൽ ഇറയ് യൗമുൽഹിസാബ്ബ് തന്നിൽ
കേമിത്തെട്ടപ്പാനും ഇതംഉണ്ടെന്നിൽ
പുൽപ്പം പുകറും പെററനബിയോടപ്പോറും
പൊട്ടിക്കരഞ്ഞവർ ഉരത്താർ ഇപ്പോൽ
എല്ലംഎനയ് വെത്തേമുറാദാൽ തങ്കറും
അംിമതിരുമണം മുശിത്തോളങ്കറും
ഉങ്കറുതമയ് മേചിൽ മുറാദ്രണ്ടേ
ഉള്ളിൽ അമത്ത് ഇശ്ഖാൽ നടപ്പോനെണ്ട
തങ്കത്തടിച്ചുട്ടയ് പുറത്ത് കാന്തം
തരുണീനരന്തരം വീശിട്ടന്നോനീതം
പൊങ്കും മരുവിന്റെ സുറൂറയ്കൊണ്ട്
പൊളിന്ത് കടൽ ഇശ്ഖായ് മനമേഒണ്ട്

തിങ്കാംബദൻ തുറന്ത് അണന്ത് മൊത്താൻ
തീററിക്കൊതി ഇഃപ്പാം അടങ്കാമൽതൻ
അടക്കുൽ അടങ്കാതെ തരത്തിൽ എത്തി
അപ്പോം ഉമൈഎന്നാഖിട്ട് ഹാൽകുത്തി-
ഉടൻ അസ്സബബ് ഞാൻ പിടിത്ത് കേറി
ഉള്ളിൽ കൊതിതീരും വരക്കും തേറി
തുടരെക്കൊതിസാനിതവനൻ ഒൽപ്പാ
തൊലിയും എനയ്ജിൽദും ഇടകം ചേപ്പാൻ
തൊട്ടത്ത് കമൽഇശ്ഖാൽ തുനിന്ത് കൂടി
തുറപ്പിത്ത് ഉമൈഖമീസ് അത്പോൽവീടി
വീടി ഒരുമുത്തം സ്വർക്കാവഴ്യാ-
വീട്ടം കണക്ക്നാം അദാബിന്നൊയ്യാം
കൂട്ടംരുസൽകളെ ഗദൻവിറംവോരേ
ഖുദ്ദസാം ഹള്റത്തിൽ ഖദംബൈദത്താരേ
ഉൗട്ടം ഫലം അന്തം തിരിയാതോനായ്
ഒരുവൻ ഉമയ്കൂട്ടത്ത് ഇതാനിപ്പോനായ്
തേട്ടം ഫിദാകാഎൻതടിജീവിനാ-
തേറിക്കരുതി ഞാൻ ഒരുക്കിയോനാം
ഒരുക്കി അവശ്ക്കാവിട്ടഎനയ് റൂഹിനാ
ഉമയ്ക്കായ് അഴിക്കുവൻ പെരിയോനാണ
കുരുട്ടറവൻ ഞാൻയാ ശഫീഅൽവറാ
ഖുറൈശോർ ഇടക്ക്വന്ത് ഇതാഹാളിറാം
ഉരത്താർ അവർ ഹത്താലഹ്ഹതറൂമാ
ഓളംനബിഅപ്പാം ഫത്തബസ്സമാ
പെരികെസവാദിന്ന് ഖൈറ്കൊണ്ടേ
ഫിരിശത്തിനാൽ കോളനി ഇരന്താർ അന്നെ

## ഇശൽ—ചെമ്പക നടുമടക്ക്

അണ്ടപുനറാവി ഉരയ്കെണ്ടർ നബിയാരെ
ഹൗളിണ്ട് ജലംമുക്കവതിനായ്
അന്തഖൂറൈശോർ ചിലരും മുന്തിടൈഹകീമുമേ
ചുകന്തൊനെടിലേറിനടുവായ്
കണ്ടുനബിക്രുറിഹകീം എണ്ടി ഒരുപേർ സലിലം
നണ്ടുകിൽ കലക്കവതിനായ്
ഖാത്തിമരെന്നേകൽ പടികാത്ത് കളമാമുതനയ്
പാത്ത് സഹബാക്കൾം നിലയായ്
ഇടരറാവി മൊളികയ് കുഫിർനടുവതിയിന്ന് ഒരു പൊരു
ടൻ കടുവപരിശിളകിഖറജായ്
ഇരുവരിതൻ ഇടയിൽ അവൻവരവായുരയ് കുഫിർ
കുളാട്ടം അരികരെന്നീർ അറിവിൽ സുറുജായ്
കൊടുമ്പിലമിൽ അഹ്മദുടെതടം ഹൗളിന്ന്യെനയ്
പയസ്സ് കുടിയാത് അമിവരുകറജ് ആയ്
കുടിത്തില്ലാ പൊളിക്കും ഹൗളിടിത്തില്ലാ തടിജീവയ്
മുടിത്തല്ലാത് ഇലൈഅശനായ്
കണ്ടിടുവീൻ സത്തിയമേ ഉണ്ടിടുകാനാൻ അശനം
ഇണ്ട് മഹ് മൂദ് അരികരാം
കല്പന ക്രുടാത്തഹമികെല്പ് അവരെഹൗളതിയിന്ന്
അല്പം കുടിയാതെശികറാം
തൊണ്ടകൊട്ടനാൻഉരയ്വതെണ്ടി ഇവചെയ്കയിലയ്
എന്നട്ട് നിനക്കണ്ടജനരാം
ദശ്ക്കംഹ്ഹബുലൽഅഅ്ലാഹഖ്തനയാണ
ഒരുശക്കും ഇലൈവേണ്ടഉശിരാം

ഉടനെ അവൻ മുഖംതിരിക്കയ് വടിവർ നബിസഹബു
കററള കട്ടകനവെ വിളിചെയ്തരയായ്
ഉമൈകള്ളടെകുളം അതിയിന്നു് അമർഒഴികെ മഹബില
മിൽ അമുദം ശ്രുർബിട്ടം എൻശരിയായ്
തടിയയ് കൊതിഇലയാത് അവർതടയുവതിൻ ഒരുറജൽ
കററം ചൊടി ഉടയോർ വരുവിൻളഹ്റായ്
തരംതഞ്ചം ഇവ ചെഞ്ചൽ ഉരം മൊഞ്ചും അവൻ കൊഞ്ചി
പുറംനെഞ്ചും പരത്തി അണവായ്

## ഇശൽ—നാലാം തുതി

ആനെപോത് അസദ്ദൽ ഇലാഹ് അരിഹംസ
ചാടി അട്ടത്തുടൻ
ആരടാ ശ്രുജാഅത്തുരത്ത് എമയ് ഹൗളിൽനിണ്ട്
കുടിപ്പവൻ
ഞാനമുററ നബിയ്യുനാ അമർ എണ്ടിഹൗളൊട്ട്
അട്ടപ്പതാർ
ഞാൻ ഇരിക്കവെജിന്നും ഇൻസിലും നാങ്ദിക്കിലും
ഇല്ലപേർ
താനമുറെറാരുവമ്പനണ്ടോ ബൽകണ്ടിടട്ടെ കുടിപ്പതായ്
തഞ്ചെമുറെറഹരിൻെറ വാക്കിൽ ജബാബുരത്തരി
ശിപ്പതായ്
ആനനം ദരിശിക്കിൽ ജിൻമനു അഞ്ചൽ പെട്ടിട്ടം
അസ്യദാം
അസുവദെണ്ടൊരുനാമം ഒട്ടം അമാ അലിംതശ്ശുഹ്ഹറതാം
അററം എത്തി ഉനയ്ക്ക ഉമ്ർനവൽഉററു നീ
അറൽശാരിബോർ

ആരത്തെണ്ട്ട് നീ വിണ്ടതുക്ക് അമിയുണ്ട് കണ്ടുകൊാം
ഖാരിബായ്
ഉററ് ഹൗളൊട്ട് അട്ടത്തവൻ ഉടൻഹംസ റൗശമിൽ
വെട്ടിയേ
ഊക്കൻ വെത്തലിൽ തട്ടിംണ്ടരും ഊട്ടരം തൊയീൽ കാ
ട്ടിയേ
തുററത്തായ് പതിനെട്ട വേലുകാം ദുഷ്ടനിക്കണെവുണ്ട് കോം
തുഞ്ചിമൊഞ്ചിനിൽ വെട്ട് കുത്തൊട്ട് ചോട്ട് നീട്ടവൻ
ചെയ്യും ഃകാം
ഒററവാളത് കൊണ്ടു ചിങ്കരും ഒക്കെ ആശ്ശുതട്ടപ്പളും
ഒട്ടും വിട്ടിടവെട്ടലും ദയർ ഒണ്ടുപോലെയെതിപ്പത്തായ്

## ഇശൽ—പുതിയചേൽ–മോഹനം

ഏതിന്തടൻ കൊട്ട കൊട്ടമയിലെ അവർ ഇരുവരും
പൊരുതാനേ
ഹരഹര–ഏകത്തിനാൽ ഇറയ് പുലി അവനൊട്ട്
കടുകുറയാതെ നിലയാനേ
നിലക്കലൊൽ അവർ–തിരക്കലൊൽ അവൻ–ഒഴിക്കലൊയ്
ഖിലഫ് അകത്തിലേനടയ്
ഇരുവരി സഫിനിടനടുവിലെവരവയ് ചമർ ചൊടിയായ്
കുരുടൻ അസുവദ്ദടെ ഇരിനവകളുകൻകളും മുറിയായ്
മദത്തിൽ ഹംസതാൻ അസുവദിലെ ഒരു സുത്തുലദ്ദ മൊളി
യാനേ–
അറിയെട–മഹത്തവുപകബല്ല ഇസ്ലാമിൽ അധികം
ചെയ്യവൻ നീനെ

നിനക്ക ഉന്താനിൽ_അതുക്കടൻ ബദൽ_എട്ടപ്പോൻ
ശൈത്താനും കുടിത്തൊ അമ്പസയ്
മതിഇവപേശിവെട്ടീ അവന്റെ ഇരുചുമൽ ഇടയിൽ
പാറീ
മശ്ഹൂർ ശുജാഅത്തുള്ളോൻ അസുവദ് വീണങ്കിരു
പൊളിയായ്
ബദക്ക് ഇറന്തുളകുഫിർകളിലെ മുതൽ കുലപ്പെട്ടയ്
ഇവൻതാനേ
പുലെപുവി_ബരത്തിലും മഹിപതികളിലേ ഭയമുടെ
അടൽജിഹൻ ആനെ
ജിഹൻ വില്ലന്തതയ്_കനിന്തുടൻ ഖുറൈശ്_അടങ്കലും
തടിനെട്ടങ്കിനിണ്ടപോയ
വൻസിംഹം ഹംസ അപ്പോൾ മടങ്കിടയ് സഫിൽ
അണന്ത്നിപ്പാർ
വളരെ കൊട്ടമപ്പെട്ട കുലകണ്ടകാളരിന്ന് ഇറങ്കിടലായ്
നിതത്തിനാൽ ഇരുവരി നടവെവരയ് ഉത്ത്ബത്തും
മകനാഃന
വലീദമേ_നിലക്കലൊതവെ ഉത്ത്ബത്തുടെ അഖി
ശൈബത്തും അണവാനേ
അണന്ത്മൂണ്ടരും_വണങ്കൽഅൻസാബിൽ_ഇണങ്കി
നിണ്ടവർ കണങ്കറുംതുമ്പിപോൽ
നിലനിണ്ടതോളർകളാവിളിത്തുരയ് മഹ്മൂദിൻ
സഹബർകളേ
നിറവ്പെററാർ ഒരുപേർനമുക്ക് ഇണവാരുവീൻ
എണ്ടരയായ്

## ഇശൽ--പുകഠംന്തിടുന്നു-ഇടചാട്ട്

ഉരകേട്ടതാൽ തോളർ ഇന്നു തന്നിന്ന് വേഗം
ഉളരിമൂണ്ടാഠം അൻസാരികഠം റജൽകഠം
അവർകഠം-ഉചിതമെന്നവർവനം അകത്തുളെ
പുലികഠംക്കൊത്തവരാം
അരികരാം മുഅവ്വുബ്നുഹാരിസും അഖിയാം
ഔഫും അബ്ദുല്ലാഹ് ബ്നുറവാഹത്ത്
ഒരുമിത്ത്-അവർകഠം ഒപ്പരം ദയമെസഫിട
ക്ഷണം വെളിപ്പെടലായ്
ഇരണക്കാഫിർമൂണ്ടും അവരിൽ ചോദിത്തുങ്കഠം
എവരാമെണ്ടും ജവാബരയ് അൻസാർകഠം
എങ്കഠം-എനതരിത്തതിൽകൊടിയെ
മത്തിരരുര വിരുത്തിടലായി
വരികൊള്ളുവേ ഉങ്കഠം ഉടൽഉയിർകഠംക്കൊണ്ടും
വരാതെ ഇപ്പഠംവേഗം മടങ്കികൊഠംവിൻ
നമതിൽ-വളർതരത്തിനാൽ ഒരു വിധത്തിലും
കുഫ്വതൊത്തിടനീർ
നിറന്തെ മക്കംതന്നിന്ന് എമയ് കൂട്ടരാംമുന്നേ
നബിയെണ്ടുറെറാ അഹമദ് അവൻെറ ഒപ്പം
ഈമാൻ-നില ഉറത്തതാൽ അവിടെ
വെത്തിടാപുരി കടത്തിലായ്
കറന്തവർകഠം ഉശന്തിരന്ത്വന്തും ഇപ്പഠം
കുവലായി മദീനത്തിൽ പൊറുപ്പവരാം
മനമിൽ-കുതറിനിക്കവർനമിൽ എതിക്കുവാൻ
അത് കഴിക്കണമേ

ചിറന്തെങ്കളോടിന്ന് കുഫ്‌വൊത്തോർകൾ
അവരാം ചിറത്തിപ്പോതിൽ ഇങ്കെവരട്ടെ ഹുബ്ബുല്വൽ
അഅ്‌ലാ—ശിവനാം ഹഖിനാൽ സകലം
ഇക്കറി ഉയിർവിടുക്കമെനോം
അറന്തസ്‌പോൽ അൻസാരികൾ സലാസും
അപ്പൾ അണിക്കൊള്ളവേറജഉൗ ഉടൻ കാഫിർകൾ
വിളിയായ്—അരശ് വെമ്മെയും കൊതിമികും
മനമുടെ മുഹമ്മദേകേൾ

## ഇശൽ—നാമൂസുൽഅഅ്‌ളം-നടുമുറക്കം

കേളുനീ സൂദദയ് വേണ്ടുകമനം വൈത്തവൻ
എങ്കിൽക്ഷണം
കേമിത്ത് അഖ്‌രിജ് ഇലൈനാ ഇപ്പൾ പൊ-
രുതുവതുക്ക് രണം
വാളും മഅക്ക ഉമ്മുൽഖുറാവിന്ന് വന്തവരാകിടണം
വങ്ക്ശം എങ്കളിൽ നീ ഒരുത്തൻ ഭവിത്ത്
എടുത്തുള്ളെ ഗുണം

കെൺടൺ ഉണ്ടാംഹുബ്ൽ ഇറയ്‌യെണ്ടി ഒണ്ടാം അവൻ നിലയെണ്ടും പണ്ടും ഉള്ളവനാകും എണ്ടും കീള് ഇപ്പുവിമേൽ പുഷ്ക്കരം ആകെച്ചുമയ് വായ് വൈത്തവൻ ദീനററുരയ് വാൻവിട്ടെറസൂൽ ഞാനെണ്ടും പണ്ടും പണ്ടെ കാരുണർ നിണ്ടുംകൊണ്ടേ മാറ്റ്മത് ഒണ്ടും വേണ്ടാ ഇമ്പഴിസാരം എണ്ടുംപാരം മൊളിന്ത് ഇവയാൽഅഹ്ൽ കളെ പാടുമറിത്ത് കൊണ്ടും.

കോള് നിൻവാക്കകൾ അവ്വൽവേന്തൻ
ഖുവൈലിദുവീണ്ടെടുത്തേ

കോൽമണിനായകിയാറം ഖദീജ
നിൻ സൗജത്ത് സമ്മതിത്തേ
ആറം അവറംക്കളെള്ള കുടകൊടുത്തും
അഹ്ൽ ചിലരെ പിടിത്തേ
ആട്ടംപശക്കം എന്ന ആണത്തം നിന്നിൽ
ആടി പരക്കെ ഉത്തേ
കൊണ്ടും വിണ്ടുറം മുറയിലേ കൊണ്ടടർ ഒണ്ടും
തിരിയുക നിണ്ടും രണ്ടായ് മദമത് വന്താനെല്ലോ ക്രൂററവ്
അബുതായ് അമ്മുകറം ഖാൽമററ് ഇഖ്വാൻ തമ്മളിൽ
പോരുററ ഇവഹാൽ നമ്മളിൽ ആക്കിയല്ലോകണ്ടാൽ
തെണ്ടും ഇരിപുറം ചണ്ടായെണ്ടും ഇവകളെവേണ്ടാകിണ്ടം
സബ്ബും ഉളത് ഉന്നാലല്ലോ കലകത്തുക്ക് ഇപ്പാറം
വഴ്യില്ല മാററുവാൻ ഖർരിജ് മുഹാജിർകളാ

## ഇശൽ—ആകുവാൻദ്ദആരിപ്പിൽ

മുഹാജിറണ്ടെവാക്ക് കേട്ട് മുന്തിമുണ്ട് സംഹിരാം
മുന്നിലെ ഉബൈദത്തും പിൻഹംസയും വ ഹൈദറാ
ജിഹാബിഹത്തർരണ്ട സഫിദക്കചെണ്ട് ഹാളിറാം
ചീർമദം തരിത്ത്കൊണ്ട് ചോദി അന്തെകാഫിറാം
മഹാബിലത്തം ഉററെ അബ്ബ് താലിൻകളെ ഇറാഇറാം
മസൽ അട്ടത്തെ ഉങ്കളാരതുക്ക് എമയ് മുഹാജിറാം
ഇത്തനത്ത് ആക്കിടണ്ടനീർ അറിയുമല്ലൊ
അക്സറാം
എങ്കളുങ്കളും പിറന്തോരാകും ഫീഉമ്മിൽഖുറാ
ക്രൂറി അപ്പാറം കാഫിർകറം എമയ്ക്ക് ഉമൈ
ബറാബറാം

കഫ്വ് അതൊത്ത നമ്മുടെ കുടുംബമാംപകയരാം
ചീറിങ്ങക് അടുത്തവർകാം തമ്മിൽ ഏറ്റവു സങ്കിറാം
ചിപ്പം തീൻവകുപ്പതായ് എതിർത്തുളം തഹയ്യുറാം
തേറിപോർ ഉബൈദത്താർ ഉത്ത് ബത്താടും ദൗസറാം
ധീരർഹംസശൈബത്താടും പിൻ ഹിജാബിൻ
മള്ഹറാം
ഏറതാം അലീവലീദിലും തുടർന്ത് ഹർറാം
ഇരണമിൻ ശദീദ്കൊണ്ടു ഇരുപുറം തഹയ്യുറാം

## ഇശൽ—പൊരുതിട—നടചാട്ട്.

### കുടക്കിമുറുക്കം

ഇരുപുറം തഹയ്യുറിനാൽ നിലക്കവേ
ഇകൽഹംസശൈബത്തുമായ് തിരിക്കവേ
ഉരം അരിശരി ഹംസതാൻ അടുക്കവേ
ഒരു വെട്ടുകൊടയ് ഉടനെതടുക്കവേ
ഈറമുററിക്കുടെ ശൈബത്ത് ഏകകത്ത് താൻഒഴിത്ത്
തേറിഹംസപാടെ കാംകത്താൽ അടിത്തിട്ടോൻ തടുത്ത്
തടവൊട്ട് നീട്ടും—അടവൊടുചാട്ടം
തടമിടഅടൽ കൊടുതുടർവിനകടുകട
തടിപെടും വിനപലെപാടും എത്തിരേ ചോടുരത്തൊായി
കരിശണമാൽ
പൊരും എരിപൊരിന്ത് എളുന്തായുധത്തിനിൽ
പുവികിളിരവെ പൊടിവാർ ഉരത്തിനിൽ
മരുതവൻ ചുശലിപോൽ പൊങ്കി കളത്തിനിൽ
മഹചുടർ കതിര്മറയ് പൂരണത്തിനിൽ

പോർ ഉരമ്പൽ കോംക്കിൽ അപ്പ്് കോൻതിരക്കോം
നാണ്ട് മട്ടിൽ
പാർവയക്ക്് പേതം അാറപോതിൽ ഹംസചാടി വെട്ടി
വെട്ടത് കഫ്റിൽ— തട്ടിടെ ചുമലിൽ
വിളയ് ഇരുപൊളിയതായ് പിളരവെ ഉടൻ അവർ
വികൃതമേ പരികളിതാളം അച്ചുമട്ട് ആടി
അക്കളമിലെ നിലയായ്
നിലപുലിഅലിവലീ ദാട്ട് ഉരപ്പട-
നിനഭയപ്പെട്ടും അത്പാക്കിൽ ഒപ്പിട-
കലകമിൽ ഉടൽദ്ദൃഷ്ടിയേർകാം പാപ്പെട്ടൽ
ഖൗഫായി കുതിത്ത് ഒളിപോരനിപ്പിടാൻ
നേരെ വെട്ടിൽ ചോടെകുത്തികൂടെ തട്ടിചാടി വെട്ടും
ചേരെയെത്തി ചോടിൽനീട്ടി ~~ചാക്ക~~ത്താഴിത്തും ഓരേക്കൂട്ടം
കൂട്ടമേരദീദാ—കാട്ടലിൽ വലീദാ
കൊട്ടമയിൽ അലി ഒരുളർബവൻശിരമിദല
കൊണ്ടുടൽ പിളർന്ത് വിളുന്തപോത് അലിതാമും
ഹംസതൻ അരുകണവായ്
കലകലകലമ്പുന്നപ്പോം ഉബയ്ദത്തും
കടുകവേപൊട്ടത്തണമെന്ന് ഉത്ത്ബത്തും
മലപലം കലുങ്കിലും തായമേകുത്തും
മഹചമടടി കുതിരാകളും ചുത്തും
കാരമുററിട്ടോൻ ഉത്ബത്ത് ഏകവെട്ടകാൽ തുടക്കയ്-
ഊരതററ് പൂതലത്തിൽ വീണുബൈദത്തോർ കിടക്കയ്-
കിടയിലെ അലിയും കടുഹംസപുലിയും
കിറന്തട്ടത്ത് ഉത്ത്ബത്തെ കുലത്തുടൻ
ഉബൈദത്തെ

കിടപ്പിന്നങ്ക് അടിവാരി കൊണ്ടെടുത്ത്
അവർചെണ്ട് അടുത്ത് അണിനടുപുകിന്താർ

## ഇശൽ—തൊങ്കൽ

പുകിന്താർ ഇരുപേരും അതിശണത്തിൽ
പുകഴും ഹബീബുല്ലാതിരുമുമ്പെത്തി
ചുകന്തെ ഉബൈദത്തേ എടുത്തത് അമ്മാം
ചൊരിന്ത് വരും വഴിക്ക് ഒഴുകൈ ദമ്മാ
നികരററവർയാസീൻ ഹബീബുല്ലാൻെറ
നേശതിരുമുമ്പിൽ കിടത്തികൊണ്ടേ
ഉകന്തെനബിയുല്ലാട്ട് അവർ ചൊല്ലവേ
ഉടയോൻ പുകഠന്തിട്ടേ റസൂലുല്ലാവേ
വെഞ്ചക്കളം വിട്ടുപിരിന്തോൻ നാനേ
വെളിചേർശഹീദാമോ അനപൊൻമോനേ
പൊൻചെമ്പകപ്പൂ ചുണ്ടനക്കി ഉമ്മി
പോററി ഹുസുനാൽ ഉററുയബ്ബ്നഅമ്മീ
ചെഞ്ചൽ ഫള്ലുററശഹീദാകം നീ
ചെവിത്ത് ഉബൈദത്തോർ ശിഅ്ർ ഒണ്ടുന്നീ
ഫഇൻയഖ്ത്ത ഊരിജ്ലീഫ ഇന്നീയ മുസ്ലിമുൻ
വഅറ്ജുബിഹീ ഐശൻമിനല്ലാഹി ആലിയാ
ഫഅൽബസനിയർ റഹ്മാനുമിൻ ഫള്ലിമന്നിഹീ
ലിബാസൻ മിനൽഇസ്‌ലാമിഗത്തൽ മസാവിയാ
നെഞ്ചിൽകറ അറേറാർ ഫള്റത്തിന്ന്
നിറവായ് അവരപ്പോഠം ശഹീദായന്ന്
അന്ന് നബിമഹാ മിളി ഒഴക്കയ്
അള്ളതാർ ഇഖ്‌വാൻ അമ്മ് അരികോർ ഒക്കയ്

മന്നിൽസഫ്റായിൽ മറയ്ത്തവരാ-
മക്ജ അദദാം അന്നവക്ക് ഉമറാ-
മന്നാൻറിളാ ഉണ്ടാകിടട്ടെ അൻഹു
മമദയ്നകാം വീട്ടാൻ നഫീസിവാഹു
ഇന്നാൾം ഒരുവനെ അവരെ ഹബാൽ
ഉഖ്ളീശണം എൻെറ ദൃയ്യൂൻ അതൊക്കാ
ഒക്കാളത്ത് ബത്തെ കൊലകൊന്നതും
ഉബൈദത്തവരെ കൊണ്ടുടൻ പോന്നതും
മിക്കാകനിന്തബ്ബുൽഹകം സഅബത്തായ്
മേലാം സൗത്താലെ വിളിത്തുരത്താൻ
തക്കൈമർക്കുള്ള മിർദാസ് ഇല്ല
തരം കണ്ടു ഉമൈനിപ്പത് അജബാം എല്ലാം
നിക്കാതെ നിതീററിപ്പൊരുതിടണം
നികത്തിമുടിത്തിപ്പൾം മടങ്ങാവേണം
വേണം ശുഹ്റത്ത നമുക്കനാളേ
ബഹുമാനവും മക്കാശ്രുജാഓർകളേ
കീന്നാത് അഹ്മദെ പിടിക്കുംമാനം
കിട്ടപ്പെട്ടന്നാർ കെണ്ടറിയാവേണം
നാണാജഹൽ ഉറൈമൊഴിയെകേട്ട്
നരിത്താർ അണിതോളർകളിൽ മുന്നിട്ട്
കോണാകുഫ്ർകൾ സഫിടാതന്നിന്ന്
കുതിത്തിട്ടൊരു പാരിസ് ഇറങ്ങിവന്ന്

**ഇശൽ—പുകിന്താർ ഇരട്ടചാട്ട് മുറുക്കം**

വന്താർ അങ്ക്ഇരിവംനിനട്ടുഃപാർകളത്തിൽ
കോടാകളിത്ത് ബാറിലേ

ബഹ്ഹകേമപ്പൊടിയുടെ കട്ടവെ പരിശൊരു പുരുഷരതാം
ചിന്താരപുകൾഉടയ അത്തീഖ് അവർക്കാമകടവോർ
അനത്തിൽ മുതിയോർ
ജേഹത്തച്ചമർ തൊഴിൽ അധികം മതടവിനബലം ഉടയോർ
കന്താലചുടർ ഇസ്ലാമിൽ കടകം മുന്നംഅവക്ക് അബ്ദുൽ
കഅ്ബത്തെണ്ടിസ്മിനെ സകലർകളെ
വിളിബദർപടനാൾ
രൺതാജ പുലിപുനദീനിൽ ഉറത്തനാളിൽ
മറിത്ത് അബ്ദുർ
റഹ്മാൻ എണ്ടവരിലെ നബികൾക്കധിപതിനബി
ഇടലായ്
ആയോർ ഇന്തിനമിലെതുരകം പടക്കളത്തിൽ പറക്കം
ഒൽപ്പിൽ
ആനന്ദക്കളി ചുമടടിവൻതകൃതികാം അതിവിധമേ
തായപ്പോർ അതിയിലെ ചരമയ്യെല്ലത്തുകാറിൽ
തരിത്ത്മൂപ്പ-
തരമുള്ളോർ നിലയിലെ സഹബോർകളെ വിളിചെയ്തുരമിൽ
ഓയത്താൽ പൊരുതുവാൻ ഉദമിൽ എനിക്കിണ
ആരൊരുത്തർ എങ്കിലും
ഉണ്ടെങ്കിൽ വരുവിരെശണമിൽ പലെമറിയുമേ
മൊളിയായ്
ആയത്താൽ തനൈവളർ മദ്ഹ്ഹം കരുത്ത്വമ്പും
എട്ടത്ത് ക്രൂരവെ
ആദരത്തരുൾ നബിയിലെ ചില ഐമ്പുകളും ഉരയായ്
ഉരകേട്ടപ്പൊളുത് അതി ഗളബാൽ എളന്ത്
സിദ്ദീഖ് ഉളർന്തസമയം

ഓമനതിരുനബി അവരെ കരം പിടിചെയ്തരുളായ്
ഇരുകണ്ണിൻമണി ഉകാ ഉമട്ടഎൻ ഇടത്തിൽ
കാത്തിങ്ക് ഇരിപ്പീൻ എന്നും
ഇപ്പോതിൽ അരിശമതൊഴി വീരെപിന്നം
അവർ മുതീരുവതാൽ
പരൻ ആയത്ത് ഇശികവെ യാഅയ്യുഹല്ലദീനാ
മനസ്സജീബ്യ
പാദംതൊട്ട് ആഖിർലിമായുഹ്യീക്കും തിരുവരുൾ
ഖറഅർറസൂൽ
അരികർകേട്ട അകമിലെ ഭയമാൽ വിളുന്ത് പുവിയിൽ
അമർന്ത് വയ്പ്പെട്ട്
അപ്പോതിൽ സുതർ അവർ ഖുറൈശികൾ
അണികൊളയ് റജ്ഇട്ടവാർ

## ഇശൽ—ഇന്നശെ

വഹ്ദത്ത് അപ്പൂവളപ്പിൽ
ഒരുമകാററടിച്ചുവീശി
സിഫ്റത്ത് ഇശ്ഖകം കളിക്കും
സിംഹരാം സഹബുൽബദ്റിൽ
റഹ്മത്തക്കളിരും പാററീ
രണം അത്തിചോരകട്ടെ
അഹ്റത്ത് കയ്ന്തചേതീ
ആട്ടവാൻ ഇറയ്കാപ്പാമേ

## ഇശൽ—എന്നിൽ ഇക്കൈ

എന്നുകൊണ്ട് കഥവിണ്ട്റാവി അണന്നിണ്ട
ചണ്ടഖുറൈശൊക്കെയും

ഏററമേററം ബഹ്ഉഊററം ഉൗററമിലെ
തീററിതീററിവരവത്തരം
നിണ്ടുകണ്ടരികർ ഒണ്ട്പോലെമനംകൊണ്ട്
ചെണ്ടണി അട്ടപ്പുറം
നേരെ നേരെ അണിഓരെഓരേപുറം
ചേരെചേരെ കലർന്തിട്ടതായ്
അണ്ടുചെണ്ടവരിൽ കണ്ടത്യേറെയുമെപിണ്ടം
യേണ്ടി അയൽ ഇല്ലവേ
അത്തരത്തെകനിവുത്ത്മത്തിരർ കുളിത്ത് ചിത്തം
അടർകൊള്ളവേ
വിണ്ടിൽനിണ്ടിരനയണ്ടപുണ്ടരി ഉകണ്ടമണ്ടതന്നിൽ
തത്തയ്പോൽ
വിട്ടർവെട്ട് അടികൾ തട്ടിവിട്ട് ഉമലിൽപററി
ചുററിവിററചെയ്യതായ്
എത്തിവെത്തലിലെകൊത്ത് കുത്തുകൾതട്ടത്ത്
അട്ടത്ത് ഉടൽപിടിത്തതായ്
ഏശിവീശിതലമാശികാശിൽവിളുന്ത്അ
ശ്രുപോശർ എളുന്തീടലും
തത്തിഹസ്തമിനാൽ പിത്തർമസ്തമിൽ അടിത്ത്
ഉരുട്ടിടവെ നിപ്പതിൽ
തള്ളിയിട്ടു ചിലർ കള്ളദുഷ്ടരൊട്ട് കൊള്ളയിട്ടു പരിവാളും
ചുത്തിമാറി പലെവിദ്യചോട്ടുകളിൽ മുത്ത്തോളർ
നിലകാഫിറിൽ

ചോടെവാരിപരിക്കുടെചർറചതുർപാട്ടംകാരും
ബിനതട്ടയും
കത്തിവാൾപരിയിത്തിൽ ആയവർമരുത്ത്
തീററിടവേ ചോരരിൽ
കാരംകോരമിലെ പാരംദ്ദൂരെനിലവോരും
ചേരെ അടൽശിദ്ദത്താൽ

## ഇശൽ—കൊമ്പ്

അടൽഏററംകട്ടപ്പമായ് എന്നുംറാവി വിളമ്പുന്ന്
അഖ്റബുൽമുഖർറബീൻ റസൂലുല്ലാതാൻ
മെയ്യെ—ആരംബതിരു ഖൈമക്കകം പുകിന്താർ
തടിയേററം വടിവുററ നബീക്കുടെ അത്തീഖുള്ള
താംഒയ്യെ സഹാബാക്കൾ ഒരുത്തർഇല്ലയ്
മെയ്യെ—സകലോരും ചമർപുക്ക് പൊരുതുന്നോരാം
ചുടരാററൽനബീ അരീശുടെ ബാശൽതന്നിൽനിണ്ടു
ചൂരിതപടകൊള്ളെയെതിർപ്പോരയും
മെയ്യെ—ചൊവ്വോടെ മടങ്കിയും ഇരിന്തിടാമൽ
ഇടക്കു അഅ്ലൽഉലാതങ്കൾ തമൈറബ്ബൊട്ടു ഇരന്തിട്ടം
ഇത്പോലെ പലേവട്ടംഖൈമാ ബാബിൽ
മെയ്യെ—ഇടരാതെവരുവോരും മടങ്കുന്നോരായ്
ആരളത്തിരുതാഹ ദുആ ചെയ്യുന്ന് ഇറയോനെ
ഔൻ എങ്കൾക്ക് വഅ്ദ ചെയ്യുറിവിട്ടത്താനേ
മെയ്യെ—അവനിയിൽ ഹുദാഅദൽ ഇറക്കിട്ടയാനേ
നേരോടെ ഉന്നൈക്കളെല്ലകഹൻ കീഴിൽ നിനക്കായി
നേമങ്ങൾ യെട്ടപ്പോരെ അധികം കാത്ത്
മെയ്യെ—നിറവോറി നസ്റത്തും ചൊരിക്കുകാന

പാരത്താൽ അതിൻമാററം എടുപ്പോരെ അഹ്ലികൻ
പാൽ ഫഖും എന്നും ബാത്തിൽ ബൈനഹുമാ
മെയ്യെ—ഫർരിഖൻ ദഅ്‌വാത്തിൻ മുജീബായോനെ
വീരിതക്കരുസിദ്ദീഖുരത്ത് യാറസൂലല്ലാ-
വിണ്ണേറും പൊലിവർഇത്തരം നഹിത്ത്
മെയ്യെ—വിടുകാതെ ദുആ ചെയ്യുത് ഇത്‌വേണ്ടല്ലോ
ബഹുമാനർ ഇരക്കുന്നെ ഇരവിന്നു ഖലീൽകൊണ്ടു്
വല്ലവൻ ഖബൂല്യ് ചെയ്യിടുവോനല്ലോ
മെയ്യെ—വകസിദ്ദീഖ് ഉരചെവിക്ക് അണയാവൊട്ടം
മഹാസീറാമവാഹിബുല്ലദുന്നിയ്യിൽ റവാറാവി
മണി അബ്ബാസുടെ മയ്‌ന്തർ അവരെതൊട്ട്
മെയ്യെ—മാൻവ്‌ട്ടോർ ഉമർഖത്താബുരയുന്നകോം
ജിഹമുത്ത് സഫിയ്യുല്ലാസഹാബാക്കാം അണിസഫ്
തരിശിത്ത് ഹൈറത്തായ് അരീശകത്തിൽ
മെയ്യെ—ചെണ്ടുടൻഖിബ്‌ലാക്കു് മുഖം ഇട്ടോരായ്
വെഹളിക്കം പവർക്കത്തെ അടക്കുന്നെ ഇരുകയ്യും
വെളികൊള്ളാ ഉയത്തിക്കൊണ്ടു് ഇരക്കുന്നോരായ്
മെയ്യെ—വീട്ടിത്താവഅ്ദാപോൽ പെരിയതാനേ
താനായെപുരാനോട്ട് നബി ഹത്താ ഇരപ്പോരായ്
താവടകയിക്കേറും കടച്ചിൽപാറീ
മെയ്യെ—തങ്കത്തോാംതന്നിൽ പുടപുവിയിൽ വീണാർ
ആനപ്പാം അത്തീഖുല്ലാ അദബാൽ പിൻവഴിചെണ്ടു്
അരുവയ്‌താൻ എടുത്ത്‌താർ പുയത്തിൽ ഇട്ട്
മെയ്യെ—അവർ ഉററാർതരുാംതാസീൻ ഹബീബുല്ലാവേ
കോനായെ റഹ്‌മാനിൽ ഉമൈതേടും ദുആയിന്നു്
കുറാഞ്ഞാണ്ടു്മതി ഇന്തെഖുറൈത്തും മററും

മെയ്യെ—കുലത്തോടെ ഹലാക്കാവാൻ
നഹിപ്പ് എന്തിനാം
കാനത്തുറംപുലി അബ്ബാസുടെ ചെമ്മൽ വിശേഷിച്ചും
ചാലപോർ ബദർനാളിൽ സഹാബാർ എല്ലാം
മെയ്യെ—കായംതൊട്ടവശ്ക്കാവിട്ട ഇകൽ ചെയ്തോരാം.

### ഇശൽ—ദയകീ

ചേർന്തിട്ടരികർകറംവിനാചെയ്യും ശദീദാലേ
ചേടകുഫിർ പിന്താർ പുറപ്പെട്ടള്ള—സമയം
ചെണ്ടകറംതകുണിതമതുചെവിംപടയും
കണ്ടിടയ് കുറെഫൗസുകറം വരയ്ചൊടിയും
ഉണ്ടവർകളിൽ അയിൽ പലെതരം കൊടിയും
ചെമ്മെ ഒരുദ്ദരാ അതിയിൽ ഉണ്ടേ
തേർന്തിങ്കട്ടത്തപ്പറം ശുജാഅത്ത്മശ്ഹൂറാം
തീരൻസുറാഖത്ത്ബുനമാലിക്കാം—അവൻതൻ
തിരുടനാം ജഹലുടെ കരമെപിടിത്ത്
കരിമുഖനൊട്ട് കുരമുഖൻലഈൻഉത്ത്-
പൊരുതലിൽ ഹർബിനനിനവുളമൈവെത്ത്
ചേനയ്കനിന്തണ്ടെപടിതോന്നുന്നോ
ക്രൂർന്തിട്ട ഉമൈപിന്താൻ പുറപ്പെട്ടത് അജബാമേ
കോട്ടംവരാതുങ്കറം ഹസാറാളുണ്ട്—അവർകറം
കുറയയ് സലാസമിഅത്തിൽ അകത്ത്
മറുവലർഉള്ളമേപരികറം ആലാത്ത്
പറവതിൻ ഇല്ലവെ അവരിൽ മട്ടത്ത്
ക്രൂരൽ അപമാനചുരുതിപോമോ
നീർന്ത് നടക്കമോ അതുകണ്ടിട്ട് എനയ്ഫന്ദസും

നീങ്കാംക്ഷ തക്കത്തിന്നണഞ്ഞോരാമേ—അണവും
നിലയില്ലാതു് അഹ്മദെ പിടിക്കാമെ കെണിയിൽ
ചലിയാതെ പൊരുതണം ഉമൈകളും പടയിൽ
കലിയൻതൻഫൈറൂസിനെ കലത്തവർ ഇടയിൽ
നീരും ഖുറൈശെന്നും പെരുപ്പിത്തോരായ്
ആയെ സുറാഖത്ത് എണ്ടവൻ ആമെ ഇബ്‌ലീസ്
ആകെ ഫൈറൂസും പിൻശയാത്തീങ്കളാം—ജഹലിൽ
അകമതിയിലെ ഇരിവരും കശികോത്ത്
അഖ്ദചെയ്തു് അണിയിട നട്നടയ്മത്ത്
ജികമൊട്ട് പടമൊളി പറയുന്നവർ ചേത്ത്
ആശാപിരിശത്തിൽ നടക്കഃന്നരം
നായൻതിരുദൂതർ ഖൈമാബാബതിൽ ബന്തു്
നാശകഥാഹാദാനയന്താർ എല്ലാം—ഉടനെ
നബികളിൽ അധിപതിവരനിൽ സുജൂദിൽ
പുവിതനിൽ വിളകവെ ഇരവതും ഓതി
അബുൽഹസൻ അലിതങ്കാം ഉരക്കന്നു ചേതി
നാന്നും ബദർനാളിൽ അടൽപുക്കതൊയ്
തായ കുഫിർകളിൽ കയത്താട്ടം പടയിന്നു്
താഹാനബിക്കിട്ടെ മടങ്കിവന്തേൻ അപ്പാം
തനിയവനിലെ സുജൂദാലെ കിടക്കയ്
അനിതമേ ദുആവിടകാതെ ഇരക്കയ്
പുന ഒരു ഇസ്മുൽ അളീമതുരക്കയ്
താനയാഹയ്യുയാഖയ്യൂം എണ്ടാനേ
പോയപ്പൊഴുതിൽ നാൻ മറൽപുകിന്തു്എന്നും രണ്ടാം

പോതിൽ എന്നയ് വസന്ത സമയത്തിലും നയ്നാർ
പുകലലിൽ സുജൂദിലെ ക്ഷണമിലെ ദുആയായി
മികശിരം ഉയർത്തിയതു് ഇലവെ ക്രുളൂആയി
ബകകനിന്നുടൻ അടൽപുകിന്തെ നയ്സുർആയി
പോതർ ഇബ്നുഅബ്ബാസ് എന്നും ഓതുന്നാർ.

## ഇശൽ—ഒട്ടം അമ്പാക്കിൻ ഇടമുറക്കം

ഓതിടൈറാവി ഖൈറുൽവറാസുജൂദിൽ
കിടന്നു് ഇരന്തെ ദുആ
ഒണ്ടൻ ഖബൂല്ചെയ്തു അരശായ വിണ്ടർകാ
മൂണ്ടു്പേരയ് ദുആ
ഖാദിർ അരുാമലാഇക്കത്തീ എൻദൂതർ
ഹബീബു ഇരവു്റആ
ഖബിൽത്തുബിഹാ ഇറങ്കുവീൻ മൂണ്ടു്ളബ്സഹ്
ബാനരും ഹസ്ആ
വാദിയതാം ബദർതാനമിലേ മഹ്മൂദ എൻഖലീലുടെ
ജാഹ്ജനാബിൽ
വാനർകളായിരംപേർകളുമായ് മുനമാനതിൽ
പോയിടണം ജബ്റാഈൽ
പോത്മീക്കാഈലും ക്രുടൈഹസാറു് യമദൂതരും ഗൈൻ
അദാം ഇസ്റാഫീൽ
പുവിൽ ഇറങ്കി പോർചെയ്വീൻ എൻഹബീബിൽ
മറുത്ത കാഫിർകളിൽ
കണ്ടുഈറയ് രാജകല്പനയ് കേട്ടു അണ്ടർകാ
തേടിയാ സുബ്ഹാൻ

കത്തനെന്നാസിൽലാനദ്'രീനികത്തൽ നടപ്പതും ശഅ്'നാൻ
പണ്ടവൻതൻ ഏറ്റുകൽ ഉണ്ടാകിബ്ബാനക്ക്
എണ്ടതു് ജാഅഫിൽ ഖുർആൻ
ഫള്'രിബൂഫൌഖൽ അഅ്'നാക്കിയെണ്ടും വള്'രിബൂ
മിൻഹും കുല്ലബ്'നാൻ
തൊണ്ടർകൾ കാഫിർകളാനേ ഖുറൈശികൾ തുണ്ടം
ഉറപ്പുകളിൽ അടവോരെ
തുവത്തിയാൽ വെട്ടുവീർ എണ്ടരുൾ ആകെചെവിത്തു്
നസൽക്ക് പുറപ്പെട്ടുവാരെ
കുണ്ടലമിണ്ടു് ഇശിവാകി സലാസഗൈൻ
അണ്ടരും റൂഹുൽഅമീൻ വരുവാരേ
ക്രുന്നറാവിസോമൻ ഉടുക്കൾകീറിയ ചീർമുഹമ്മദരാം.

## ബന്ത്

മുഹമ്മദർ റസൂലുല്ലാഹിസല്ലല്ലാഹു അലൈഹിവസല്ലം അവ്വലുൽമൌജൂദാത്തിന്നു് എളന്ത പങ്കജത്താൽ ബിന ത്തെ ആയത്തുൽ കുബ്'റാകല്ലകത്തു് അറ്'ശിൻകീളാക്കി രാക്കൾ ചൂടും തിരുമകുടകവി കൈകൊച്ചടിനടുക്കൾ പതി ത്ത വജ്രകുഞ്ഞിക്കരുപോൽ ഇരുപ്പതാക മമ്മനലൈവൻ പണിയും പച്ചക്കലിശത്തിന്നു് അന്തരക്കഴിപോൽ ഇന്ത ഭൂലോകത്തുക്ക് നടുവട്ടമാകും ഉമ്മുൽഖുറാതലത്തിൽ കു ഫ്'രിയ്യത്തു് എണ്ടകട്ടരികൾ ബീത്തു്ഉൗണ്ടികൊട്ടും കാ ഫിർബനക്കായൽ എളന്തു് ജഹലത്തുൽ അളിംകംബരം പടർന്തു് അനാനിയ്യത്തു് അക്തിരംക്രുത്തു് ശിജ്'ആന ത്തു് അപ്പടർക്രുട്ടും കെട്ടി ഹസദശ്ശദീദ് കൊടുംബാരം

മുത്ത് ഗഫലത്ത് അനങ്കാരക്കളികളിത്ത് ക്രൂററാട്ടി കളർന്ത് നിലത്തിട്ടുവാരോ അതുനാൾ.

ബന്വ്

മുഹമ്മദുർറസൂലുല്ലാഹിസല്ലല്ലാഹു അലൈഹിവസല്ലം ഇബ്റത്തുൽ അഅ്ളമാണ്ട ഹയാത്തുൽ ബാഹിറാത്തി പൊരുൾമദനെത്തണ്ടിറൈ കല്ലോലം വികട്ടിപൊട്ടി മുട്ട് അദർവണപ്പൃന്നാരത്തിൻ ഹഖ്കൊണ്ടൽ അടിച്ചുഅലച്ചു അബീദത്തുൽ അൻസാബ് എന്നെണ്ട മുളങ്കട ക്രൂട്ടത്തുക്ക് വെഞ്ചലം പിടിച്ചു ഞെരക്കം തടിച്ചു ഉസിയ്യത്ത് അണഞ്ഞു അണിയാശ കുലഞ്ഞു ആട്ടംമുട്ടി ദരിതംപാറി വണക്കം എണ്ടകൊട്ടുമത്തലകൾ വസുന്ധരത്തിൽ കെട്ടി. തമ്മളിൽ തട്ടിബക്കമെ പൊട്ടി അകപ്പെരിമച്ചൂട് ഉറൈന്ത് ശത്രുതപ്പൊരിയെള്ളുന്ത് ജംഅത്തുത്തായിഫത്തെന്നി എണ്ട പ്രപഞ്ചം ഏററ് ബദർപടഏണ്ട തീപിടിത്ത് അതിഹരിശ നാളം പൊങ്കിതിങ്കിചങ്കം എള്ളുന്ത് നിണ്ടാരോ അപ്പൾ.

ബന്വ്

മുഹമ്മദുർ റസൂലുല്ലാഹി സല്ലല്ലാഹു അലൈഹിവസല്ലം തങ്ങൾക്ക് ഇറയവൻ ഇറക്കി അറിവിത്തതൻസീല അൻസീഹ്ഫുർഖാനൽ അളീമിൽ വന്തെ ആയത്ത് "വഇദ്സയ്യുനലഹു മുശ്ശൈത്താനു അഅ്മാലഹും" എണ്ട് തൊട്ടത്ത് "ഇന്നീഅഖാഫുല്ലാഹ വല്ലാഹു ശദീദുൽ ഇക്കാബ്" എണ്ട ഖദ്റളവുമുള്ള പൊരുൾപ്പടിപോൽ എള്ളുന്ത്നിക്കും പൂശലുക്ക് ഇടയിൽ ചോരപ്പടച്ചിങ്കപ്പു

ലികൾ അരികോർ അതിപൊലിപ്പം എണ്ട് ഖുറൈശികള
ഫിർകൾ കണ്ണകത്ത് ചിന്തഭയപ്പെട്ടന്ത് പിന്നും എണ്ട്
കണ്ട് കണ്ടലർ ഒണ്ടിൻ സ്വാദറിന്റെ ഇബ്‌ലീസ്‌ല
അനത്തുല്ലാഹി അവൻ അതികരുത്തൻ ജിഹത്തൻ ആൾ
ക്കൂട്ടം ബെഹുത്തൻ വചനത്തുകള് നാവട്ടത്തൻ കിനാന
ത്തു് ബനീലയിൽ മഹത്തൻ സുറാഖത്തുബ്നുമാലികിൻ
ചരിശായി അടൽചമയം ചമൈന്ത് മന്ദളരുചെപടന്ത്
അഫ്‌വാസ് ശൈത്താൻകൾ കാഫിർജിൻകളെയും കൂട്ടി
ഷ്ഷുജാ അത്തിൽ വന്തണെന്ത് ഖുറൈശിത്തീനിൽ അതി
ജികം നമുക്കെണ്ടും മൊളിന്ത് ചേർന്ത്കൊണ്ട് കണ്ടെ
സബബാൽ ഇസ്സത്തും ജലാൽ ജലിജലികളും ഖാത്തി
മുർറുസുൽ ആരമ്പത്തിരുമുഖംവാടി പൊരായവനികള് സുജൂ
ദായ് ബിളുന്ത് ഇരന്തപ്പടികിടപ്പ് അപ്പൊളുതുടൻ തി
രുമനം തെളിന്ത് എളുന്ത് ഇരിന്താരൊതങ്ങൾ

## ബാബ്

മുഹമ്മദർറസൂലുല്ലാഹി സല്ലല്ലാഹു അലൈഹിവസല്ലം
തങ്ങൾ സ്വപ്നവിഭ്രമചുണ്ടനക്കി പുഞ്ചിരികൊണ്ട് അ
രിമത്തിരുമാമൻ അമ്റുൽമുഅ്മിനീൻ അബൂബക്കറിനി
സ്സിദ്ദീഖ്റളിയല്ലാഹുഅൻഹു അത്തിഖുല്ലാവിൽ തിരി
ത്തരുൾചെയ്തു് എൻഉടൽപ്പിറപ്പ് നാമൂസുൽ അഅ്ളം
ജിബ്‌രീൽ അലൈഹിസ്സലാം അലങ്കരപ്പെട്ടന്ത് പച്ചു
നപകടിയും ചൂടി ശാമളവരണത്തുടലും സിതംകളുത്തു്
ങ്ങളയും ഉള്ള ചൈന്യും എണ്ടകെന്തുരപ്പുറത്ത് ഏറിപ
ടകോലതിരിത്തുണ്ടത്തു് ചൂരണം പുരണ്ട അവരും മററുള്ള
ബിണ്ണലരും ഈ മണ്ഡലം കൊള്ളെകുണ്ഡലം കിഴിന്തിതവ

രവെണ്ടും നമുക്ക് ഉതക്കവും സുവക്കവും വങ്ങ്ടാചെയ്ത റഹ്മാനറഹീം ഉങ്കളിൽ നസ്റത്ത് ഇറക്കിരിപ്പായി എണ്ടുംവെിണ്ട് അണ്ടംബെിണ്ടും നിണ്ട്കണ്ടെകെണ്ടർ അ ന്നബിമുത്ത് മുസ്തഫൽ മുഖത്താർ തിരുകൈമെയിൽ കങ്കു മക്കമൊറ വിരുപ്പിൽ തിരുശയനംചെയ്തു തുയിൽകൊണ്ട് അത്തനതിരുകൺ അടയ്ത്താരോ സുഖമിൽ

## ഇശൽ—മതിക്കാം നടുചാട്ടം

സുഖിത്ത് എന്നം-ഇബ്നുനഅബ്ബാസുരക്കന്നു ബനീ
ഗഫാർ എണ്ടെക്കൂട്ടമിലേ
ഒരുറജ്ജൽ-ചൊല്ലിനാർ എനിൽ നല്ലെസാദിഖായ്
ജീകത്തിൽ എൻഇളം പിതതനയ് മയ്ന്തൻ അവ
നാകും പോർശ്ശുജാഉയതാം
മലംപുലി-ചേലും ഉടൽപടകോലം ഉടയവൻ
ഇകൽബെദർ പൊരുതു് തോററുഉളന്നോർ അവർമുതൽ
കൊണ്ടയയ് ഇട്ടവാൻ
നിനത് എമയ്യേറി അഖൻഖുൽഅച്ചാറൽ ഫൗഖിലേ
പകമെത്തേചമർകണ്ടിട്ട് എമയ് രണ്ടും ഇരിക്കുമ്പോറ
കൊണ്ടലൊണ്ടിരിവായ്
കുറംപുറയ്-ഫൗഖിൽ അതിൽചിലെസൗത്തും കുളുകുലം
കുളുകുലകുതിരകറ ചുമടടി ചൊടികളും പാരംകശര
വുമായി
അതിൻഇട ക്രൂററിൽ ഒരു വിളികേട്ടു കൊ:മയായ്
മുതിത്ത് ഇപ്പുറ ഖയ്ദുപ്പംിമുമ്പ ൽ ഇറങ്ങേ
യെണ്ടെനിദാവതിനാ
യരിത്തുടൻ-മുന്നവൻ അപ്പുറതന്നെ വീണുതയി

അതിഖൗഫാൽ അവൻതൻെറ കരറ്റംപൊട്ടി

മൗത്താകയ് തമ്പിയാംഎന്നളും

ഉറപ്പോട്—അട്ടപ്പതാകികിടപ്പതാകവേ

കുതംകെട്ട് കുറേനേരം കഴിന്തുടൽ സുഖംവന്ന്

പോയിനാൽ ഹർബായ്

എന്നംകഥ-കോവചൊൽപ്പോരുറ്റംറാവിചെപ്പവേ.

## ഇശൽ—വൻചായൽ വിരുത്തം

ചീമാൻ കഥാറാവിസീറാതനിൽ ഉരയ്
ചീർമഹാമണി സിർറിൻസീനാണോർ
ചീളാത് ഉറങ്ങമ്പാറ്റം ശീതാൽ ഒരുരീഫ്
ചീറിപുവനിയിൽ നസീലായേ
കോമാൻ അരുറ്റംകൊണ്ട് കോടാ ഒരുമൂണ്ട്
കോർവയാൽ വഴിക്കവഴി കോമായ്
കോവിൽ അടിത്തുള്ള കോവ്അക്കൊട്ടമയാൽ
കോണററ് മന്നവാർകറ്റം കോവ്എല്ലാം
കാമാൻ അതിൽമുന്നം കാൽകളത്പോലെ
കാണാബദർനാറ്റം അക്കാററെറാമ്മെ-
ഖാളിയെള്ളന്തപ്പറ്റം ഖാലഅത്തീഖോരിൽ
ഖാദിറിൻ നസർനമ്മിൽ ഖാരിബായ്
തേമാൻഫമിയിന്ന് തേനായ്വൊലിത്തരുറ്റം
തേനിലും രസിത്തേ സീദ്ദീഖോരിൽ
തേർന്ത് മർളേററ ദേഹക്കഴക്കകറ്റം
തിന്ന് അരികരിൽബലം തേറിനാർ
ആദിഅടിത്തുള്ള ആടയ്ക്കകം അണ്ടർ
ആയിരവും ജിബ്രീൽ അണോരും

ആരത്തരുറം നബിയാരെ തിരുമുമ്പിൽ
ആകയും നിലക്കവോർആയുദയ്
ബാദംദിപ്പിയാവിൽ ബാദിർമീക്കാഇൗലും
ബാരവേ ഒരു സാവർബാനോരും
ബാനോറംക്കടന്തോരെ ബാഗം ബലമിലേ
ബാറാലെനിലയ് ഖുർബാണോരായ്
മേദീസാലിസാനെ മീമാൽ അകംതന്നിൽ
മേലോൽ ഇസ്റാഫീലും മീറാതെ
മീമോർഹസാറരും മീമിൽപുകറംന്തോരോ
മീനിലെ അവർന്നിണ്ട് അമീനായേ
സാദിത്തതിൽ പിറെതാനോർകളെഇരു
സാവറയ് ഇറക്കിടയ്താനായോൻ
സാദസഹാബാക്കാറം ചാടിപൊരു ഇട
താനത്തിൽ ഇശിന്ത് ഉമ്പർ സാരിആയ്.

## ഇശൽ—കണ്ടുനടന്നു

ഉമ്പർസുർഅത്തിൽ അരികോർ ഇടപുകിന്താർ
ഉന്നനബി ഖൈമയുടെ ബാബളവിൽ ബന്താർ
ഇമ്പമൊട്ട് ചേനഖുറൈശോർകളെ മിളിന്താർ
ഇടയിൽ കുഫിർഅണിയിൽ ഒരു പരിളിയംനയന്താർ
അമ്പകകറം എന്തത് എനചോടി അറിവുത്ത്
അബൂജഹ്ലും കൂടെ ഇബ്ലീസും കൈകോത്ത്
അമ്പിൽ വഴി സഫിടനടക്കയ് ദരിശിത്ത്
അനകം പടവാത്തയൊട്ട്നിക്കം സമയത്ത്
നിപ്പിൽ ഇബ്ലീസ് ഉളരുവാൻ കുശികടഞ്ഞു
നിശൻ പിടിവിട്ടിടാ മുറുക്കിടയ്ത്തുനിഞ്ഞു

അപ്പാം ഒരു കുത്ത് ജഹൽനെഞ്ചിലെ പിന്നഞ്ഞു
അയ്യുതിനാൽ വിട്ടലഇൗൻ ഓടിടയ് കഴിഞ്ഞു
ഒപ്പം ജഹൽമണ്ടി ഉൗരെഗാദിറേനീവന്നു
ഓതിജയം ഉണ്ടുനമുക്ക് എണ്ടു് ഇടയിൽനിന്ന്
ഇപ്പളോ നീ പോകവതും വൻ ചതിഇതെന്നു
എമ്പുംമൊളീ കേട്ടിടൈ മൽഊനും ഉരയുന്നു
ഉങ്കാംമിളിയും മനവും ഇപ്പാംകുരുടാമേ
ഉൻസില അദാബ് കഹനിന്നു് അർളിൽഖൗമ
ഇങ്ക്ജീബ്രീലും അവർ പാളിയവുംതാമേ
ഇകലിൽഅണയും മുൻഎനയ് പോകിൽ നലവാമേ
നിങ്കളിൽ ഉതക്കം കഴിയം പടികാംചെയ്യ
നിക്കവതിൻ ഇന്നികുതം ഇല്ല അണുഫൗദ
സങ്കിടഭയത്തിൽ ശൈത്താങ്കാം അവൻ ബൈത
ചാടിഹർബിട്ടടവെ പോകവെ ബഇൗദേ
ദേശിയമിൽ ഭൃതക്കഫിർപേതകളെ ഒക്ക
ദണ്ഡുകളാൽ അണ്ടർളർബിട്ട കുതിപ്പിക്കേ
ആശ്ശു ഉദയസ്തമിടനിപ്പതിനവക്കേ-
അന്തബദർനാളിൽ ഇതമില്ല വെളവുക്കയ്-
ആശിനികാംഎള്ളും പരൻ ഏകലിനാൽമിക്കെ
അങ്ക് അറുശ്മട്ടുംഉള ബാബുകാം തുറക്കയ്
നാശികളും വാനരും സുഫൂഫൊട്ടുപവിക്കയ്
നയന്ത്സുബ്ഹാൻ ഒരു വനെപുകാം തുതിക്കയ്
എള്ളിജഹൽ ഉള്ളുവിറകിട്ട് മുഖംവാടി
എണ്ടിയുള്ളെ കാഫിർകളും ബെത്തൽ പുകിന്താടി
അള്ളൽ ശൈത്താങ്കാം നിഞ്ഞിട്ടേ ഒരുപേടി
അരികരിലും ഉള്ളസമയത്ത് നബിനാടി

വള്ളലർ ഫഖാലസബാരിൽ തഅ്രീഫാ-
വാനവർകൾ ഉങ്കളിടകമ്മല സ്വഫൂഫാ
ഉള്ളുണർവിൽ ഉങ്കളേയും സഫ്തശ്രീഫാ
ഒപ്പരം അതാക്കിട്ടവീൻ എന്നുരയ് അത്തൂഫാ

## ഇശൽ—ആദിതൻ പിരിശം

പാടിടുന്ന കഥറാവിതോളർ ഇടവാനർ
മാനിതർ സ്വരൂപമായ്
പാൽനിറച്ചമയം ഇട്ട് അമാമിനുടെ
കൊങ്കതോൾ പുറമിൽ തൂങ്കിയും
കീടവാസമില്ലം കാന്തയുള്ള നിറം
നീലവാശിപുറം ഏറിടുനോർ
ഖീലകോടകൾ സുഃപതം എണ്ടും പിറെ
സാമസുന്ദിരം അതെന്നുമാം-
ഊട്ടുതാനർ പകുടികളവണ്ണമത്
പാശ്ശുപീദതായ് പൂവലാം
എന്നുവിണ്ട് ഉലമാക്കൾ തമ്മിൽ
ഖിലഫുണ്ട് ബന്നമേ അതൊക്കയിൽ
കോട്ടാച്ച് ഇബ്നുഅബ്ബാസു റമൊളി
കോടമിന്നിട്ടം കറുപ്പ്താം
കോശമാനെ ലിബാസ് കൈലെങ്കൽ
കൊതായ വെള്ളനിറം എന്നുമാം-
എന്നു വാനർ അസ്ഹാബിമാർകളൊട്ട്
ഇശമ്പി കാഫിർഖുറൈശൊക്കെയും
ഇത്തലത്തിൽ ഖബീലായോരാകും
ഉമൈകൾ പെരുത്തവരും ആകുമേ

ഇണ്ട്ഫാളിലരും ഉങ്കളാകും ഇറയ്
തൻഉദക്കം ഉമയ്ഭാഗമാം
ഇട്ടെപാദണി ഉരിന്തിടാരു് അർശിൽ
ഏറിനോരും ഉമക്കണ്ട് കേഠം
വിണ്ട്കൊണ്ട്സഹബാരെ ഖൗഫുകഠം
അകത്തി ഥേനയ് പൊരുതായിരം
വിണ്ണർശേഷം ഛതുർസാവർ എണ്ണം
പെരുപ്പിത്ത് കാട്ടി അതിൽനിപ്പതായി
അണ്ടർകോടകഠം ഛവിട്ടകേട്ട് കഫിർ
ഞെട്ടി പേടികൊട്ടതായുദയ്
ആരതെണ്ടെവിടേ നിണ്ട്കോഠപ്പുത് ഇതയ്
യെണ്ട് വിണ്ട്ഹയ്റാനമായ്
ഹയ്യാലെ വജ്ഹം വിളത്ത് മിളംനട്ട
വട്ടമിടൈ കാഫിറിൽ
ഹയ്യവൻമയത്ഇട്ട വാനവരെ തൊട്ട്
ചെയ്യും വിനയാനതും
മൊയ്യൽഉറവ് അബ്ബുൽ ഉസൈദസ്സാഇദീ
അർദെന്ന ചൊജബദർനാളിലെ
മുന്ത്നാർ അരികരീന്നു് വാനവരെ ഖാജിരാക്കി
തരശിത്തതായ്
മെയ്യിലും മിളിയിചില്ല എന്നിൽ ഒരുരോഗം
അന്ത സമയത്തിലെ
മേലവർകളെ കനിന്തതെണ്ട് മൊളിപോലെ
തോളർ പലർ ഓതിനാർ
ഇയ്യെളമ്പകളെ വെട്ട കാഫിർപിരടിക്കും
മററു ഉള്വത്തിലെ

സുഹൈൽ ഇമാമു മൊളിയുന്ന തോളർ
ബദ്രീങ്ങൾ ചൊന്ന കഥകേൾവിരെ.

### ഇശൽ—പററാൽ-അടൽമുറുക്കം

കഥ ഉരത്തിടൈ നാങ്ങൾ വെട്ടം
ബദ്റിൽ ഉമ്പർകൾളർബ്മട്ടം
കണ്ടുമുറിയത് രണ്ടുതരമിലെകൊണ്ട് വിവരമതായ്
കുഫിർകളിൽ-വരുത്തുൾ മുറിഞ്ഞനത്തും അവർ
കലത്തെണ്ടറിവായ്
ഖദമെ ഹസ്തമെ ശിരസ്സ് മററം
മദമദിത്തിനെ കുഫിർകൾ അററം
കണ്ടം ഒഴികവെള്ളുണ്ടത് ഏവരെന കണ്ടിട്ടുക അഫദൻ
അവിടമിൽ-കരുത്തർസഹ്ൽ അവർതൻമകൻ
വിരുത്തും കഥകേൾ
മതിരമുററ് ഏനയ് ബാവമൊയ്യാം-പുളമ
കേൾക്കുനീ യാബുനയ്യാ
മത്തിരമെ കീദ്ബ് ഉത്തിട്ടുക ഏനയ് ഇത്തിനമെ
വേദരയും
സ്ദ്ചൊഴി-മറുത്തുൾംബദർദിനത്തിൽ നമൈ
ഗണത്തിന്ന് ഒരു പേരു്
കത്കുതിത്തവർ കുഫിർ ഇടക്കയ്-
മുതിരലായ് പുക്കവർ ഏതിക്കയ്
കൊത്തും അവർ സൈഫ്അത്തും മുനം
കുഫിർചത്ത് വിളയിമുറിയായ്
ഉടലുകൾ-കുലക്കം ദിമാഗ് ഒലിക്കുന്നതു് കലക്കം
പെടലായ്

എന്നും അൻസാർകുലം അകത്തിൻ-
നിന്നും ഒരു റജുൽ അടർക്കളത്തിൽ
എങ്കികഫിര്കളിൽ തുങ്കി അവർസൈഫോങ്കും
ഇടപൊഴുതിൽ
ഗൈറുഹൂ—ഇറക്കംഉളർബ്ബ് അറുക്കും അതിൻ
സൗത്തും സമീഅയ്
മുന്നിലും പിറയ് ഇടവലത്തും-
പിന്നിലും കുഫിർവിളകയ് ചത്തും
മുന്തി കുഫിർകൾ മുറിന്ത് സഖ്ത്ത്കനിന്തും
അവർ അജബായ്
റജ്ഇലെ—മുതിത്തും നബിഇടത്തിൽക്ഷണം
അടുത്ത് ഇമ്പിടലായ്
അസൽവടിവൊളിവായ മുത്തിൽ-
വന്നം പുതുയുൾ കഥകൾ നീത്തി
അപ്പൾ അവരോട്ട് ചെപ്പിനബി ഉനൈ
തൊപ്പൽ അത് സിദ്ഖാം
സകലമേ—അളിക്കും ചിലത് അമയ്ക്കും പരൻ
ഉതക്കം വിധയാം
കന്നം അമരരെ പുവനികൊള്ളാ
ഇന്നു് കഹനിന്നു് അൻസലല്ലാ
കട്ടികഹനരെ വെട്ട് കുഫിർകളിൽ തട്ടം സൗത്തുകളും-
ിളവളും—കനിന്തുൻ ചെവിപെട്ടന്ത് ഇമ്പകയ്
അറാന്തുംകൊൾന്നീ.

## ഇശൽ—തിരുതരുളക്കടൽ

അറിമഅട്ട് എണ്ടവർ ഉരയ്ബദർ ചെണ്ടയ്ൽ
പൊരുത് എനയ്നിണ്ടിടലായ്

അത്പൊളുതത്തലം അബുജഹൽ ഏത്തിടയ്
എന്നതിൽ ഏതിത്തിട്ടവാൻ
കുറയാതെ സന്തബീൽ അത്പടിവന്തവൻ
ചമർ പൊരുത് എന്തനമായ്
കുതുകുലമിട്ടഞാൻ ഒരുളർബിട്ടവൻതുടമലെ തട്ടിടലായ്
മുറികുറെ പററലിൽ ശുഗ്ൽ അകപ്പെട്ടവൻ
അണിമറഞ്ഞിട്ടുളരയ്
മുറുകവെയെത്തിടയ് ജഹ്ലുടെ പുത്തിരൻ
ഇക്ക്രിമത്ത് അത്തലമിൽ
ഹർസമത്ത് ഒൽപ്പിലെയെനിൽ ഉരമിൽപ്പട
പൊരുതവൻ കെല്പതിനാൽ
ഹർബ്വിന തൊഴിൽ അടവെയെടുത്ത് എമയ്
ഇരിവരും ഒത്ത്ഇകലാൽ
ഇകൽപൊഴുതുററവൻ ഒരുളർബിട്ടതാൽ
എനയ് ഉനുഖ് അററിടലായ്
ഇരുപുറംയെണ്ടിയേ ഒരുപുറം മണ്ടയും തൊകുതമിൽ
തൂങ്കിടലായ്
മികയെളുപ്പത്തിനിൽ ശീരഃമപിടിത്ത്
എനയ് അമരമിൽവെത്തുടനെ
മിർശ്മികത്തവൻ എനതെ ഒഴിത്തുപോയ്
അധികവരുത്തമിൽ ഞാൻ
ശികരംപിടിത്തുടൻ അഹ്മദ്മുത്തുടെ
തിരുഹള്റത്ത് അണവായ്
ചിരിപചിളപിളർഫമിയിലേതുപ്പ്നീർ
എടയ് തിരുകഫതിനാൽ

മകരനഗർ കുടപൊളിയും തിരുക്കരം കൊട്ടുതടകിക്കളമേ
മഹമുറിക്രൂടിടയ് കല മഹ്വായിടയ്
ഉടൽ ബിലം ഏറിടലായ്

## ഇശൽ—പുതിയ ബഹ്സത്ത്

വിലമതേറവേ അഹ്മദാർകരം മുഅ്ജിസാത്തുടെ
ഫള്ലിനാൽ
വിരുതർ ദ്ദൽഹയാഅവർ ഖിലാഫത്തിൽ
മത്തുദ്ദം ആഖിറം പുകിന്നതായ്
ഫലമേ ഇൗഞ്ചയിൻ നസീഹത്ത് ഏശിയ
ഇക്ക്രിമത്തിബ്നുൻ അബൂജഹൽ
ഫത്ത്ഹ്മക്കനൊാം ഇസ്ലാമാകിടയ്
റളിയല്ലാഅൻഹു സദമേ
നലവരാം ഇബ്നുൻഇസ്ഹാഖ് എണ്ടവർ
ഉരക്കന്നാർ മുത്ത്നബിയ്യുല്ലാ
നവിലയ്തോളരിൽ റഫ്അദായുള്ള
സൗത്തിനാൽ വിളിത്ത് ഉരപ്പതായി
പൊലിവർഫാലിഫൻ ബിറബ്ബിഹി എൻെറ
സഹബരേ ഇന്തകവാഫിറിൽ
പൊരുതിയോർ എങ്കിൽ അവർകളാകുമേ
സുവനപോരിശപതികളാം
പതിസുവക്മിൽ ഇറയ്കടത്തുമേ മുദ്ബിരീങ്കളെ
ഒഴികവേ
പടവരുത്തമിൽ മുസ്ബിറാകയും
മുഖ്ബിലായുള്ള മുഖ്ലിസിൽ
ബദൻ ഇറപ്പൊഴിസുവൻ അവൻെറയും
ഇടയിൽ ഇല്ല'വ ഗൈബ്താൻ

വെലദർസത്തിയം ചെസ്തുരത്തിന്നും അരികരേ
ഖുമൂഹലൽജിനാൻ
നിതമേഃപാർപ്പതി അതിൽ ഉമൈക്കൊരു
പദവിതോപ്പത് സുഖമതായ്
നിറയയ് പർപ്പലകനികളും തഹ്ത്ത്
ഖിന്നഹാർകളും അതിയിലേ
പദവിപെറ്റൊരു ഖസ്റദിൻ പണി
തുലക്കും വെണ്ടരുൾ ജൗഹറാൽ
പളപളപ്പുടെ മകുടമിൽ ചിലെ കുളലിഹ്റുകൾ
ഉളവെതാൻ

## ഇശൽ—വന്ത് മൊളിന്തിടുവാൻ

ഉണ്ടന്നും മിശ്ക്കാത്ത് ബാരിഖിൽവന്തിടയ്
ഹുറുന്നിസാ അവരാ
പരിശാനതും വടിവാൽ—ഉകമാം വിളമ്പിടലാം
അവർ—അന്തരമേലുള ചന്തിരനോ കതിരോനിലും
തെളിവാം
മണ്ടമുടികൊട്ട് കാർമുകിലോനിറം സഞ്ചരികച്ചതമോ
അത്പൂവിൽ എദ്ദശീഃകിൽ-മഹാകാളകം ഒഴികേ
ഇന്തെ ശൗനിയിൽ മറ്റൊരു ലൗനും വെളിപ്പെടുകാ
അതിൻകരുളാൽ
കൊണ്ടപകൂട്ട് മകുട്ട് ചുരുട്ട് ബലംപുരി വാരണമോ
നദൽകാർ മുഖചരിരോ—പുരുവും കമാൻ ഉകമോ എന്നും
കുണ്ടലവെൻചിറ രണ്ട്തടം കണവീട്ട് നാസികമോ
കണ്ടൻ മഹാവിളിയോ-മികവ് അഞ്ജനം

നീട്ടിയനാട്ടമതോ
ബദൻ താവളതുടീയോ
കവാംവാരിശയ് തിരുളോമുഖം ചെങ്കതിരോപിൻ-
പത്രുംകതിരോ ഒളിവാലും വട്ടമതാം
വട്ടമുഖത്തിലുമ് മുത്തമെ ചെമ്പകപുഷ്പമേതൊത്ത്
ഇദളോ പിറവാളമയ് പിളരോ-
മധുപൂരണക്കനിയോ—എയിർ—ചന്തമതാം
അരിവെന്തരുളോ കുരുതാളി മാതളമോ
മട്ടംമറിക്കളമോ അമൃദക്കിണ്ണി—പുഷ്പികകന്തരമോ-
മിറുകാമദക്കീരിയോ
മരുകുങ്കുമപുയമോ—തൊയിൽ—തഞ്ചമെ താളമുമ്
നെഞ്ചൊട്ട് മാറുമേ പൂമണക്കടലോ
കട്ടിഅടിത്തടം കുന്തമിൻവാസമോ ചന്തിരചക്കരമോ-
കുവടാടിമപ്പളമാ
ഹരിസൂരെപൊൻകിരിയോ? നിലനില്പതുമേ
മുലചെപ്പ് ഉകമോ സബ്നാളും അപ്പടിയാം
പട്ടംവയർ ഒളുകിട്ടത്പോൽ-
അശ്രുവസ്തമിൻ പത്തിരമാ
പതംബാൻ തരുക്കവടോ
പടിമാമണിപ്പടമോ—വിരൽ
വിത്തുറുമകൊമ്പ് ചിത്തിരം ചെയ്തതോ ആകെഒൽപ്പി
വയാം
ഒത്പ്പ് ചിരിത്തവാം അന്തനത്ത് വെളിപ്പെട്ടകിൽ
ശർഖിൽ
കതിരോനും നാണിടുമേ
ഉവിമാന്തർ കണ്ടിട്ടകിൽ—ഉയിൽ—അപ്പളെവിട്ടിടും
ശപ്പതവും ധ്വനിരാഗം പൊങ്കുയിലോ

സ്വല്പം മരിത്തവരാണവർ ക്രൂപ്പുകിൽ രൂഹിട്ട്
എള്ളന്തിട്ടമേ

മടക്കേള്ള പത്താഴകാം
തുകിൽ പൂണ്ടിടുന്നവളാം—തൊലിയെല്ല്
നിണങ്കൾ അതെല്ലവും കണ്ടിടും ദേഹമിൻ ചുരാൽ
അല്പം ഈ ഉപ്പിനിൽ തുപ്പുകിൽ അപ്പുള്ള അപ്പുകളും
മധുവോകഫ് വാവയസ്സ് അവളിൽ
അനന്താൾ വികാരംവരാ-
അവർബാരും ശഹീദാരിൽ പാംകെ ണ്ടാശയിൽ
പോശലാകിട്ടമേ

കെല്പ് മദംകൊട്ട് തുമ്പിവരും പടികൊഞ്ചെച്ചും
പൊൻചിരിയാൽ ചതുരാരും ക്രുസൈത്‌യിൽ
കിറയ്‌വാർ ഇന്നിക്ക് ബഹ്ജെക്കമിലേ
കടിപ്പിക്കണം

എണ്ടവാൾതാരും എണ്ടരുളായ്

## ഇശൽ—കീണമാനെ

അരുളിമുത്ത് മുസ്തഫാസുവക്കമിൽ നജ്മമ്മകാം
അഹദവൻെറ ഹഖ്‌കൊണ്ട് സത്തിയം വിരുത്തച്ചായ്
ഉരത്തുതയ് ഹിമാംമയിന്താരാം ഉമെർ അതെണ്ടവർ
ഓത്ത്‌കേട്ടുള്ള ഉടൻ ബഖിൻബഖിൻ എണ്ടോത്തിനാർ
തരുളരാം നമ്പികുഫത്ത് ഉമൈറ നീ ചുമത്തിടയ
സാരം എന്തത് ഇക്ലാമിൽ ഖാലരാളർ തുതരിൽ
കരുണരാം ഹബീബരെബികനി മിൻ അഹ്‌ലിഹാ
കമലമിൽ അവശ്‌ക്ക ഒയ്യെന്നാൻ ചുമന്തിപ്പവേ
ഇല്ലവേ ഹത്താനമിണ്ട്‌മൗത്തിൻ ആശയെണ്ടിടയ
ഏറാറവും സബൂറ്‌ചെയ്യാൻ നൊമ്പലങ്ങൾ കല്ലിലും

വല്ലവൻ എനിക്ക് ഉതക്കംചെയ്തിട്ടെ ഇന്നെനിൽ
വള്ളവാർത്തരിത്ത് ഉരത്ത്യാളമെറെ കേൾന്നീ
സല്ല്യം നീ ആയതാം സുവക്ക്മെിൻ അഹ്ൽകളാൽ
സൂക്ഷമാലെ കൻത്തഫിന്ന ഈമിയെണ്ടരുളിനാർ
നല്ലവർ ജീഹാദിൻ പോരിശവിളമ്പും നേരമിൽ
നൽപ്പഴം സമർ ഭുജിത്തിടുന്ന് ഉമൈറുബ്നമ്പരാം
ഒമ്പർ അപ്പോളത് എടുന്നുരത്ത നാൻ പഴങ്ങളാ
ബക്കിടാമൽ ഒക്കയും ഭുജിക്കവാൻ ഇരിക്കുകിൽ
എമ്പും എൻഹയാത്ത് നീളമാകലും സമയവും
ഏറമാകും എണ്ടുരത്തെറിഞ്ഞിടയ് സമർകളാ
കമ്പികൻ ചിറത്തതോമതിത്തെബാഖിർ വേൻകയോ
കോവമുററ് എളുന്ത് ചാടിപോറകത്ത് ദാഖിലായ്
കമ്പമിട്ട് കാഫിരീങ്ങളിൽ അടൽപൊരുതലായ്
ഖൽബകത്ത് അവർനവാ അത്തപ്പടി ശഹീദതായ്
അതെനെഫേനയിൽ ഉക്കാശത്ത് ബ്നുമുഹ്സിൻ എണ്ടവർ
അങ്കമിൽസ്ഖിൽ മുറിന്ത്‌വന്ത് ചേതിചൊന്നതാൽ
പൊൻതിരുകരത്തിനാൽ കൊടുത്ത ദാരുശാഖമിൻ
പൊളിക്കടയ്ന്തെ വാളിലും വിശേഷയോഗ
സയ്ഫുമായ്

ചിന്തകൗതുകം പുകിന്ത്പോരു തീരുവോളമേ
ചെണ്ട്ചണ്ട ചെയ്തവർ മുസമ്മിലാദര എകലാൽ
പിന്തനെയ്ഹയാത്ത്നാളും കൈവശത്തിൽ ഉണ്ട്പേൽ
പിന്നെറാവി ഉന്നിടുന്ന വാത്തകം ശഹീദരാൽ.

## ഇശൽ—പടപ്പത

ശഹീദവരിൽ ഇറയ്ഫഖനേന്നിൻ
രിളാനിത്തം അരുൾനെട്ടനാൾ അളവ
സ്വല്ലിനീ രണ്ടുതലത്തിലും ഫജ്ജ്വർഫഖാലേ
നിൻ അഫ്‌വും വഹബാൽ
മഹാപുലിയാം ഇബ്ൻഅബ്ബാസ് ഉരത്തിടയ്
കോപം എളുന്ത് ബദർപടന്നാൾ
മന്നർസഹാബാർ അടങ്കലും അങ്കമിൽതിങ്കി
മൊരം കലകിത്തിട്ടവാർ
ബിഹത്തർ അബീളനെ ഉത്തുൽജർറാഹ് അവർ
കാളരിൽ വമ്പ് ഇകൽചെയ്തിടലിൽ
വേഗം ഇലൈഹി അബൂഹുജർറാഹ് അവൻ
വന്ത് ഇണ്ണെ കൊലചെയ്തിട്ടവാർ
ജിഹൻപിതാവ് ഖുറൈശികൾ പാകവും
സന്തതിദീനിൽ അമീറരുമാം
ജീകേടൻ അപ്പൻ അടപ്പതിൽ പുത്തിരൻ
പിന്തിതിരിന്തും ഒഴിപ്പവരായ്
ഒശിത്ത്പെരുത്ത് മർറത്ത് അതിൽ ഒക്കെയും
ലയീസ് ഉകംവന്ത് അബുമുന്നിടലായ്
ഒട്ടംകഴിത്തിട്ടകിൽ കഴിയാത്തവൻ ഓത്ത് അവർ
ചാടി അടുത്തിടലായ്
പൊരുത്തിൽ എതിർത്തുളെ കത്തുകളും ചിലെ
ചോട്ടിലെ ചാട്ടുകൾ വെട്ടുകളും
പോരിൽ മലമ്പുലിത്തമ്മിൽ കലമ്പിടുംപോലെ
ജ്വലിപ്പക്കയിൽ പൊരുതാർ

കശിത്ത്‌വിടാത് അബുതൻ ചിരമിൽ സുതൻചാടി
ഒരുളർബിട്ടതിനാൽ
കായം ഇരുപൊളിയാകിവിളങ്ങുവൻ കോടയും
കൂടെ ചകപ്പെട്ടലായ്
തശ്രുത്തെ ഇരുഠം കഫിറോട്ട് മുബശിറുൽ അൻസാരി
യെണ്ടവർ ചണ്ടയിടയ്
തത്തുവതിൽ ഒരുവെട്ടത് പററിവിളങ്ങുവരും
ശഹീദാകുവതായ്

## ഇശൽ—ഇടതാളചായൽ

ആയതിൽപിറെ അൻസാർകിളയിന്നും സഅ്ദെണ്ടോർ
അടൽചെയ്യുന്ന ഉളർകാഫിർ ഖുറൈശോരിൽ
പൊരുത്—അവർ നിയ്യുത്തുളംപോലെ ശഹീദായേ
തായപ്പോർ മികത്തുള്ളെ പുലി അമ്മുന്നബിയ്യല്ലാ
ചമർഹംസ ഒഴിയാമ്മൽ പൊരുതാനെ
സമയം—ചരംപോലെ ഒരുത്തൻവന്ന് എതിത്താനെ
മോയത്തർ ശിജ്അങ്കം ഭയപ്പെട്ടും സിബാളുംപിൻ
മുതകബ്ബിർല ഇനൻഎങ്കം മശ്ഹൂറാം
ഇബ്നൽ—മുഗീറത്തും അബുൽകുബൈസവർ താനേ
കായത്തിൽ ഖചഫാട്ടം അണയാതോർ മലപുലി
ഹംസയും അവരുമായ് ഇകലാനേ
കലക—കളമാകെ കലങ്കിപോയ് ശദീദാല
ശദീദ് ഇടമൊളിന്തവർ മുഹമ്മദുനബിയായ
ശറഫ് അതിമദം ഒക്കെ ഉനതാലേ
ഹിഫ്ളിൽ—ചരതിച്ചോപെട്ടക്കംനോം അതിനാലേ
അതിമദം ഇഹത്തുകൾ ജിഹത്തരും ഉരപ്പതിൽ

അരിസംഹക്ഷണം ഇട്ടംളർബാനേ
കുഫ്ർകാംക്ക്—അത്പററി അവർവിളുന്ത് ഇറന്താനേ
മുതിത്തിടയ്മതപ്പുലിയ സീദ്ബ്നൽ ഫാരിസവർ
മുഖാബിലായ് ഫവാജിറാം ഖുറൈശോരിൽ
ചിനവൽ—മുതിയവർ കലകിത്ത് ശഹീദായേ
അതിൽ പിറെറാഫിളബ്നൽ മുഅല്ലായെന്നവർ ഇകൽ
അതിശയകലക്കമൊയി പൊരുതാനേ
അവരും—അത്പോലെ ഹർബിന്ന് ശഹീദായേ
ഹർബുക്കാം ഹാററായേ മിഫ്ത്താഹുൽഖിത്താലായേ
ഹൈദറാം അസദുല്ലാഹ്യർ ആലേ_
കുഫ്റിൽ—കാനമിൽ കലകിക്കയ് വിട്ടകാതെ
ഖുറൈശികാം ശുജാഇകാം വളന്തെത്തീ അലിതമ്മേ
കുലപ്പാനും പിടിപ്പാനും നടിപ്പാനേ
അലിയും—കുട്ടങ്കിയേ പരിശെന്ത് പറവാനേ
അരുകുവയ് മദംകൊണ്ടേ കുറൈയടീകുലംവന്ത്
അരിതന്നേ പെട്ടക്കവാൻ നിനവാനേ
പൊളുതിൽ—അതിൻവിനയിലും അലിമികവാനേ
ഇരുമ്പികാം മതിക്കയും ഭയമാപററിട്ടംപടി
ഇരണത്തിൽ അലിചാടിളർ ബീടയ്
തലവർ—ഇരുകണ്ടം ഉടൽനട്ടപൊളീന്തീടയി.

## ഇശൽ—അലീവലിയും

പൊളിപെട്ടം അപ്പടയുടെ കശരം
പൊരുളുരമാൽ അയരമെ ഉശരം
കുളിർമദിയിൽ ജലതിയിൻ അറലാ_
കുളുകുലമിട്ടുരമ്പിടും മസലാ

കുളൽ സുഹ്റാകനിഴടെ കണവർ
കുലത്തിടവേ ഹർബുടെ നിപുണർ
പളിമികവാർ ഖുറൈശിയിൽ തലവർ
പതി മശ്ഹൂറുടെ പടബിലവർ
ബിലവർ വിളുന്തവർകളെ പേരാ-
ബിരുതുടയോർ ആമിറും ഉമൈറാ
വലീദുതുഹൈമത്ത പിൻഒരാസും
വബ്അൽ മുനബ്ബിഹും അബുഹൈസും
കലിയൻ മഅ്ബവിയ മസ്ഊദും
കടാളഖ്ബത്തൊബ്നസഈദും
വലരുകറ്റം നൗഫലും അബ്ദുല്ലാ-
വബ്നഖൈസും ഇവർകളതെല്ലാം
എമ്പിടവോറാവി ഇബ്ലീസൊന്നേ-
ഏറ്റം ഇണയോർ വീണതും അന്നേ-
ഇമ്പുവിയിൽ മഹശ്ശുജഅറ്റക്കാം
ഇരുസബ്അും അധിപതിയാക്കാം
വമ്പുടയോർ ഫവ്സുകറ്റം കൂടാ-
വന്ത് കുലപ്പെട്ടകിലും പാടാൻ.
ഇമ്പിലവോർ വീണതിൻ ഒൽപ്പ്
ഇശമ്പിടുകാ അടലുടെകെല്പ്
കെല്പുകറ്റം അററവർ ചകമാമേ
കേസരിയാം അലിജികുമായേ-
നൽപൊലിവായ് പെരിയോനെ അംബദർ
നൽകവരിൽ നിനയിരിളാ സദദൻ
നിൽപ്പെട്ടകാ കുഫിർകളെ അളവിൽ

നിന്നെല അന്നത്ത് അരുവാംസബ്ഹിനമിൽ
ചൊൽപ്പെട്ടയ് ആഖിലിബ്നൽ ബുക്കൈറാ-
തോളർമുഹാജിറാകമേ അവരാ-
അവരും അടൽകുഫ്റിടചാടി
അനകം വിനാപെട്ടത്തവർ കൂടി
നവസഹബാർ ഇടയത്വിട്ട്
നയൻമറവായ് ഒരുപുറം പെട്ട്
കവരുവതായ് ഒരു ചവളുടത്ത
കരമതിലായ് വിനകവും ഏട്ടത്തെ
സുവനക്കൊതി തിരിടതളിവായ
തുതിമനംപോൽ അവർ ശഹീദായേ.

## ഇശൽ—വിട്ടപ്പോതിൽ

ഏണ്ടഅപ്പോതിൽ കുഫിർകളിൽ—ചെണ്ടകരുത്ത്
ഇളക്കിട്ടയ്

നീണ്ടിട്ട് അമ്മാറുബ്നൽ യാസിർ
യേററമാററം ശുജാഅത്തും-തീററവുംകേററും ഖവായത്തും
ഊററം ചാററും ചതിർകാഫിർ
ചെണ്ടിട്ട് ഇബ്നൽ ഉമയ്യത്തും-കിണ്ടക്കാരൻ ഹാരിസും
പിൻ

കണ്ടിട്ട് യസീദും വആമിർ
ചേലുരം ചമറാലേ വഞ്ചർകവും നാലരും ചകമായ്
അണ്ടപ്പോതിൽ ദുസ്സിമാലെ നിയെണ്ടതോളർ മുഹാജിറാം
കിണ്ടഖുറൈശോരിൽ ചാടി ആളുംതുളും ബിനയാലേ-
ചുളുംവീളും ശുജാഇകവും-കോളുപാളും പുറംകൂടി
പിണ്ടംകണ്ടം കരംകാലും-കണ്ടരണ്ടായ്
കിടപ്പതും തുണ്ടംവിണ്ടം പലെപാടിൽ

പോരരം ചൊടിപാർ ഈദംമെല്ലാം വീരരും ശഹീദായ്
എത്തും ഔഫെണ്ടവരപ്പം-യുദ്ധംതന്നിൽ കവാഫിറിൽ
കുത്തുംതൊഴിൽ ശദീദാകയ്-എട്ടുപെട്ടനിഅ്മത്തയ്
ഇഷ്ടപ്പെട്ട മനംപോലെ-കിട്ടപ്പെട്ട് ശഹീദാകയ്
കുത്ത്കൂട അബുൽമസാവീഅ്-എത്തിതോളർ അബൂദുജാ
നത്ത്ചമർ കൊടുതാകയ്

കൂത്തുടൻ സഹാബ്യ്ഓത്ത് വെട്ടിനാൽ അത്തവൻ
ചകമായ്

മുത്ത്ഒത്ത് ഔഫിൻഅഖുവായെ-മെത്തതീരർമുഅവ്വിദം
തത്തിചോരര് ഖുറൈശാരിൽ-മുന്നിട്ട് ഏറെ
പൊരുതിടയ്

പിന്നിട്ട് ഏറെ കുഫിർകളും-നിന്നിട്ട് എന്നും വരൈ
പോരിൽ

സുത്തംചൊന്നെ മുഅവ്വിദംകത്തുംചുത്തം സുഖങ്ങളും
മത്തുംഎത്തും കുളൽഹുറിൽ
സൂത്രമാം കൊതിമാത്രപോൽ അവർ കാത്രമിൻ
ശഹീദായ്

## ഇശൽ—ഉളരിവിരുത്തംനട്ടചായൽ

ഇകലിൽശുജാഅത്ത് മികവരാം അബുൽ ഉസൈദെ
ഞവരപ്പം ഹർബിലാം
ഇരിമകുഫ്ർ ഇടജിഹവനാകിയ ഹുദൈഫത്തവൻ
വന്ത് പൊരുതലാം
മുകിലിൽ ഇളിവൊളിപിണരിലും ബഹ്ശണമിൽ
ഇരിവരെവിനകളാം

മുറുകിഅരികരെളർമ്പിനാൽ അവൻ അറുകിവിള്ള
കവെഷകമതായ്
പുകലുംമുഹാജിരീൻ അവർകളാലുള്ളെ ഉമൈ
റെണ്ടവർ അടൽനടവ്ലാം
പൊരിയും കവാഫിരിൽ അധികമാൽ ബഹ്ളവിനകാം
ചെയ്തവർ നിലക്കലാം
അകലുംകൊതി മുറിത്ത് എറിന്തരാം ശഹീദഅവശ്ക്ക
കടലുള്ളിൽ പൊളിയലാം
അധികകുഫിർവന്ത് പൊതിയലായ് പൊരുത്
അമറിൽ അവർഉടൻ ശഹീദായ്
ഉടനെബിലാൽഎണ്ടെ മുഹാജിറാം അവർ
ഖുറൈശികൊടിയോരിൽ കലകമാം
ഉളരിഅവരിൽ വന്തന്നവതായ്ടയ് ഇബ്നൽ
മുലൈസ അതികഠിനമാൽ
തടമിൽ പിടിയൊട്ട് ഉർമ്പുമാം മഹതൊയിലും
വിനകളും അനകമാം
തരമാൽ ഒരുഉളർമ്പ് അവനിലേപാറി തരണിൽ
വിളുന്തവർ ഛകമതാം
കൊടുമകവാഫിറിൽ സുർ അത്താൽ ചെണ്ട്സഫ്വാൻ
അവർ ഹർബ് അധികമായ്
കൊടിയ കുതുകലംഗളബീലേതൊയിൽ കുഫീർകാം
ഇടുംവിനപലതുമാം
ഉടലിൽ ഉയിർക്കുടെ മടങ്ങവാൻ കൊതിവടുന്ത്
പൊരുതിടും സമയമാം
ഉദിരകളികളിത്ത് ഇറപ്പുടെ രസംപുകിന്തിട്ട്
അവർ വീണ്ട് ശഹീദായ

എതിരിത്ത് തവക്കംഇപ്പടയിലേ ആമീറുബ്നൽഹ
ള്റമീകറിക്കലൊായ്

എള്ളതശരം നെഞ്ചിൽതറക്കായ് പുലിമിഹ്ജഅ്
അവർ വീണു ശഹീദദായ്

ഇതിയിന്നു എന്നെരക്ഷിത്ത് എട്ടക്കണേയെണ്ടു്
തടിയൻ ഉമയ്യത്ത് കുഫക്കലൊായ്

ഇബ്ൻഔഫവർ ഇബ്നുഖലഫയും മകൻ അലിയുടേയും
യതയ്പിടിക്കലൊായ്

കൊതികുന്നു ഇടയ്ബിലാൽ എതിരിതായ് അവന
മുകിബ്ബായ് ഇരുമുട്ടം തറക്കലൊായ്

കുശലിൽ അബ്ദുറഹ്മാൻ അവൻെറ മേൽകിടന്നുടനെ
ചില്ലതോളർ അട്ടക്കലൊായ്

തതിത്തെ ഇബ്നഔഫ ഉടലിൻ ചോടെവാഠം
കടത്തിബിലാലവർ കുലക്കലൊായ്

തനയൻ അലിയേയും വധിത്തന്തെ കുഫതരിത്ത്
അത്തീഖുറൈബൈത്ത് ഹതാം

ഫനീഅൻ സാദക്കർറഹ്മാതഉർറാ
ഫഖദ്ദ് അദ്റക്ത്തതാറക്കയാ ബിലാലൃ

## ഇശൽ—അടൽ പൊരുത്ത്

ഉത്ത് അബ്ദർറഹ്മാൻ എണ്ടവർ താനേ
ഉമയ്യത്തകൊലചെയ്ത പൊഴുതാനേ
പററീയെൻ ബദമിലും ജൂർഹാനേ
പറവാനുണ്ടു് അനേകം ഇക്കഥയ്താനേ
തെററില്ല ഹാരിസു് എണ്ട സഹാബാനേ
തിരുടരിൽ കലകിത്ത് പൊരുതാനേ

ചുററി വൻഖുബൈശികാം ശുജ്ആനേ
ചൊടിചൊടിത്തു് അവർതന്നവളന്താനേ
വളന്തേററം കുഫ്ർചെയ്യേവിനകൊണ്ടേ
ബദൻതന്നിൽ മുറികളും പെരുത്തുണ്ടേ
പളന്തുള്ളെമലം പുലിഞരകണ്ടേ
പരിശവർ പകയരിൽ പൊരുതണ്ടേ
ഉളംതന്നിൽ കൊതിയില്ലാ മടങ്ങണ്ടേ
ഉണർച്ചയും മരിപ്പാനായ് അവർനിണ്ടേ
അളവിനിൽ കുഫിർവിട്ടെ ചരംഒണ്ടേ
അവർ ഞൊണ്ടകുഴിയിന്നിൽ തറത്താണ്ടേ
തറത്തുള്ളെ മുറിയാലും കൊട്ടതായേ
തളർച്ചയും പെരുദാഹം അത്ത്ശായേ
അറലുററ് ശുർബിന്ന് ശുഗ്ലായേ
അതിൽ സ്വർഗ്ഗനങ്ങൾമുകാം കനിവായേ
സിറിഹ്ഹുറാൻ അമർതവും മകുടായേ
തിളങ്കുന്നേ സർകളും നള്റായേ
മുറാത്പോൽശരി ഒത്ത സഹദായേ
മുറത്തന്നിൽ അവർവീണ് ശഹീദായേ

## ഇശൽ—തൊങ്കൽ

ശഹീദായവർക്കെല്ലാം ഇറയ്ഹന്നാനേ—
ശറഫാൽവഴങ്ങ് നിന്തിളാമന്നാനേ
വഹബാൽതുലൈക്ക് എന്റെമുറാദും ദയ്നാ
ഒക്കാബിഹബിഹം ഉനയ്ക്കാം ഔനാൽ
ബഹിയ്യും സക്കിയ്യ് ആയെനബിയെത്തൊട്ട്
ബന്തെഅഖ്ബാറിൽ പറയപ്പെട്ട്

സഹിചെയ്തിട്ടം താഹാവദ്ദൽമഹാബാ
ജഫ നത്തകം യേന്തീകുറേഹസബാ
ബാധിത്ത് അവർമുന്നിട്ട് അതിനെകൊണ്ട്
വലിയപുരാനോട്ട് ദുആയും വിണ്ട്
ഓതിതിരുനാവാൽ മൊളിശാഹത്തിൽ
വുജൂഹ്ആനതിൻ തീർച്ചാവീരയും നീത്തീ
ഊതിതിരുകയ്യാൽ റമാന്തറല്ലാ
ഊററഖുറൈശികാം മുഖത്തെ കൊള്ളാ
പോതത് അമ്മണൽ കുഫാടമിളിയിലെല്ലാം
പുക്കിട്ടഒഴികെ മറെറാരുത്തർ ഇല്ലാ
ഒരുവൻ പുകാംന്തോരെ തിരുകൈകൾക്കള്ളെ
ഊററംമുഅ്ജിസാത്ത് അതിയിന്നുള്ളെ
തരിഖിണ്ടിനാൽ നായൻ വെളിവാക്കിയെ
തരത്തെ ഖുർആനിൽ നസലാക്കിയേ
തരുളർഫഖാലഅയ്യുഹസ്സിജ് ആൻ
ശദ്ദൃഖുറൈശിൽ യാഅഹ്ലൽ ഈമാൻ
അരുളയ് തരിത്തുടൻ ബിലങ്ങാംയേററീ
അരിശംമതംകൊണ്ട് കുഫ്റിൽ തീററി.

## ഇശൽ—അലിഫുകാം അലിഫായി

വഹ്ദിയ്യത്ത് അമ്മരത്തിൽ പൂത്ത
വഹ്യ്അലരിൽ ഖുർആൻകനിയായ്
റഹ്മത്ത്എന്നും പഌത്ത് ഇൽമാൽ
രസമധുവുറയ്ന്തെട്ടത്ത്
മഹരന്തം നസീഹത്താക്കി
മധുകുടിത്ത് ഉടൽക്കമസ്തായ്

ജിഹാദുഎന്നും ഫീസബീൽ അകത്ത്
ജലാജലിജലിക്കും ജദ്ദ്ബോർ
ജദ്ബ് ഹുബ്ബ്എന്നും ഇശ്ഖ്എന്നേ
സമ്മദനപൂക്കൾ ഉണ്ടേ
മദംമദിത്ത്ബദർ അപ്പടയിൽ
മലംപുലികൾ ഘോരക്കടലിൽ
കുതികുതിത്ത് കുളിയും കളിയും
കൊണ്ടു് ഒരു ഛതർനാങ്ക് അടിയിൽ
തുതിമദനതിരുപ്പുകൾ താൻ
ചൊല്ലുവാൻ ഇറൈകാപ്പാമേ

## അറ്ബഅത്തു് ആച്ചിൽചാട്ട്

തന തന തന തന 2 തന്തും തത്തത്ത തത്ത തന്നത്ത
തത്താന തന തന 3 തനൈ താനേ
ഫാറ്ബ്നരർ അമരരു സുരർഅരിരജരുജിൻ
അങ്കംചിത്രിച്ചോർ പച്ചം അകത്തൊത്തിട്ടാനെ
മഹകലക
അന്നദിനകതിർ പദഫിബദർ പടസഹബുകൾ
ചിങ്കങ്കൾപൊർക്കപ്പൊത്തു് അരുവ് എത്തപ്പെട്ടാനെ
ഖുറൈശികൾ
ഫളറിലെനളറിടൈ അരിഹരഹരിഹരിദന്തം
പത്രിപ്പിത്തു് അച്ചിച്ചുകപ്പിത്തു് ചാടിപിടിപെടപ്രതി
പൂണ്ണാ
ഹരർകൊട്ടചമർ അലർകളിൽ മഹപ്രവജമപൊങ്കും
കത്തിത്തിട്ട് അപ്പോർകളത്ത് സഫോടെകുതിരകൾ
കൃഷ്ണവർണ്ണമുടെഉടലുടെ വടിവ് അടലിടയ്യെങ്കും

പുഷ്കരത്തു് വൃത്തിയിടക്കകോം വൊക്കാവെവതെളി
വൊളി
ഹമലയിൽ ചടരുകാം പള പളവള്ള തനമ്പിണ്ടും
ബട്ടെത്തി ചുത്താധരിത്രി പിത്തോംലിട്ടും അടൽ
അമരോർകാം
ഉവൽജമയവർഫർസ് അടികിടകിടകിടയ്കൊണ്ടും
തർപ്പെട്ടച്ചരുവർ ഞെട്ടപ്പെട്ടാറു് പുറമിലെ
തുരിശന്നയൊട് മുനം സലസലസലൽ അടികൊണ്ടും
വിട്ടൊട്ട് ഉഷ്ടരപുറത്ത് ചുററീടൈ അടലരും
ഫർസ്സ് ഉടലൊട് ബിടുബ്ടുബീട ചുടുചുടചുണ്ടും
പൽകെട്ട് ചെഞ്ഞ്റതിരുഷ്ടി പൊട്ടാകി നിലനിലൈ
അമരാതെ
ഹാമൊട്ട് സമസ2മദിരക പതിമദൻ ഇമ്പം
തട്ടെ കട്ടി തനത്തുക്കു് ഉത്തോവർ ഉടയവർ
നബിതിരുമിർഗമിളി കെ ടുപട ചൊടികളെകൊണ്ടും
രക്ഷക്കാംചക്രം എടുത്തിട്ടിട്ടോളം അരികരിൽ
ഹിഫ്ളിലെ സുഖസുഖസഖി സഹസവ്വജയം അമ്പും
തൊട്ട് എതുകിട്ടി ഇന്നത്തെ സപഗ്ഗാവിൽ അലംകൃതാ
ഉളമാശൈ
കുറ്ബ് നിനസൊണ്ണ സുരപതി ഒളിവു് ഉളവിയെ തങ്കാം
കെട്ട്എട്ട് പിച്ചെച്ചമൈക്കപ്പെട്ടാക തുറപൊടൈ
നരക് എളുപിരിപിരി പൊരിപൊരിനിറയവെ അന്നും
തൊട്ടിട്ട് ഇഹ്ലീത്ത്ബരക്ക്തട്ടാക്കി കഫനർകാം
കുടിലമിൽ മടവികാം നവകദവു് അത്ത്തുറൈനിണ്ടും
സഫൊപ്പിത്തിട്ട് നളർക്കപ്പെട്ടീടൈ അടൽ
പുതുപുതുമാകാം

കുളുകലം അതിമിതി മിതിമിതി മിതാദതുഞ്ചും
തത്തിത്തി കിത്തിമുതിത്ത് ഫറസീടെ ദുരകളും
അണിഞ്ഞണി ബരബര വംിവരിന്നിറന്നീരെ തഞ്ചാം
തിത്തിപ്പിത്ത് തുഷ്ടർനിരക്കപ്പെട്ടേശി വരുകവെ
കുടുകുട നടകൊടി പ ടിപിടി ചൊ ിചൊടി എണ്ടം
തുററുററ് കുററർ അടിത്ത് പട്ടാളമിടകൊട്ടുകൊട്ടുമാനെ
കുതികുതി മട്ടളടിയടിയടി ബിട്ടദിടടണ്ട
ൻ ട ട്ട ട്ട ട്ടി ട്ട ട ട ട്ട ട്ടെ ട്ടാനെതിശയിച്ചും
നെടിൽ പുറമിലെ ദബ്ദബ് ദബ്ടമടമട്ടണ്ട
ൻണ്ട ററ ററു ററി ട്ടട കൊട്ടററുററാനെ ചുവട്ടകറ്റം
കുഴൽവിളി ചൂളവിളി പടവിളി മഹവിളി കൊമ്പും
തത്ത്രി ററിത്തത്തി രിരിരിററി പെട്ടൊരേ തൊക

വിളി പുറകാളം

കുവട്ടക പുരവികറ്റം ദിമിദി മിദി മിദിമി അങ്കം
തത്തത്ത തിത്തൈത്ത ചവുട്ട് തൈത്താള തരികിട
തകതകതക ചെണത്തിയികിണകിണ തിങ്കം
തിക്കത്തൈത്ത തത്തിതി കുത്തതിത്തൊത്ത ഹൃദിമദം
കുടമണി മണിവള തളതള കിലികിലി കിങ്കം
കിൽക്കിട്ട് കിക്കിലി മട്ടത്തിട്ടാക കന്നിവൊഴി

ഉരൈവാരിൽ

ശുവ്വകിജ മജമജ അറബിന്നിൽമിക ഖുറൈശ്ശ് എന്നും
പൊർപ്പെട്ടെ ചിത്തർ കരുത്തുക്ക് ഉറോരെ ബിനകളും
വണ്ണമുടെ തിരുമുടി മകുടടി പൊടിപൊടിചിന്നും
വഞ്ചിരകർക്കൊട്ട് പകട്ട് പൊട്ടിടൈ ചിതരവേ
ശുറുതികെടൻ ഉറുതിമടൻ അറുദികുടൻ അബൂജഹൽ

പിമ്പുംചുററപ്പെട്ടൊക്കെ നികത്തീടെ ശ്ശുജാഇൗകൾ
അരികോരിൽ

സുരകരം അരിബരി കടിതുടകൊടിപടം
അങ്കംഹൗത്തൊത്ത് തൊട്ടിളുശൈക്ക് ചെത്തോരെ മുറിമുറി
കിണ്ടതകമുരശൊട്ട പറപറപൊളിയവെ
ദെന്നുംകൈകത്തിചക്രം അവിഷ്ട പട്ടാകൾ കിരിശികൾ
ചുട്ടചുടബിട്ടതി ചെയ്യരികർകൾഹ്യൊടെ ഉടൻ
കംബംകെട്ടിട്ട്ചട്ടകൾപൊട്ടി തിക്കീടൈ വിടയിട
മഹപോരയ്

ശ്ശുകളമെപതപതപതയവെ പ്രബലരെ
നെഞ്ചുംബൈത്തപ്പെട്ട് ഇഷ്ടമഹത്തുകുത്തീടൈ തലപ്പുവിൽ
അടിതടി പൊടിപൊടി കിളരിടൈ ചുളമതുൾ
പൊന്നുംകെല്പ്ഒല്പ് ചുക്രകതിപ്പ് പത്തൊദെമറമറ
ചുളിചുളി ചുളിയവെ മണിമണിനതൽപണി
പണംപുബ്ബ് കൈത്തട്ടിയതു് അററ്കെട്ടോടെ
ചുറചുറ മണിമാല

ശ്ശുളലിടകൊതികുത മെനിയെനകതകത
ഹ്യൊന്നും ചിത്തൊത്ത് ഉഷ്ണ നിലത്ത്പത്തീടെ ഖറ്ഖറ്
കുട്ടദടികൊട്ടനട്ട നട്ടനട്ട കൊട്ടകൊട
മന്നുംതിക്കെത്തി ദൃഷ്ടിമറിഞ്ഞ്തെറേറാട് സോറ്സര
ശ്ശുജാഅരെകരുകരുകൊട്ടമകൾ ചുരിചുരി
പിന്നുംപക്ഷത്തെചിത്തമട്ടപ്പ് കുഫാർകൾ
വരിവരിഇളകീടയ്

സർവ്വജയം ഉടയവർ ബദ്രീകൾ സഹാബികൾ
സന്തംശിദ്ദത്ത് ശദ്ദ സമർത്തത്തുൾ തീരുജകജക
ഹയർ ഉരഖുറൈശികൾ നിലവിളി തുടരവെ
തുണംതൊട്ടിട്ട് പിഷ്ടകവിഷ്ട തത്രീലൈതാ്ഫുകൾ
സരസുതി ബരടിടൈ ബനമില്ലുൾ അസദുകൾ
കന്ദുംപൊത്തൊക്കെ പുക്കഴ്ത്തിക്കി ചുഃററാട്ട്കളില്ലൈല
ഹർബാലെ

സർജനഫരജൊട്ട് സർജനർ മറുജവ
കണ്ടം ശിഷ്ടർഉളത്ത് കത്തീടയ് ഖൈറഫെരി
ധരണിയിൽ ഖദമടി പതിപെടുകൊട്ടഭയം
അണ്ടം തട്ടക്ക് പൊർക്കമെനസ്ത പൊഃററാരുനിലഇലയ്
സുഖമിലയ് ചുകമുടെ മുകളിടഹർബിൽവ്വി
ളുന്തുംതത്തർത്തുപററികിടത്തത്തൈകാണ്ടം
അരികരും ഒശിയാതെ

സഹാബുകൾ അമീറുകൾ ഉമർവലിപുലിഅലീ
ഹംസത്ത്ചുത്ത ചിത്രകയത്ത് പിററാനെ മുഹാജിറും
അതിമതമൊട്ട് കുഫിർശുജാ അരെവശിവശി
മുന്തുംകർകുററ പൊട്ടർമറുത്ത് തുക്കാകെ മരണമെ
സദ്രിടൈതൊട്ടതൊട്ട തൊയിലരെ പിടിപിടി
മുമ്പും പെട്ടിട്ട്ചട്ട മലത്തികെട്ടീടയ് എഴുപത്
സദമുറൈ ഉണർകടൽ അഹ്മദ് നബിതിരു
മുൻബന്ത് എത്തിട്ട് അക്കെട്ടിൻ അകത്ത്പെഃട്ടാരെ
തർവിടൈ

കതിരൊളിബദ്രീകൾ ഉദിരമതു് എതിർമകൾ
ചന്തംഹക്കെത്തൊട്ട് എപ്പള്ളും ഉത്തുററ്തേടും ചെറിയൊരു

സബിഫ്എന്നയ് പിഴ പൊറുവദിൻ ഉമദ് അലതു് ഇലയ്
തങ്കംതട്ടെട്ട് ഇകൊട്ട് ഇശൈഒക്കെകെസ്തൂരികമകമാം
ഇറസൂലെം

## ഇശൽ ഹാമിദ്ദർറസൂൽ

എന്ദറാവിസുമ്മാ—എമ്പാഃവ അഖ്വാമാ
ചണ്ടതിങ്കിഖാമാ—സമയമിൽ മുഖീമാ
മായമുററ് അബുജാഹിൽ പൊള്ളൻ—മനകട്ടപ്പം
പെറ്ററകള്ളൻ
തായമിൽ മികവായെതുള്ളൻ
തടിഖവായത്തേററം—തരമിനാലുണ്ടൂററ
ഊററമേററം ചല്ലൻ—ഉടൽ ഉരത്തെകല്ലൻ
മാററമുള്ള വില്ലൻ—മഹത്തൊഴിൽക്കും മല്ലൻ
മല്ലനാം ജഹലിൻശിരത്തെമററുഖൗമിൽയേറെമെത്തേ
വല്ലവൻ ഉശത്തി വെത്തേകെത്ത് ബദർ നാളിൽ
വിനമികത്തെ കോളിൽ
കോളിൽ ജഹൽ ആട്ടം—കൊണ്ടറബ്ബിൽതേട്ടം
ഏള്ളിബാശം നോട്ടം—എങ്കളിരുക്രൂട്ടം
ക്രൂട്ടമിൽ ഒണ്ടിരിമവെരേത്താർ—ക്രൂവും അർഹാമയ്
മുറിത്തോർ
ആട്ടമായ് ക്രൂഖുളംശെിത്തോർ ആരൊരുത്തരാമേ
അഅ്ലമുന്നിയ്യാമേ
ആണവരെ ഒക്കാ ആക്ക് നീഹലാക്കാ
ഇൗണബാത്തിൽഹഖാ—ഇടയതുംപിരിക്കാ
പിരിത്തരുാം ഇത്തലമിൽനിന്നു്—പേക്കലാ
അദഉൗക്കയെന്നു്

ഇരവ്ജാഫിൽ ചെയ്തതന്ന്—ഇസ്സജാബൽ
മന്നാൻ ഏകൽപോലെതന്നാ
നായൻലൗഫിൽചേർത്തേ—നൽകുറിക്കിതൊത്തെ
പായമാപുറത്തേ—പകയൻ പോർഅകത്തേ
പോർഅകത്തിൽ അനേകതാളം പുരവികളിയും തകൃതിമേളം
ഊരുമുളങ്ക പടികളോളം—ഊററവും നാമൂസാ
ഉഠംകിബ്ർലായുഫ്സാ
ആനെനേരംപോരാൽ—അനവരംഫിയാറാൽ
താനെ ഫിക്ക്റും ബാറാൽ തരമേ പുസ്തിതാറാ
താറാഅഖലും ശുഗ്‌ലിൽജനരാ—സമയമിൻ
മത്ആദിബ്നഉമറാ
സാറഅരികർ ജഹലിൽഹളറാ—സാരിആയ്
ഇരുപേരും തമ്മിലേററബാറും
ബാറിൽ ഇരകഠംകണ്ടേവൻപുലിയോർരണ്ടേ
ഈറപെരുകും ചണ്ടേയേറുകൊട്ടമാകൊണ്ടേ
കൊട്ടമതടവും അടികഠംചാട്ടം
കുടിലമുനയാൽ ഇടയിൽ നീട്ടം
പടതൊഴിൽകഠം പെരികെകാട്ടം
പശുതിടാതെവെട്ടം പാത്തൊശിത്ത് തട്ടം
തട്ടതിൽ തീപൊങ്കി ചമർക്കളം കലുങ്കി
ഒട്ടഇത്പോൽ തങ്കി ഉമർമകൻ കുശങ്കി
കുശകുശക്കിൽ ചമർഗളബായ് കുലപ്പെട്ടത്താൻ
ജഹൽഗലബായ്
പൊശുദ്ദമത്ആളൊണ്ട് അവനെളർബായ്
ഫഖ്ദ്തന്നിൽപററി പകയരുഅപ്പഠംചുററീ

ചുററി ജഹല്യടെമോട്ടം സുർഇന്നാലടിന്നീട്ടം
പെററപുലിപോൽ ചാട്ടം പെരിയ ഗളബ്ബംക്രുട്ടം
ക്രുട്ടംഇടയിൽരുംഹിന്നാലെ കുത്ത്നിറയാ പുറമിന്നാലെ
ക്രുട്ടിജഹലിൻ സദ്റ്തരിലേകൊണ്ട്വീണബുജാഹിൽ
കുത്തിയത്മീക്കാഇൗൽ
മീക്കാഇൗലിൻതുയ്യെ മീറൽതങ്ങ്നാൽ ഒയ്യെ
ആകരുത്തൻ മൊയ്യെ ആടഃവുഗം മെഃയ്യെ
മെയ്യെ അമ്മർകുത്തിൻഉടനെ മികമഅൗദിൻവെട്ടുഉടനെ
തുയ്യർമുറിയാൽ പെട്ടപെടനെ
തൊട്ടവൻ നടന്ത്തോളരും പരിന്ത്

## ഇശൽ ബിട്ടമോനമയികളും

പിടരിജല്യടൻ നടന്തെപൊളതിഃല
പിളരികനവട്ടം വിട്ടന്ത്വിളന്തിടയ്
ഉടനെകുഫിർകളും മിളിയുംതുറന്തിടാ
ഉളരിഹർബിടയ് ഹർബിന്നൊശിവതായ്
വടിവർനബിയുടെ കരുണകടകയ്യാൽ
വളത്തിയെറിന്തുള്ളെ സികിതം സബബിനാൽ
പടയിന്നുളർവതിൽ ചിലർകാം ചിറപെട്ടം
പാദമുംകരം ഉടൽപലതിൽ മുറിചെട്ടം ഉളർന്താരോ ഉടനെ

## ഇശൽ ഒന്നാംതുതി

എന്നും ഉരത്ത്റാവീനബിയ്യുനാബദർപോർഅകത്ത്
എങ്കും മുളങ്കും കോവിംകടഹസ്തമാൽഹസബയ്എടുത്ത്

വന്നംഖുറൈശികൾ മുഖാകൊള്ളവിട്ടോരുമുഅ്ജിസാത്ത്
ബാന അളീമത്തായെഅജീബത്ത് അസ്സമയംഭവിത്ത്
ഉന്നിടലായ് ഹകീമുബ്നുൽഹുസാമുനമൈകളൊക്കെയ്
ഒട്ടും വിടാതെ വെട്ടും ഖിത്താലിൻനേരമിൽ
എങ്കൾ കേൾക്കയ്
തന്നിമിനസ്സമാപുവി കൊള്ളവന്തൊരുസൗത്ത്മിക്കയ്
തശ്ത്ത്ഉകം ഉത്തതാലെ ഹുസാത്ത്എറിന്തത്പോൽ
തരിക്കയ്
തരിത്തുടൻ എങ്കൾ ആനനം വെഎന്നംനാസ്ഫ
മികൾ എല്ലാം
ദമ്മ് ഒലിപ്പെട്ട്ദാമികുതായിപശംകൊട്ടുതാകയ്ദില്ലാൽ
കരുത്തുകൾവിട്ടുഹൗലും തഹയ്യുറാൽവഴിഓമ്മയില്ലാ
കൺമിഴിയാ ഖിത്താലത്പിന്തിഓടിടയ്വന്തെതല്ല
ഉരത്തത്പോൽ കവാഫിറിലുള്ള നൗഫൽതിരിത്തെ
വാത്താ
ഉത്ത്ബദർദിനത്തിലെയെങ്കൾ കേട്ടോരുഅളിയു
സൗത്താൽ
തിരിത്ത്ജിൻഇൻസും മറെറാരുശയ്ആൽഅല്ലവേ
ആരും ഓത്താൽ
തിച്ച്യതില്ല വൻശദീദാലേ ഓടിടൈ നാങ്കൾ ആത്താൽ
അത്തരമാൽ ഉരത്ത് നബിമിനർറഹ്മാനിഖഫ്റാം
അന്തെസൗത്ത്ഇറങ്കിഖുറൈശിയാക്കളിൽ
വന്തെഖത്ത്റാം

മത്തിരർആകെ ആനനപാകമേഷർബിട്ട്വസറാം
മട്ടിടകൽ തരുക്കളിൽചെണ്ടുമുട്ടവതാലെസഫ്റാം
ചിത്തിഥരാം സഹാബികൾക്കള്ളെസൈഫുകളാലെവെട്ടി
ചേടർകൾഒട്ടചത്തിടെ ഓട്ടമിട്ടവരിന്ന് കിട്ടി
പിത്തർശ്ശുജാഇയാണവർയേളുപത്ത് അരികോരെമട്ടിൽ
പെട്ടന്നെ ചിങ്കർഹംസ പിടിത്ത് ചട്ടമലത്തികെട്ടി

## ഇശൽ നാരിക്ക മഹാസ്നേഹം

കെട്ടിഹംസമട്ടിൽ അവർപെട്ട് ചിറയാൽ അപ്പാം
കേടർശേഷം ഓടിമക്കം ക്രൂടുവാൻമുറയാൽ
ഒട്ടകങ്ങൾ കെട്ട്മാലും പട്ട്തുകിലാൽ മററും
ഒക്കെവിട്ട് ദുഃഖംമുററിതിക്കിടും ഇകലാൽ
ഇകലിന്ന് ഇടരികൊണ്ട് ഉളരുംസമയത്തിൽ
എതിമ്മകതിമ്മവിട്ടകമിൽഖശ്യത്തിൽ
പകലോലൈലോയെണ്ട് ഉശലുംപടിയെത്തി
പലേകൽ ശജറിലും കുഴികൾകിരിയത്തിൽ
ഏററിടുംബുകയാൽ–അവർ–ക്രൂറിടും ദനിയാൽ
വിളിതേറിടും മൊളിയാൽ–ചിലർ–മാളിടും ഒളിയാൽ
ഓട്ടമിട്ടചൊൽവതെങ്കൾ നാട്ടിലെത്തുമോ–ലാത്ത
ഹുസ്സഹുബുലുൽ അഅ്ലയെങ്കൾ തമ്പുരാർകളേ
ഈവട്ടം ഉങ്കൾ കാവിലിൽചേത്തുറവുകാപ്പീരേ
ഉയിർകൾ–ഇത്തലത്തിൽ നിണ്ടുപോകുംമുന്നം എണ്ടാനേ

ഉളരിഹർബിന്നിൽ ശിരവും മുഖംകുത്തി
ഉവിയിൽവിളുകലും മുറികളത്തുംപത്തി
മിളികൾ പിളരിടകഴികൾ പദംകിത്തി
മിടന്തും ഒടിന്തതിൽ ചിലർകൾ നട്ടചുത്തി
പാട്ട്അനേകവിതം കൊണ്ടും നാടണയ്കൊതിയാൽ
മണ്ടും കേട്ടകൾ പലതും—പൂണ്ടും-ഓടി ഇംവിധമാൽ

## ഇശൽ വിട്ടമോ നമൈകളും

അടവെള്ളരുന്ന ഹർബും കുതുകലം
അരികർ മത്ഉദിബ്നു് ഉമറും കനിന്തുടൻ
തുടരെപടയിടസഹബർ അണവരും
തുനിന്ത് കണമിടയ് അവരും തുടന്തതിൽ
തട്ടത്തും പിടിത്തവർ ചൊടിപ്പും നടപ്പിലും
തളച്ച് ഉയച്ച്യും മുതൽകൾ പറിക്കലും
ചടപ്പിൽ ചിലർമൂന്നം മടങ്കി ഇലന്നബി
ചമറിൽ അവരവക്ക് അണന്തെതരങ്ങളും
ഉരത്താരോനബിയിൽ

## ഇശൽ അറബിക്കര

നബികൾ റസൂൽകൾക്കും നായകൻ ഖാത്തിമാനേ
നബിതങ്കൾ അസ്ഹാബിമാരിൽ എല്ലാം
നാടീ അബൂജാഹിൽ എങ്കെ
കിബ്റൻപടക്കളംതന്നിൽ മഖ്തൂലായ്
കിടക്കന്നോഹർബായിപോയോയെന്നും

കേട്ട്മഅൂദ്ഏണ്ടാർചൊന്നോർ
കവിടനെകണ്ട് ഞാൻ ഇന്തൽഖിത്താൽ അതിൽ
കലക്കങ്ങാം കഴിന്തുള്ള വാർത്തക്കുറി
കഥകേട്ട് ഏല്ലാം സയിറായപ്പോൾ
അവിടത്തിൽ ഓരോരേ പാകത്തിൽ ഓരേപേർ
ജഅ്ബത്തിന്ന് ഒശിന്തോടി പോയെണ്ടേട്ടാ
അസദന്നാട്ടം പോൽതിരന്താർ
തിരന്താർ ഒരുപേരും കാണാതൊരാംയേണ്ടി
തിരുറൈശ്ശുജാഅത്തുള്ളോർ മുഹാജിർ
ആണെ ഇബ്നുമസ്ഊദ് ഏമ്പാർ
ഇരുണംമികത്തുള്ള ഈറദ്ഭയമാപോൽ
ഏത്തിടയി ലഈറൻ അബൂജാഹിലിന്റെ
ഇടമിൽചെന്ന് യെതിത്തിടുമ്പോം
പരിയിൽമുസർറത്ത—യള്ളോൻബരിബാഗം
പിടുത്തുള്ളസയിഫ്അവൻ വെത്തതാലേ
പോതം ആട്ടം കാണമെന്നില്ലയ്
തരിശിത്തിടാമെയ്യിൽ—ഉർമ്പുംജ്ജർഹൊണ്ടും
തരുണിയിൽ മുകിഞ്ഞായ് ഉടൽചകംപോൽ
തഞ്ചം പകർന്തെല്ലാംവാടി
വാട്ടമായുള്ളോന്റെ ചുറവും നടന്തവർ
ഭയമാൽ തഫ്തീശ്ചെയ്യവന്റെ
വാളുംവേഗം ഊർന്തെടുപ്പാൻ
ചോട്ടൻജഹൽതന്റെ സിഹ്റാകും തോളർതാൻ
മൂഡനെ പിടിത്തൊണ്ട് അനക്കിനോക്കി
ജീവുള്ളപോൽ തോന്നുന്നില്ലയ്

ക്രട്ടിളടലുകൾ മറിത്ത് മലത്തിയെ
നേരത്തിൽ മിളീളുറന്ത് ഒണ്ടു:നാക്കി
കളുകലിത്ത്യെള്ളന്തിട്ടുവാൻ
പാട്ടിന്ന്യെളക്കംമുൻ ഫാടിജഹൽ നെഞ്ചിൽ
ഫള്ള്ലുഃററാർ ഇരിന്ത്അവനോട്ട് ഫോന്നാർ
പകയായെൻ ഫൊൽകേട്ടകേൾന്നീ

## പദം

കേളടാ അബുജാഹിലേ കേളടാ കൊടിയകേടാ
കേളടാ ഫടയമൂഢാ കേളടാ
തുടിതുടിക്കും ഫകയാ കടുകടുക്കും പകയാ ജഹലേ കേളടാ
ഫാളിഫകത്തപോലെ മാളികിളപ്പവനേ
ഫാളും യാ അദ്ദവ്വല്ലാ നാളും അഖ്സാക്കല്ലാ
താളികിടപ്പിലുടൻ കീളെ മറിത്തിടുമ്പോൾ
തുളിതെളിന്തിടുഃന്നാഃവെളമ്പ കടുകടുവാ
അബൂജാഹിൽ ഫൊല്ലും ഇബ്നുമസ് ഊദവരോടുമെല്ലാ
ആട്ടുംകിരിവനത്തിൽ ക്രൂട്ടംഫയൽഗണത്തിൽ
ഋജംമേയ്ത്തിടുവോനേ ഈജനരശാനേ
ഈട്ടും ജോക്കിയസ്ഥാന പീടംനെഞ്ചിനിൽകേറി
ഇരിപ്പാൻ ഉറച്ചെന്നിന്നോട്ട് ഉരപ്പാനെന്ത് എളുന്ത്പോ
കിബ്റേറോൻപിന്നം—ഉരയ്ത്ത്മുന്നോർ
കീൾറിത്ത്ഉണ്ടന്നും—കീയ്യ്അമീദുൽഖൗമി
സയ്യിദ്ദുഹും അതെണ്ടും—കേണിക്കൽകൊണ്ടെന്നിൽ
നാണക്കേട്ട്ഇല്ലെന്നും

ഉയ്യുംജേഹത്തമെണ്ട്—മൊയ്യൽകേട്ടവർവിണ്ട്
ഉരുട്ടുംമറികാംമായ ചുരുട്ടും തെറികാം പോദയാ
കവിടാത്തനമ്മുംഇപ്പാംയെവിടാ ഏടാ കളിയാ പൊളിയാ
മുഖ്ചുളിയാവളിയായെന്നും കേളടാ
പിറകാശംതികന്തെ കുലംകിളയിൽപിറന്ത് നീ വളർന്തെ
പോരുംശ്രുരുതിപാല ഊരും പരന്തവൻ നീ
പിടിക്കും ശ്രുജാഅത്തുടൽ മിടുക്കും മികത്തവൻ നീ
ആരംഇസ്ലാംദീനിൽ ചേരാമൽ ശെിന്തതാൽ
അണ്ടംകെട്ടത് പോലെ കിണ്ടംപെട്ട്ഇവഹാലെ
അറുതിയുംവന്തേ സമയംഎത്തീ അടലിൽ നീ വിളുന്തേ
അല്ലൽഉടൽക്കണഞ്ഞു പല്ലുംതൊലിതൊലിഞ്ഞു
ആയംകണ്ണുകാംനട്ട് വായും ചിരികാംചുട്ട്
എല്ലും ഉറപ്പൊടിഞ്ഞു മല്ലുംവിനമുടിഞ്ഞു
എളുന്ത്നാടികാംപൊട്ടി വിളുന്ത് കവിളുംഒട്ടി തിരുടാ
കുശൽഎന്തിനി കരുടാ—യെടാ—കടുവാ—മടുവാ
മൂഢപ്പുടുവാ വടുവാ യെന്നും കേളടാ
അർമൂണ്ട് അൽഫ്ആലം
പുകാംപെട്ടോർ അഹ്മദർചീലം
ആദംതിരുമയിന്തർ ഓതും മുറയ്കലിമാ
അല്ലാഹ് ഒരുവൻഎന്നും നല്ലോർ റസൂൽ അതെന്നും
ഓതുംപടി അറിന്ത് വേദം പുകിലോ നിനക്ക്
ഒത്തോർ ഒരുപേരുണ്ടോ ബുദ്ധോർ നമെകുലത്തിൽ
സഹബാരിൽഒക്കേ നബിയ്യുല്ലാൻെറ ബഹുമാനംഉനക്കെ
തടിക്കും നിൻകുടുംബത്തും കുടിക്കും വൻബക്ത്തായി

തലത്തെങ്കും ശ്ശുഹ്റത്തും ഫലിത്തുന്തൻ മദ്ഹകാൾ
ഒടുക്കംനാൾവരെ മൊയ്യും പടപ്പെല്ലാം പുകൾചെയ്യും
ഉറുതിദീൻപുകിയാമൽ അറുതിയാകിട്ടൽ ലഅ്നത്ത്
ഉളവാം നെടുനാൾമട്ടും കളവാ എടാ ചതിയാ കൊതിയാ
കേടുവിതിയാ ഗതിയായെന്നും കേളടാ
മുഅ്ജിസാത്തെറാം നബിയാർകാട്ടി മുകന്തുന്തൻമാറം
മുത്തിൽ പുഴകണ്ടതും വിത്തിൽതരുവിണ്ടതും
മുട്ടിത്ത് അഅ്റാബിക്ക് ഒട്ടകത്തെകൊടുത്തതും
ചൊത്തിൽലാവുകംവന്തും—എത്തി പിണനിണ്ടതും
പൂതൽകാൾ തഴത്തതും ബാതൽകൾ അകയ്ത്തതും
മരക്കല്ലിന്നെളുത്തേ മരത്തെപിന്നും മടക്കിവിട്ട് അമർന്തൊ
മതിയ്നയ് അളയ്ത്തതും അത്കീറിച്ചേത്തതും
മാനിൽപിണ നിണ്ടതും പൂനയ്പുശൽ ഉണ്ടതും
ഇത്പോൽ തീരാതെമട്ട് പുതുമാകൾ കനിന്തിട്ടും
ഇണങ്കാതെ മനസ്സുറെറച്ചുണങ്കാ നീ കെതികെട്ടേ
ചലിയാ ഹസദുമുറെറ കലിയായെട ചൊറിയാ വെറിയാ
ശ്ശുലക്കറിയാ തെറിയാ എന്നും കേളടാ
ഹിശാമിൻെറ മകനേ എനിയെങ്കിലും ഇണങ്കികൊൾദീനേ
ഇരുകൺമിഴിത്ത് ജാഹിൽ ഉരത്ത് ഇബ്നുമസ്ഊദിൽ
ഇരിക്കട്ടെ ഇവഭാഷം തരിക്കൊണ്ടിപ്പടതന്നിൽ
വിരുത്തും ജയമതാക്കം?
കരിത്തർ ജഹലോട്ററാർ വേദിനബിയാക്കേണ്ട്
കാതിൽകേട്ടവൻവിണ്ട്

വിശേഷിച്ച് ചില'ർകൾനമിൽകയത്ത് വിനചെയ്തോർ
എവർകൾ
വിണ്ടർമലാഇക്കത്തോർ എണ്ട് തരിത്ത് ചൊല്ലിയ്
വേർഇല്ലാവിധം അപ്പാൽ ക്രൂറെണ്ടും എനതോട്
ചണ്ടാജഹിത്തോർകൾ കണ്ടോർഉമദല്ലെണ്ടും
ചാട്ടംമൊളിയതിനെ കേട്ട സഹബ് ഉടനെ
ഉരക്കയ് ജകട്ടകൾ ഉയ'ർപരക്കയ്
ദീനിൽ ഉതകും പതകം നബിക്ക് അധികം സദദം
ഹഖ് കേളടാ
ഇരുടൻ ഉററുഎന്മ ഇത് ജേഹത്തം എങ്കിലും മനമേ
ഇകൽക്കേററം ശുജാഅത്തുൾ മികവുററത്തലവരോട്
എതിത്ത് ചാവത്തുക്കെന്നിൽ കതിത്ത് കശിന്തതില്ലയ്
വികത്തൊണ്ടും തിരിയാതെ നികത്തും അക്കാറീങ്കൾ
വെട്ടാൽ ഈവിധത്തിൽ നാൻ പെട്ടവ്യസനം ഉള്ളിൽ
ഇരിക്കൈയെണ്ടുരത്ത് ഇരുകണ്ണിന്നും അളുത് നീർചെലിത്ത്
അറുപ്പാനും മുഹമ്മദിൽ മറുപ്പാനും എനിആരാം
അറേത്ഥങ്ങൾ വരുത്തുവാൻ എനിക്കൊത്താരുണ്ട് വേറാ
പിറപ്പായ് ഒരുപേരെയും ഉറപ്പായെൻ കനിന്തില്ലയ്
പിളർന്ത് പുതിയമാറ്റം വളർന്തല്ലോ അതുകൊണ്ട്
സഹബാനവർഉരക്കയ് ഗളമ്പാൽയെടാ മുരുടാ കരുടാ
മനം കുരുടാതിരുടായെന്നും കേളടാ
ഇസ്ലാംദീൻ അളിപ്പാൻ നബിയിൽ മാററംയെട്ടക്കന്നെ
ഉകപ്പാം
ഇറുമ്പിടയെലിമായ്ക്കാ കുറുംപുറയ് പുലിതായ്ക്കാ
ഇദത്തിൽചെങ്കയ് അളയ്ക്കാർ മദത്തെഉരുക്കൾപോക്കാ
ഉറയ്ത്തുവൽജലംഒക്കാ പറയ്കൾ കുരലാൽനിക്കാ

ഉരമ്പിതവങ്കാംമിക്കാ വരും വേന്തൻമുനംനിക്കാ
ഉകിനത്തോൽപയിറാ വിതത്തിടാമോ
തെളിമാളാ കുയിറാൽ
ചൊടിച്ച്വജ്ജിറകൊത്തയ് ഉടച്ചുമായ്ത്തെട്ടക്കാമോ
ജോനാകകലകത്തെ പൂനാകം തട്ടക്കുമാ
പിടിത്തെതീവിട്ടളത്താൽ കൊട്ടുത്തുറം അടക്കുമോ
വെറുക്കും നീൻചിരം ഇപ്പാം അറുക്കും നാൻഒഴിക്കാമൽ
മടലേ ലഞ്ഞ്നത്ത്ഓളകടലേ ഉനെ
ഇരിപ്പുലും മരിപ്പോളും തഴിക്കാ ഖൽബ്ബ് ഒരിക്കാച്ചും കേളടാ

## ഇശൽ ഹഖാന

കേളെണ്ടു്തോളർ ഉരുയല്ലമ്പാം ജാഹിലുടൻ
നാളും വരണ്ടു്മൊളിയായ്
കേമിത്ത് നീ പറകുനാം ഉത്തിട്ടന്നപടി
ഫേമിത്തെ ഹാമിദവനിൽ
കോളുറെ എൻപകയൻ നാളൊക്കെയും വഹബിൻ
മോാംപെററമയ്ന്തൻ അവനാം
ക്രൂശാതെ ഇക്കുവലയ് പേശാതിരിക്കരുത്
നേശാത് അറുത്താതലയ് നീ
ചൂളണ്ട മൂച്ച്യുടെ വാളെൻെറത് ഇൗത
ഖുദ്വീളെൻകളത്ത് മുറി നീ
സുഹ്ഖത്ത്അണ്ന്ത്യെനത് മുഹ്ജത്തും ജീവും
ഉയിർ ദഹ്ശത്തിലായ പൊളുതാം
നീളത്തിൽ എൻെറ ഗളം കീളറാമായും ഉയിർ
തോളററമായെ തലമിൽ

നീട്ടിപിടിത്ത് സൈഫ് ഓട്ടിത്തറുത്തിടുക
കൂട്ടിക്കൊസത്തുവരമേ
വരംഎന്ന് അദുവ്വ്മൊളിതരികൊണ്ട് തോളർ
ഉരയ്തരമെന്തിനാകും അതുതാൻ
അബുജാഹിലുന്നിഎന്നും സബ്ത്താറിയായമഹ
അബ്ത്താലിയാക്കളിടയിൽ
ചിരംകൊണ്ട് പോയിതുമിഹരംവിണ്ടെ ഹാമിദ്ദടെ
തിരുമുമ്പിൽ വെത്തിടുകിലോ
ചിങ്കത്തർകാണുവതിൽ ചങ്കിത്ത് അജാഇബുകൾ
തങ്കിത്ത്പേണുവതിന്നാം
പുരിയാണത് കയ്യിലും അരിഃയാർയെനക്കളതിൽ
പെരിയോൻ അശർറ്അഹ്മദാം
പോയിട്ട എൻമൊളികൾ വായിട്ടുമൊയ്യുണമേ
തീയിട്ട്യെടുക്ക റഅ്സയ്
അരികർതരിത്തുടനേ തിരുടക്കരുത്തനടെ
ശിരസ്സയ്വിടുത്ത്ഖത്ത്ആൽ
അഅ്ലായെഃകൊദനേ ഉനയ് ലഅ്നത്ത്അൻപ്പവനിൽ
റഅദുറെറനാളും അടവേ

## ഇശൽ തൊങ്കൽ

ആനേഅദുവ്വാക്കൾക്കരശൻറഅ്സാ
അറുത്ത് ഇബ്നുമസ്ഊദ് എടുത്താർ അംസാ
ചേനക്കളും വിട്ടങ്ക് അവർ നടന്താർ
സിംഹറ്നബിയാരെ തിരുമുൻവന്താർ
ഞാനക്കരുവരിൽവിരുത്തിസാദാ
നബിയേജഹൽതൻെറ റഅ്സാംഹാദാ

താനോൻപുകഴ്ന്തോരിൽ ചമറിൻചേതീ
സവ്വം വിവരംപോൽ തിരിത്തങ്കോതീ
ഓതൽചുശന്ത്നിപ്പവർ സഹാബാ
ഓർത്തിട്ടരയ് എപ്പാവരും മർഹബാ
ത്തുതർ മുബശ്ശിറൻ റഫഅസ്സൗത്തിൽ
തോളർ അടങ്കലിൽ അറിവുളത്താർ
ആദിപരൻവക്കൽ അനങ്ക്റമാ
അടവെറുസുലക്കാഴം എന്നും അർഹമാ
സാദാത്തക്റമോർഎന്നായ് ഉമമാം
സകലാ ഉമമെക്കാഴം അ[illegible]ർറഹ്മാൻ
നിറന്തെന്നബികഴ്ക്കും റസൂൽകഴ്ക്കാതെ
നീറും ഫിർഔനങ്ങ് എത്തിപ്പിൻപോരെ
മിറുതായ് പകയർകുല്ലഹും സഗീറാ
മിൻഹും എന്നായ്ഫിർഔൻ ഇവൻ കബീറാ
മുറയായ് ഫിർഔൻല മൂസാഹാലാ
മുങ്ങിഹലാക്കാകും സമയംചാല
ഉറുതിളമൈക്കളെല്ല ഇലാഹെകൊണ്ടും
ഉങ്കഴ്രിസാലത്തും ദഅ്വാകൊണ്ടും
കൊണ്ടും മുസദ്ദിഖായ് വിശ്വസിത്തേൻ
കുവത്താൻ എനിക്കളെല്ല ഫിർഔൻഉരത്ത
ഉണ്ടും മരണത്തിൻ സമയംതന്നിൽ
തോററി അവൻ എററി അദാവത്ത് എന്നിൽ
കിണ്ടും കുഫിർപോരും ചസാവത്ത് ഓളം
കേററിശിരം മെയ്യിൻ അകലുവോളം
എണ്ടും കരിമാദോർ എന്നായ്ഉമ്മത്താം
എത്തി ലഹും ഫിർഔൻഅശദ്ദെണ്ടുത്താർ

ഉത്താർഎന്ന കൻസുൽ ഇബാദ്തന്നിൽ
ഉള്ളാൽ റങ്സെത്തി നബിയാർമുന്നിൽ
മുത്ത്സഫിയ്യുല്ലാ കനിന്തപോതേ
മുന്തി പെരിയോനിൽ സുജൂദ്ചെയ്യേ
സുത്തംറക്ക്അത്തയ്നി അവർ തൊളുതാർ
ശുക്ക്റായ് ദുആയും ചെയ്തീടയ് ജാഫിദാൽ
കത്തൻലങ്നത്ത് നെടുനാൾമട്ടേ
കുരുടൻ ജഹൽക്ക് എന്നും വഴങ്ങീടട്ടേ
വശിയേ ബദർതന്നിൽ ശഹീദായോരാ
വള്ളൽനളർത്തെണ്ണം പതിനാൽപേരാ
മൊഴിവാൻ അതിൽ സിത്തമുഹാജിർകളാം
മുന്തിയോർ പിറകെട്ടും അൻസാർകളാം
അശകർ പതിനാലും അബ്ത്താൽകളാം
അദിരപടക്ക് ഈററപ്പുലിയാർകളാം
അശ്റാഫുകൾക്ക് ഇമ്പതലവീരരാം
അടവേ ശുഹദാക്കൾക്ക് അരശാണോരാം
മരിതോർ അവർ മൗത്തായവരാമെണ്ടും
മററുള്ളവരെല്ലാം ശഹീദല്ലെണ്ടും
പെരിയോൻ അവനാണെ ഇഖ്വാൻകളെ
പാവിത്ത് ഇരക്കാവീൻ മുങ്മിനീങ്കളെ
അരിപ്പം ഖുർആനും ഹദീസും ഉണ്ടേ
അവർകൾ നെടുനാളും ഹയാത്തോരെണ്ടേ
അരികോർ അവക്ക് നിൻരിളായെന്നാളും
അരുളി ഫലിക്കട്ടെ ഖിയാമത്താളും.

## ഇശൽ—മൊളിയുന്നാർ ഏറെനെ

ഉതിമതി മദദ്പ്രകാശ ബദ്‌രീങ്ങൾ
ശ്രുഹദാക്കൾ ഇസ്മൈ ചൊൽവാൻ
ഓമനനബിക്ക് അമ്മ്ഹാരിസിൻ മയ്ന്തർ
ഉബൈദത്ത് എണ്ടവർതാൻ ഒണ്ടാം
പതിയെങ്കും മശ്ഹൂർ അബീവഖാസുടെ
മന്ത്‌റേശർ ഉമൈർ രണ്ടാം
പാരിതം ബിളങ്കും ബൈളാവെണ്ടവക്ളെള
പുത്തിരർ സഫ്വാൻ മൂണ്ടാം
നിതം ഹുബ്ബൽ ഖുറൈശി മുറിത്തെ പുലി
ദുസ്ലിമാലെന്നിയെണ്ടരികർ നാലാം
നേരിട്ട് പൊരുതോർബുകൈറെണ്ടവർ
ചെൽവം ആഖിൽബൻ കരുത്തർ അഞ്ചാം
മതമുറെറ മിഹ്ജഅ്സാദിസാകുമെ ഇവർ
ആറും മുഹാജിർകളാം
മാദാമഖർശംസും ഫിസ്സമാനിൻെറരിളാ
അവക്കരുൾ ദയ്യാനേ
അരുൾ അൻസാർ അവർനാമം കേൾ
യസീദുബ്ന ഹാരിസെണ്ടവർ വാഹിദാം
ആണത്തം മികന്തെലൈസാം സഅ്ദുബ്നൽ
ഖൈസമത്തു് അവർസാനിയാം
കരിശപ്പോർ കുലുക്കം മുബശ്ശിറുബ്ന അബ്ദുൽ
മുൻദിർ എണ്ടവർ സാലിസാം
ഖംഖാമു അറന്ത സ്ധീരൻ ഉമൈറുബ്നൽ
ഹിമാം അങ്കപ്പുലി റാബിഉം

കരിശണത്തൊയിൽ ബംബർ റാഫ്അ്ബ്നൽ
മുഅല്ലാ എണ്ടവർ ഖാമിസാം
ഹാരിസത്തുബ്ന സുറാഖത്തു് സാദിസാം
മുഅവ്വിദ് എണ്ടവർ സാബിഅും
ഉരപ്പെട്ടോക്ക് അഖുവായെ ഔഫ്സാമിനാം
ഇവർ അൻസാരികൾ പുലിയോർ
ഉടയോനെ മാദാമൽ ഹുർസാനിഫിൽ അറ്ളി
വഴങ്ങ് അവക്ക് ഉനൈരിളാവേ!

## അൽഹംദുലിമൌലാന

അരിമപെരിമപ്പെരിയോനെ പുരാൻ അഹദ്ദൻ
സമദൻഫർദാനെ ഉനൈ
അസ്മാഉൽ ഹുസ്നീമുകൾ ഹക്ക്കളാലെ
ഇലൈക്കതവസ്സൽനാഅല്ലാഃ
ഇരക്കന്നേടിയൻ വബിജാഹി ഹബീബിക
സയ്യിദിനാ അവർ ശംസുൽഹുദാ
ഇസ്മാകും മുഹമ്മദ്സല്ലി വസല്ലിം
അലൈഹി വബാരിക്ക് യാഅല്ലാ
അരുൾദാത്തു് നബീഉല്ലമിൻ പതിയൻ
തറബിത്തിയും മച്ചൊട്ട്ബാശലുംനാൽ
അരശർ ഖുലഫാ അബൂബക്കർ ഉമർ
ഉസ്മാൻ അലിഅൻഹുമുറളിയല്ലാഃ
അരിബാഖിയർ ആറുതൽഖത്തും സുബൈറും
സഅ്ദ്സഈദും അബ്ദുർറഹ്മാനും
അബീഉബൈദത്തും അവർ അശറത്തുൽ
മുബശ്ശിരീൻ അൻഹുമുറളിയല്ലാഃ

ഉബയ്യ്അനസും അനസത്തും ഉനൈസും
ഇയാസ് അറ്ഖമും അസ്അദും ഔസും
അഖ്നസും ഔസും പിൻഇയാസും അവർ
അൽഫിൽതബ്അൻഹുമറളിയല്ലാഃ
ബിബജദ്പേർ ബസ്ബസത്തും ബിലാൽ
ബജൈറും ബഹാസും ബറാഉംബശീറും
ബിശ്റും താഇൽ തമീമുൻ തമീമുൻ
തമീമുൻ സലാസത്ത് അൻഹുമറളിയല്ലാഃ
തബഅത്തുഹുകറാം സാബിതും സാബിതും സാബിതും
സാബിതും സാബിതും സഅ്ലബത്തും
സഅ്ലബതും വസഅ്ലബതും സഖ്ഫ
സബ് സാഇലെ അൻഫമുറളിയല്ലാഃ
ജുബൈറും ജബ്റും പുല ജബ്ബാറും ഹരിജാബിറും
ജാബിറും ജീമിലെപേർ
ജുബ്ഹാമുതൽ അക്ഷരമാൽ കജ്ഹാരസും
ഹാരിസും അൻഹുമറളിയല്ലാഃ
ഹറബ്അക്കരെ സിംഹമെ ഹംസത്തും ഹാത്തിബും
ഹാത്തിബും അൽഹുസൈനും വഹറാമുൻ
ഹംസത്തും അൽഹുബ്ബാബും ഹബീബുംവഹാരിസത്തും
സദം അൻഹുമറളിയല്ലാഃ
ഹുറൈസും കരുഹാരസും ഹാരിസും ഹാരിസും
ഹാരിസും ഹാരിസും ഹാരിസും
ഹാരിസും പുനഹാരിസും ഹാരിസും ഹാരിസും
ഹാരിസും അൻഹുമറളിയല്ലാഃ
ഖുറൈമുൻ ഖൌലിയ്യുൻ ഖിദാശും ഖിറാശുൻ
ഖവ്വാത്തും ഖുനൈസുൻ ഖബ്ബാബുൻ ഖബ്ബാബുൻ

ഖുലൈദുൻ ഖല്ലാദുൻ ഖല്ലാദുൻ ഖല്ലാദും
ഖല്ലാദമെ അൻഹുമുറളിയല്ലാഃ
ദുരർഖാലിദും ഖാലിദും ഖാരിജത്തും ഖലീഫത്തും
ഖുബൈബുമെഖാഇൽ തഫാ
ദക്‌വാനും പുലിദുശ്ശിമാലൈനിയും ദയം
ദാലിലെ അൻഹുമുറളിയല്ലാഃ
രിബ്ഇയ്യും റബീഅത്തും റാഫിഉം റാഫിഉം
റാഫിഉം റാഫിഉം റാഫിഉം
രിഫാഅത്തും രിഫാഅത്തും റാശിദും നൽ
റുഖൈലത്തുമെ അൻഹുമുറളിയല്ലാഃ
റബീഉം രിഫാഅത്തും രിഫാഅത്തും റാഇൽ
ഈരേഴ് ദഹ്സൈദും സിയാദും സിയാദ്
സൈദും സൈദുൻ സൈദുൻ സൈദും
വസിയാദമെ അൻഹുമുറളിയല്ലാഃ
സബ്റത്തും സിനാനുൻ സിനാനുൻ സുഹൈലും
സുഹൈലും വസാലി മുൻസാലിമുമെ
സഹ്ലുൻ സഹ്ലുൻ സഹ്ലുൻ സഹ്ലുൻ
അസ്സാഇബു അൻഹുമുറളിയല്ലാഃ
സവാദുൻ സഅ്ദുൻ സഅ്ദുൻ സഅ്ദുൻ സഅ്ദുൻ
സഅ്ദും സഅ്ദും സഅ്ദും
സഅ്ദും സഅ്ദുൻ സഅ്ദുൻ സഅ്ദുൻ
വസുവൈബിത്തും അൻഹുമുറളിയല്ലാഃ
സുലൈമും സുലൈമും സുലൈമും സലീത്തും
സുഫ്യാനും സിമാക്കുൻ സവാദും

സുറാഖത്തും സൽമത്തും സൽമത്തും സൽമത്തും
സുറാഖത്തും അൻഹുമറളിയല്ലാഃ
ശലംഅററവർ പേർലജ്സീനിൽ വശീനിൽ
ശുജാഅത്തും ശമ്മാസും ശരീക്കമെജ്ജിം
സൈഫിയ്യുഹും സബീഹ് സഫ്വാൻ സുഹൈബും
ഖതുർസാദിലെ അൻഹുമറളിയല്ലാഃ
ളലാലത്ത് അണാകാദവർപേർ ദൃയംള്ളാദിലെ
ളംറത്തും അള്ളഫാക്കഃമതാം
ത്വുലൈബും ത്വുഫൈലും ത്വുഫൈലു ത്വുഫൈലും
അജ്താജിലെ അൻഹുമറളിയല്ലാഃ
ളലൽ ഉററവർ പേർജലൈളാഫർഫിൽ തല
അച്ചരം വെച്ചെൻഉളവാം അസ്മാഅ്
ഉബൈദത്തും ഉമൈറും ഉമൈറും ഉമൈറും
ഉമൈറുമെ അൻഹുമറളിയല്ലാഃ
ഉത്ത്ബത്തും വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി
വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി
വഅബ്ദുല്ലാഹി വഅബ്ദുല്ലാഹിയും
അൻഹുമറളിയല്ലാഃ
ഉത്ത്ബത്തും വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി
വഅബ്ദുല്ലാഹി വഅബ്ദ്ദുല്ലാഹി
വഅബ്ദുല്ലാഹയും അബ്ദുല്ലാഹിയും
അൻഹുമറളിയല്ലാഃ
ഉത്ത്ബത്തും വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി
വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി
വഅബ്ദുല്ലാഹി വഅബ്ദുല്ലാഹിയും
അൻഹുമറളിയല്ലാഃ

ഇത്ബാനും വ അബ്ദുല്ലാഹി
വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി
വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി വഅബ്ദ്
ദുല്ലാഹിയും അൻഹുമുറളിയല്ലാഃ
ഉഖ്ബത്തും വഅബ്ദുല്ലാഹി വഅബ്ദുല്ലാഹി
അബ്ദുറഹ്മാനും അദിയ്യും
ഉബൈദും ഉബൈദുൻ ഉബൈദും ഉബൈദൻ
ഉബൈദുമേ അൻഹുമുറളിയല്ലാഃ
ഉഖ്ബത്തും വആമിറും ആമിറും ആമിറും
ആമിറും ആമിറും ആമിറും ആമിറും
ആമിറുൻ ആസിമുൻ ആസിമും ആസിമും
ആസിമുൻ അൻഹുമുറളിയല്ലാഃ
ഉഖ്ബത്തും വഅംറുൻ വഅംറുൻ വഅംറുൻ
വഅംറുൻ വഅംറുൻ വഅംറുൻ വഅംമറും
അംറുൻ അംറുൻ അംറും അംറും ഉമൈറുമേ
അൻഹുമുറളിയല്ലാഃ
ഉക്കാശത്തും ആഖിലും ആഇദും സുമ്മ
അമ്മാറും ഇയാളും ഉബാദത്തുമേ
അബ്ദുറബ്ബ് ഉബാദത്തും അബ്ബാദും
അബ്ബാദുമേ അൻഹുമുറളിയല്ലാഃ
ഉസൈമത്തും അത്തിയ്യത്തും പിൻഅബ്സും
അജ്ലാൻ ഉസ്മാനൽ അമ്മാറത്തുമെ
ഇസ്മത്തുൻ ഉമാറത്തുൻ ഔഫും ഉവൈമുൻ
കസാഹജ അൻഹുമുറളിയല്ലാഃ
ഗസ്വത്ത്അഅ്ളം പൊരുതോർ സഹ്ബിൽ
ഗൈൻആദിയെളുത്താംഗന്നാം ഒരുപേർ

ഫള്ലോർ ഇരുനാമമെ ഫാഇലെ ഫാക്കിഹ്ഹും
ഫർവത്തും അൻഹ്ഹുമുറളിയല്ലാഃ
കുദാമത്തും കത്താദത്തും കത്ത്ബത്തും ഖൈസുൻ
വഖൈസുൻ വഖൈസുൻ വഖാഫിനിൽഐ
കഅ്ബും കഅ്ബും ദ്വയംപേരുകറം കാഫിലെ
മുൻകുറീ അൻഹ്ഹുമുറളിയല്ലാഃ
ലദ്ഫാബ്വ് അസ്സാളുകറംമീമിൽ വരുംബശികെ
അതിൽ മുൻബുളെലാമിൽവരെ
ലബ്ദത്ത് അബിദാനമതു് ഉററവർ എക്കമെ
അൻഹ്ഹുവ അൻഹ്ഹുമുറളിയല്ലാഃ
മസ്ഊദും വമാലിക്കൻ മാലിക്കൻ മാലിക്കം
മാലിക്കൻ മാലിക്കൻ മാലിക്കൻ മാലിക്കം
മാലിക്കം മഅ്നം മുഅത്തിബും മഅ്നം
മുഅത്തിബും അൻഹ്ഹുമുറളിയല്ലാഃ
മസ്ഊദും മുഅ്വദും മുഅ്വദും മുഅ്വദും
മുഅ്വദും മുഅ്വദും മുഹമ്മദുമേ
മസ്ഊദുൻ വമഅ്ഖലുൻമിഹ്ജഉൻ മിസ്അബുൻ
മറ്സദുൻ അൻഹ്ഹുമുറളിയല്ലാഃ
മസ്ഊദുൻ അൽമുൻദിർ സുമ്മമുലൈലുൻ
അൽമുൻദിർ
മിസ്അഹ്ഹും അൽമുൻദിറും
മിദ്ലാജ്ജും മുഅവ്വദും സുമ്മമുഅവ്വദും
മുഹ്രിസുൻ അൻഹ്ഹുമുറളിയല്ലാഃ
മസ്ഊദും മുഅത്തിബും മഅ്ബദുൻസുമ്മ
മുഹർററുൻമഅ്ബദുൻ മഅ്മറുമെ

മസ്ഊദും മുബശ്ശിറുമെമീക്ദാദൻ
മുജദ്ദറുൻ അൻഹുമുറളിയല്ലാഃ
നവംന്തുനിൽനഐമാൻവന്ന അ്മാൻനഅ്മാൻ
നഅ്മാൻനഅ്മാൻനഅ്മാൻ
നള്റുൻനഅ്മാനുൻ വനൌഫല്യൻ
വന്നഅ്മാനുമെ അൻഹുമുറളിയല്ലാഃ
വവദീഅത്തും വാഖിദും വദഫത്തും പിൻവഹബും
വഹബും ബജ്വാവിനിലെ
വഹിലാല്യൻ ഹുബൈല്യൻവഹാനിഉൻനാം
അബ്ഹാഇലെ അൻഹുമുറളിയല്ലാഃ
ഹവയുറും കൊതിശീലമെ വിട്ടവർ ക്രൂട്ടമിൽആർ
അസ്സാഅ്യസീദ്യസീദും
യസീദും യസീദും യസീദും യസീദും
വ യാഇലെ അൻഹുമുറളിയല്ലാഃ
അബൂമഖ്ശിയ്യും അബൂസൽമത്തും
അബൂകബ്ശത്തും
അബൂസബ്റത്തും അബൂ
ബദൈഫത്തും അബൂലുബാബത്തും അബൂ
ഖുസൈമത്തുമെ അൻഹുമുറളിയല്ലാഃ
അബുൽഹൈസമും വഅബൂസിനാനും അബൂമറ്സദും
അബുൽഅഅ്വറും വഅബൂഅക്കീൽ
അബൂഹന്നത്തും അബൂളയ്യാഹിൻകദാ
അബൂശൈഖിൻ അൻഹുമുറളിയല്ലാഃ
അബൂഹബ്ബത്തും വഅബൂഹബീബിൻ
അബൂദുജാനത്തും

അബൂതൽഹത്തും അബൂ
മുലൈലുംപിൻ അബൂസിറ്മത്തും
അബൂഖത്താദത്തുമെ അൻഹുമുറളിയല്ലാഃ
അബൂഹസനും അബൂഅയ്യൂബും അബുൽയസ്‌റും
അബൂദാവൂദും അബൂഖൈസും
അബൂസലീത്തും അബൂഖല്ലാദും
അബൂമസ്ഊദുമെ അൻഹുമുറളിയല്ലാഃ
അബൂഖാരിജത്തും അസ്സാഅ്അ്റ്ബാബുൽകുനാ
കതബ്എണ്ണമിൽ ആകെതമാം
അഅ്ദാദ് കമാലിലെ ശഖ്സ്അസ്സാളുകൾ
ആകുമെ അൻഹുമുറളിയല്ലാഃ
വബിഹക്കിഹിംബീട്ട് എന്നെമീനിയും
ഒൻയവലിയാരെയ
ഹവാഇജ്കുല്ലമെന്നി
വകഫഅയ്യുതിൽ ദോഷവും മോശംഒണ്ട്
ഏശിടകാഹസനാത്തിലെ യാഅല്ലാഃ
വബായും ജുദ്‌രിയ്യീജ_രംതഅ്നാദി
മഹാകിലശങ്ങളും സവ്വബലാ
വമസാഇബ്ബ്‌തൊട്ടമെ വഹ്ഫള്നീ സദാം
വബീഫെളിഹിം യാഅല്ലാഃ
അവർകൾ അസ്സാക്കളെ പോരിശകൊണ്ടുമെ
എന്നയും എന്റടെ വാലിദയും
അബ്നാഅ്ഇഖ്വാൻകളെയും ബദ്‌രീങ്ങളെ
കാവലിൽ ആക്കിനീ കാക്ക്അല്ലാഃ
അബദൻ അഫ്വ്ആയിയത്തും സലാമത്ത്
എന്മെദീനം

ദുൻയാവും വൽആഖിറീലും
അരുൾചെയ്യ്നീ നിൻവഹബും ദയവാൽ
വതഖബ്ബൽ ദുആഅനായാഅല്ലാഃ

## ഇശൽ—ചൊന്നാർ

എന്നും ഉരത്ത്റാവീ ഈരേൾശഹീദന്മാരിൽ
ഉന്നാൻ ഉബൈദത്തെണ്ടോർ ഒഴിമററനപേരെയും
മന്നിൽബദർതാനത്തിൽ മറയ്ത്ത് നബിഅരുൾപോൽ
അന്നൽ ഉബൈദത്തോർ അടക്കീസഫ്റാതന്നിൽ
തന്നോർഅവർകൾക്കെല്ലാം താനോൻരിളായേകട്ടെ
മിന്നും ഇടിമഴയും മേവുംദിനം ഒക്കയും
ഇന്നാൾഅവരെ ഹഖാൽ ഇട്ടക്കംദുയൂനിന്നെന്നാ
ഹന്നാൻഅകത്തീഎന്നും കാത്തു് ഗുണംചെയ്യട്ടേ
ഷിതമൊൽ ഇബ്നുന്നൽഹിശാം ചെപ്പുന്നു്
അഖ്ബാർതന്നിൽ
ബദറിൽ കൊലപ്പെട്ടുള്ളേ വമ്പർഖുറൈശികുഫാർ
അദദാൽ സബ്ഉഊനവർ ആമെതലമൂപ്പന്മാർ
മദിച്ചെശിജ്അന്നെപ്പോൽ മക്കത്തൊരു പേരില്ലയ്
ഇല്ലംഖുറൈശോരിന്നു് ഇദായിൽ അശദ്ദാനവർ
ചൊല്ലും അബൂൽഹകമാം ഛോരൻമുതലായുള്ളോർ
എല്ലാം അസ്മാഉററാൽയേറും കവിന്നീളമാം
ചൊല്ലൂൽ ഒരുഫാഇദ ചൊയ്യിൽ നമക്കില്ലാമേ
മെയ്യനബിമുൻമക്കം മീണ്ട ഹിജറാനാളിൽ
ഇയ്യോർകളിൽ ഷിലർകാൾ ഈമാൻപുകിന്തോരാമേ
തുയ്യേ നബിയാർക്കൂടാ തുടന്ന് ഹിജറപോവാൻ

അയ്യോർക്കിതം വന്നില്ല ആബാത്തഹ്ഹം പകയാൽ
പകയർ പിതാവ് അശാഇർ പശമായ്
അവർ പോകുന്നേ
അഖ്ദായ്ഹബ്സിലിട്ട് അമറുപട്ടലബന്നത്തിൽ
മകവോർഹൈഔലാൽ തെററീമറിന്ത് കുഫിറിൽക്കൂടി
ചകമായ് അവരും ഇന്തേ ചമറിൽ കൊലപ്പെട്ടോരായ്
അവരെകഥകൊണ്ടല്ലാഹ് ആററൽനബിക്കിറക്കി
ഉപരിഖുർആൻതന്നിൽ ഉണ്ടാംഹദീസും ഉററാർ
നവിണ്ടാർ ഹബീബുല്ലാതാൻ നലവർ സഹാബാക്കളിൽ
കവരകുഫിർ ചകങ്ങൾ ഖലീബിൽ വലിത്തിട്ടവാൻ

## ഇശൽ—ആദിഅരിമപ്പൊരുൾ

വലിത്ത് ഖലീബിൽ ഇട്ടവാൻ അരുൾകേട്ട്
വാറാലെ മൽഹമിൽ തോളർചെണ്ടാർ
കലിയർചകത്തെ വലിത്താർ ഇലൽജൂബ്ബി
കടയൻ ഉമയ്യത്തിൻ മയ്യിത്ത് ഒയ്യേ
കൊലപ്പെട്ടവൻെറ ഉള്ളവാത്ത് വീത്തിട്ട്
കൊടിയെ പെരുംനാററം ഊററത്താലേ
ചലിത്ത് ഹബ്ലാൽ കെണിത്ത് ഖയിൽകാലിൽ
ജലബായ് ഒരുകുണ്ടിൽ ഇട്ട്മൂടി
മൂടിബദർവാദിന്ന് ഏററം ബഹൂദായേ
മോശം ഖബീസുറെറ താനംതന്നിൽ
ചാടിചകങ്ങൾ കിണററിൽ ഉത്ത്ബത്തേ
ചാട്ടാൻ പുറപ്പെട്ട നേരംതന്നിൽ
വാടി അബൂഹുദൈഫതൻ മുഖം ഖൽബും
വണ്ണം പകർന്ത് ഹസ്റത്താലേ

നേടിയ ക്കൂട്ടത്തിൽ ചേരായ്മ പാരമായ്
നിക്കമ്പോൾ താഹാനബിയെതിർത്താർ
എതിർത്തവർഹമ്മും വൻഗമ്മേററംളാഹിറായ്
എമ്പതിരുവായരുമാം ഇലങ്കയ്
ഹദമാം പിതാവോടുമാം ഹുബ്ബുംറഅ്ഫത്താൽ
ഹൽഫീക്കശയ്‌യാ അബാഹുദൈഫാ
ഖദ്ദഖാലതാഹാവെ വല്ലാഹി ലാഫിയ്യ
ഖാദിർഖളായെല്ലോ യെല്ലംഹാദാ
പതിമക്കംതന്നിന്ന് എൻബാവാടെവക്കന്ന്
പര്ശാൽ അറിന്തവൻ ആയിരുന്നേൻ
എൻബാവാക്കളെള്ള അഖല്യം ഫഹ്മാലേ
ഇത്താനത്തോളം അവശ്ക്കിത്തോൻ ഞാൻ
ഇമ്പം മികച്ചുങ്കാൾദീനിൽ ഹുദാതന്നിൽ
ഏശികടപ്പാൻ ഹിതംഉണ്ട് എന്നേ
മുമ്പാൻഅവനിൽ വിധിത്തേ ലഅ്നത്ത്
മുന്നിട്ട ഇഊഹാലത്തിൽ എത്തിമൌത്തായ്
അംബിതം ഓത്തെൻറ ബഅ്സാൽ മുഖംമങ്ങീ
അപ്പും കനിന്തുങ്കാം യാമൗലായീ
യെഃണ്ടമൊളി കേട്ടിട്ട് ആററൽനബികളുള്ളിൽ
യേററം പിരിശം അവരോടുററാർ
പണ്ടേൻ അവനോട്ട അവക്ക് ഹബീബുല്ലാ
പരിശിൽ ഇരന്തോരായ് ഖൈറ്കൊണ്ട്
അണ്ടെ ഉത്ത്ബത്തിൻ ജീഫയ് വലിത്തുടൻ
അരികർ കിണംതന്നിൽ ചാട്ടിനാരേ
എണ്ടും നെടുംനാളും അണ്ടെകുഫിർകളിൽ
ഏകൻ ലഅ്നത്ത് അനപ്പിടട്ടേ.

* 38

## ഇശൽ—അകവലിപ്പ്

ഏററം പുകഠാംപെറേറ നബിയ്യുല്ലാതമൈ ആദത്താം
ഇകലൈപിരിന്താൽ അത്തലം മൂണ്ട്ദിനം പാക്കദമേ
ഊററത്തരുഠാം നബീബദർതന്നിൽ പൊരുത്ത്മൂന്നാഠാം
ഉടനെ നടന്തെത്തീഫകം ഇട്ടെ ഖലീബുകൊള്ളാ
ആററൽഉയിർസൗത്താൽ കിണർകൊള്ളെ വിളിത്തുരയ്യാ
അഹ്‌ലൽഹലീബ്യ് ഉങ്കഠാം ധരിത്തെൻവാക്ക്
അറിന്തുകൊഠാംവീൻ
തീററിഉമ്മൽഖുറാവിന്ന് കൻത്തും മുകട്ടീബഹീന
തിട്ടംഖുർആനാം കലാമയും റസൂൽ എന്നേയും
എന്നാറസൂലെണ്ടും അമയ്ത്തുള്ള ഇലാഹെകൊണ്ടും
ഏകൻ കലാമാല്യംമുഅ്മിന്തൻ ഒരു കൂട്ടമേ
അന്നാഠാം മണിക്കപതിയിന്നും ബൈത്തിന്ന് എന്നാ
അധികം പകചെയ്ത പുറപ്പെടീത്തവരായ് ഉങ്കഠാം
ഒന്നാസ് അവക്കുള്ള പതികൊള്ളെ
എന്നെകൊണ്ടുപോയ്
ഉദക്കംതെടിമാലം ദിയാറാൽ ചെയ്തനേകനേകം
ഇന്നാഠാംഉമൈകല്ലും മുഖാത്തിലൂനലീകഫ്ഫാറാ
ഏററം നസരുനിഹ്ഹനാഖൈറാൽ അറിന്ത്കൊഠാംവീൻ
അറിവീൻ എനയ്ക്ക് ഇന്നാഠാംഎനയ്റബ്ബ്ഒഅ്ദാ
ചെയ്ത
യാണ്ടെ് എനിക്കെത്തിഖലാസയ്യിത്ത് അതും പെറുഞാൻ
ഉറുതി ഉമൈക്കള്ളെവഅ്ദാ ഫീഹാദൽയൗമി

ഒരു ശൈഅത്തും ഫഹൽവജത്തുംഫാഋനായാഖൗമി
ഇറങ്കിപൊരുക്കന്നേ മഖാംഅഅ്ലൽ ഉലാഉടയോർ
ഇറസൂൽ മൊളികേളിട്ട് ഉമർഖത്താബുരയ്ത്താഹാവേ
അറുതി ഉയിർജീവും വിട്ടന്തോരെ ഉമൈനാദയ്ത്ത
അതിനാൽ അവർകാംകേട്ടിട്ടമോ യാഹബീബല്ലാവേ
ഹബീബന്നബീവീണ്ടാർ അവർകേട്ട ധരിപ്പോരാമേ
കട്ടകജവാബുന്നാൻഹബ്സിടപെട്ടന്തോരാമേ
ഇബ്റത്ത് ഉടയോരെ അരുാംകേട്ട സഹബാരുള്ളിൽ
യേററം കൊതിയാകയിഖലീബിന്ന് ജവാബയ്ക്കോപ്പാൻ
നബിയിൽ ബദ്ഋമാററം പിടിത്ത് ചത്തവർകളെ ഹാൽ
നാശം കഥയെന്താണ്ടവർ മനസ്സറിന്ത് നൈനാർ
ഹബ്സയ്കിണററിൻെറ അഹ്ലുകളെ
ജവാബയ്തൊട്ട്
അശിപ്പാൻ നബിഉള്ളാൽ പെരിയോനെ നിനന്തോനേരം

## ഇശൽ—മാനീദംഖാല

നേരംഖലീബുതന്നിലേ നിർജീവികാം ഹയാത്തിന്നാ
സാരമിൽനായൻ ഇൗന്തതാൽ സങ്കിടം ഖേദംക്രൂറലായി
തീരാതെയെങ്കാം ഖേദമേ തീപ്പ്ടി വന്തചേതമേ
പാരംപൊരിഅദാവത്തേ പാളുന്നനാർ ഹറാറത്തേ
ഹാറിൽസബൂർബഇൗദത്തേ ഹസീറത്തും വൻഖസീറത്തേ
ഇറയിഖുർഅനും കല്പന ഇശയ്ത്ത റസൂലിൻവാക്കിനാ
പിറതിപിടിത്തെ മൂലമാൽ വീളുന്നകണ്ട്തൽമയാൽ
ഉരുതികാം ഒക്കനൊങ്കളിൽ ഒട്ടേറെ ഹഖൈണ്ടോർമ്മയായ്
ഓർമ്മകാം വന്തതാലമേ ഒട്ടും പചം വരാതെതായ്

കീറുന്നവന്നീമൃച്ച്യോ ഖേദം ഇതെന്ത് തീർച്ച്യോ
തുമ്മയിൽ ചൊല്ലും ബാശമേ ദൂരം മികന്ത സൗത്തിനാൽ
ചീരമണിതോളരാകയും ചെഞ്ചലിൽകേട്ടുണർന്തിടയ്
ഉണർന്തരികോർകളൊക്കയിൽ ഉള്ളിൽ ഈമാൻ
തെളിന്തതായ്
ഗുണംപെരിയോനെ വാഴ്ത്തിയേ ഖുർആൻ
ഹഖോമ്മഷിക്കയാൽ
കിണംകരവിട്ട് ദൂതരും കേമിത്ത് തോളർഎല്ലമായ്
ഇണങ്കിയെ വാത്തറാവിതാൻ ഇബ്നുഅബ്ബാസുരപ്പതായ്

## ഇശൽ—റാവിളരത്ത്നബി

ഉരക്കയ് ചിറക്കളെപ്പെട്ടവർ എണ്ണംഉരംകരികൾ
സബുഉൗൻ
ഉണ്ടതിൽ അമ്മുന്നബിയ്യ് അബ്ബാസ് ഉടൽചൊങ്കാം
ചിങ്കവരും
ധരിത്രിമക്കാനഗർക്ക് അതിബോധികവും
തക്രീമുടയോർ
തക്കെജാൽകളിൽപൊക്കടയാൽ മൊളിയെല്ലരിന
വെല്ലിട്ടവോർ
തരിത്തുളം ഈമാൻ ഉരത്തവർഉൗര് അരിയോക്ക്
മറുത്തവരാം
തിട്ടമേമക്കികൾഉൾക്കഫെഹബ്നബിക്ക് അറിവിപ്പവരാം
പൊരുത്തമില്ലാ ഖുറൈശ് ഒപ്പരം വാരുവാൻ
അപ്പടി നിക്കകിലോ
പോരുളവാകും എണ്ടോത്ത് അവർവന്തു
ചിറക്കളും പെട്ടവരായ്

പെട്ടതു്പോൽ അലിയാക്ക് ശഖീഖ്അഖിയായ
ഉബൈൽ അവരും
പിരിശനബിക്ക് അമ്മുഹാരിസിൻ പുത്തിരർനൗഫൽ
അതെണ്ടവരും
മട്ടിൽനബിമകൾ സൈനബബീബിതൽ സൗജ്
അബുൽആസിയുമേ
മററുപലർകളും പേർകൾതിരിത്ത് വിരുത്തുകിൽ
മൊയ്പെരുതാം
കെട്ടിഅവർകളെഇട്ട് അടലിൻത്തുഗ്ൽവിട്ട്
പിരിന്തുടനേ
കേൾചിറപ്പെട്ടവരാ ഒരുതാനമിൽ ലൈൽഅതിൽ
ആക്കിയെ പിൻ
എട്ടിൽ സിറാജൊളിവുറെറ നബി സഹ്റാലെ
ഇരിപ്പതിലെ
എമ്പിടലായി ചിലർ താഹാവെമാസബബ്
ഉങ്കൾ തുയിൽ ഒഴിപ്പാൻ

## ഇശൽ—സൊരണ സൊർക്ക

ഒലിവതുക്ക് സബബെൻ അമ്മുഅത്തുദ്ഇനച്ചിൽ
വിതമിനാ
ഉരതരിക്കംതരം എനക്ക്‌വര ഉറക്കം അതിയിനാൽ
മൊഴിധരിത്ത് സഹബകത്തിന്ന് ഒരു റജുൽതാൽ
ഉളരലായ്
മുറുകെചെണ്ട് അഖ്ദശിത്ത്നബി ഇടത്തിൽ
അണവുതായ്
അശിപെടുത്തെ വിവരം ഉത്തപൊളുത് കത്തൻഒളിവരാം

അവരയിവിന്ത പവിള ചുണ്ടു തുലകി ഒണ്ടു്മൊളിവരാം
കശിപ്പെട്ടത്ത ചിറയകത്തും അവരെനത്തെ വിട്ടകഴവാൻ
ഖസദ്ദന്തൻമനമിലുണ്ടോ അവരിൽ ചെണ്ടുതുണക്കഴവാൻ
തുണയും റാവിമൊളിയുന്ന ആതി തിഹാമിന്നാകെ
ഖുറൈശികം
തുളങ്കിതേടി വിളങ്കിചാടി ഒരുങ്കിപോന്ന ദിനമുതൽ
മണിമക്കാവിൽ കുടികംതോറും മനസുറൂറ്
ചൊശികളായ്
മഹ്മൂദാരും അരികരോട്ടും ജീകമിൽബാരും നിനവതായ്
കനിന്തശാബർ കളന്തപയ്ന്തർ കിളവിമാരും ഇരപകൽ
കുളമ്മയാലെ കളിയംമൂനിസ് അളവില്ലാതെ നിലയിലേ
പിണിപെട്ടാകെ പടവിട്ടോടി കടന്തിട്ടാരിന്നൊരു റജുൽ
പിരളിയത്തിൽ മജ്നൂനെ പ്പാൽ ഉളരിമക്കം
പുകവതായ്.

## ഇശൽ—കപ്പപ്പാട്ട്

പുകിന്തവർ എല്ലാരിൽ മുല്പട്ടവൻതാൻ
പൊട്ടിക്കരഞ്ഞു് അട്ടാതിപ്പാൽ മൊളിന്താൻ
ഇകൽവാത്ത കേംപ്പിരെയാ അഹ്‌ലമക്കാ
ഇറങ്ങി ബലാല്യം ഇൗദിക്കിൽ ഹലാക്കാ
വകകേട്ട് ഉലകത്തോർ എല്ലാം അറിഞ്ഞു
വന്തു് ജനങ്ങം അവനെ പൊതിഞ്ഞു
സകലോരും ചോട്ടന്ന വാത്താദ്ദമൂത്തൽ
ചാററി ഖുസാഇൗറജുൽ തൻജസാത്തൽ
ജസാത്തൽഉരയ് അസ്സുഹൻ ഇഖ്‌വാനു
ജാതൽ ബലാ നമുക്കെന്നവക്കം കാന്തു

ഖസ്യത്തും ദല്ലെത്തി വഹബൌക്കറായെ
ഖീയാഫ് ഇന്തെനാട്ടിൽ കുടിക്കുട്ടിപോയേ
ഹിസ്ബുൽഖുറൈശീന്ന് ചത്തോർകൾ ബഅ്ളാ
ഹിയാറിൽ ചിറപ്പെട്ട് ബഅ്ളൻഫബഅ്ളാ
ഹ്സുനാലും ഖൗഫാലും ഹറബ്ബൂഖരീഫാൻ
ഹ്ഫ്റാത്തും കാനത്തിൽപെട്ടം ജരീഫാ
ജ്ജർഹ്ഹം പെടുന്തു് വരുന്നുണ്ട് ചൊല്ലാൻ
ജകമിൽ പുകൾപെറേറ പേരാരുമില്ല
അറിവീൻ അബുൽഫക്കം മാറും മികന്തെ
അസ്ഹാബ് ഉരത്തവരെല്ലാം ഇറന്തെ
പറയും അഖ്ബാർകൾ കേട്ടുള്ളനേരം
ഫകുല്ലഹും ഹൈറാൽ നിലവിളിപാരം
വറവാ അതിൻമുമ്പ് മക്കാവിൽനിന്ന്
ബൈതത്താണ്ട്കേട്ട് ഇസ്ലാംജികളീന്ന്
അസാരൽ ഹനീഫിയ്യൂ ഇബ്ബദ്റൻവഖീഅത്താൻ
സയൻഖുള്ളമിൽ ഹാരുക്ക്അകിസ്റാവബൈസറാ
അബേദത്ത്രിജാലൻമിൻല്വഅയ്യിൻവ
                                                അബ്റസത്ത്
ഖറാഇദയള്രിബ്നത്താരിബഫസ്സറാ
ഫയാവയ്ഫമൻഅംസാഅദ്ദവ്വുമുഹമ്മദിൻ
ലഖ്ദ്അദഅൻഖസ്ദിൽഹുത്താവതഫയ്യറാഃ
ഏശീഫുജ്അത്തിൽ അംവാത്തതന്നാ
എല്ലാം നിറയിന്തു് ബുക്കാകൊണ്ട്പിന്നാ
ലാശക്കഅന്ന് അബൂജാഹിൽ മനായ്ക്ക്
ലാസിയ്യുമൻ സങ്കിടങ്ങൾ ഫലാക്ക്
നാശികൾ ഖിൽദാനും ഗിൽമാനും മറവും

നാശംബ്വകയാൽ തലമൂപ്പർ ചുററം
കാശിൽ വിളങ്ങ്ത്ത് ഉയിർസൗത്താൽ ഉരുണ്ടും
കായംലിബാസും ഗുബാറിൽ പുരണ്ടും
പിരളിയപെട്ടമുടികഠം പറിച്ചും
പിച്ചഖമീസുകഠം മാറയ്പൊളിച്ചും
വരുത്തപ്പെട്ടത്തി തടിമേൽ കടിച്ചും
വന്നക്കം ഇട്ടേററം നെഞ്ചത്തടിച്ചും
തിരിത്ത് മൊളിന്താൽ ഇവയേററമുണ്ടേ
തിഹാമെണ്ടും സൽസൽബുക്കാ സൗത്ത് കൊണ്ടേ
വരവായി ചിലപേർ ഉരത്ത്യാബൗമി
വകഇപ്പോൽ ചെയ്യാവീൻ ഫീഹാദൽയൗമി
മീറിമുഹമ്മദും തോളർ വിളിത്ത്
മിഃന്നററം പൊൻഹൈസമാനിൽ കൊട്ടത്ത്
ബാറാൽ ബിട്ടത്തി മൊളിവാൻ ഇപ്പോലാ
വണ്ണം മുഹമ്മദ്യെട്ടത്തഫിയാലാം
ആറാക്കവാൻ വേണ്ടിയെന്നും ഉരക്കാം
അസ്വാത്ത്ലാതർഫഊ അയ്ബ് ഇതൊക്കാ
ക്രൂവുംമൊളിക്ക് ചിലേപർ അമർന്നും
ക്രൂററാൽയെട്ടത്തേങ്കിപിന്നും മുതിർന്നും.

## ഇശൽ—പുകഠന്തന്നു

മുതിയ്അബൂറാഫിഅ്ഉരയും ചേതി എന്റെ
മൗലാഅബ്ബാസുടെ ബൈത്തിൽഉള്ളോർ
അബ്ദുൽ മുത്തലിബ് അവക്കുള്ള പുതൽവികളും
ഉതകുംതാഫഃതവിമൈമൂനത്തോർ തന്റെ
ഉഖ്ത്താം എൻഖോജാതൻ സൗജത്ത്ഉമ്മുൽ

ഫള്ലും ഒരുമിത്തെങ്കാ൦ ദാറിൽ ഇരിക്കുന്നോരായ്
ബദ്റിൽ നബികളംതൻ അസ്ഹാബോക്ളം ജികമായ്
വരുവാൻ ഖൽബാൽ തേട്ടം ചെയ്യോരായും
വിവരം വരണ്ടും കാത്തോരായിട്ട് ഇരിക്കുംനേരം
യഥാത്ഥംതന്നിൽവന്തെ റജ്ജലാൽ കേട്ടവിവരം
എടയാട്ടത്തിൽ നിക്കുംസമയം എത്തീ
പകരം ഇകൽക്കായി അബൂലഹബയക്കപ്പെട്ടോൻ
അയക്കപ്പെട്ടാൻ ആസിതിരിത്ത് ഉററിട്ടേവാത്താ
അതിനാൽ കുടിതോറും നിലവിളിയായ്
അപ്പോ൦ അബൂലഹബും ദാറിൻപുറംലാകുന്നേ
മയത്തിൽ നബീയ്യുല്ലാതമൈ അമ്മുഹാരിസിൻ
മയിന്തൻ അബൂസുഫ്യാൻ ഹർബായ്വന്തേ
അജ്‌ലിൽ മനംഹയ്യറാൽ പൊന്തും വിട്ടന്തവനായ്
അയത്ത്നോക്കി അബൂലഹബ് ഉരത്താൻ ഇങ്കേ
അടുത്ത്വാ പൊൻമാനെ വിരുത്ത് വാത്താ
കൈഫ അതുക്കവെനിൽ ഖാലഅബൂസുഫ്യാൻ
പയക്കം അമ്മീകേപ്പീൻ അഖൂലുഹഖൻ നാങ്കാ൦
പടതുടങ്കി കലർന്തൊരു സാഅത്തിൽ
ഇടയിൽ പറവാൻ മുഹമ്മദിൻ അരികോർകളിൽ
അരികോർ എങ്കാ൦ക്കൂട്ടം ശുജാഓരിന്ന് ബഅ്ളൻ
അവർകുലത്തും ഒട്ട് ചിറാപിടിത്തും
ഏഅവക്ക് ഇതമായ് എന്തു്മൊളിയേണ്ടും ഞാൻ
ഒരുക്കൂട്ടർ നാസിലായ് ഹവാതന്നിന്നും അവരേ
ഉടൽചമയം വെള്ളപരികാ൦ ബൽഖാഅ്
എണ്ടും ഉരം ആലാത്തുൽ ഖിത്താൽ അണിന്തോരായും
ഉരത്താർ അബൂറാഫിഅ്എനൈ അപ്പോതിൽ വീട്ടിൽ

ഹ്ജ്റിന്ന് ഖുദ്രാഫയ് അമൽ ചെയ്യോനാം
ഇന്തി ഒളി ബീഉമ്മുൽ ഫള്ല്ലും ഇരികുന്നപ്പോൾ
തരിത്ത്ചേതി എങ്കൾ മനംതെളിവായിനാനും
സൗത്താൽ ഉങ്കത്ത്ഉററു മുഖ്ബിറോട്ടം
മററും തനിയോനാണഫള്ഹം അമറോരെണ്ടാം

## ഇശൽ—മക്കാനബി

എണ്ടത് അബൂലഹബ്ബ് എണ്ടവൻ
ധരിത്ത് അണ്ടേറാ അരിശത്തോടെ
എന്നിടംഎത്തി കരംതാങ്കി
ഉശിത്തിട്ടേങ്കി അടിത്തിട്ടാനെ
ഉണ്ടമിൽ എറേന്നിൽ പററിയേ
തലചുററിയേ വിളുന്തിട്ടേനെ
ദുഷ്ടൻ എൻനെഞ്ചിൽ ഇരിന്താനേ
കൺമുഖം താനേ ചുളിത്തിട്ടാനേ
ബിണ്ടെന്നിൽഫാദൽ അബ വാലാ
ഉന്നെതൻ ബോലാൻ
മതിയായോനി
ബീകിത്ത് നിൻതാിപ്പോററിയേ
അതിൻ ഏററിയേ ജസതന്തോ നീ
കണ്ടതയി ഉമ്മുൽഫള്ല്ൽബീബി അബ്ബാസിൻതേവി
റൌശത്താലേ
കമ്മനയ്ക്കുള്ള ഉമൂദ്ഒണ്ടേ കനിയാൾചെണ്ടേ
യെടുത്ത്ട്ടാളെ
എടുത്താൾ അബൂലഹബിൻ സിറിൽ അടിത്തപ്പോതിൽ
തലചൊട്ടിയേ

എന്നുവാൻ ഉഠംക്കഥകേട്ടാനെ ഖബീസുററാനേ
ഞെറിവിട്ടോനേ
തൊട്ടുത്ത് അബൂറാഫിൻ ഇപ്പോജാതാൻ സഫർ
പോയോരാം
അത്നേരം നീ
ത്തുട്ടതപ്പടി ചെയ്യാമോ ഇത് ബയ്യാമോ
മഹപൊയ്യാകേഠം
ചൊടിത്തേ അബൂലഹബ് ഉള്ള് എങ്കി
ഉശയാൽബാങ്കി വട്ടവർഖാമായ്
ചൊല്ലുവാൻ അപ്പോത് വന്താരോ
പടപിന്തിയോർ ചിലർ ഒക്കാവെ
പിടിത്ത് അരിഞ്ഞൂട്ടിയ വേട്ടാപോൽ
അവർ ഓട്ടമായി പതിപുക്കോരായി
പേശിയേ വാത്തകഠം കേട്ടാകെ
മനനാട്ടോടെ മുടിയേററമായ്.

## ഇശൽ—കീർണമാനെ

ഏററംറാവിഖാലഫിൽ മവാഹിബില്ലദന്നിയ്യ
സാഹിബുല്ലിവാനിയ്യ
ഏറ്റംകഹൻ കടന്തെത്തുദ് ഹാമിദർറസൂലരും
കേമമുറെറ തോളരും
ഊററംഫാളിലാംറമളാൻ മൈനതൻെറ ആഖിറിൽ
തൈബകൊള്ളെ ഖാരിജ്ജൻ
ഉന്നിതാഹതോളർസെദിൽ മദനികൊള്ളെ പോകുവാൻ
കഥകഠം മുന്നം കൂറുവാൻ
ആററൽഏകൽ കേട്ടവർ നടന്തു്വേഗം ആജിലായ്
അന്തൈബഘാരലായ്

അപ്പുറം ബിന്തുൽമുസ്തഫാറുഖിയ്യബിയാഫത്തായ്
തുയ്യതോളർ ഒത്തതായ്
ഫാററവാൻ ളരിഫിൽവെത്ത് മൂടിപിൻ ദുഃഅതുകളാൽ
തേടും അന്നെ ലോകരിൽ
ഫാവ്വ് അകപ്പെട്ടന്ന് എല്ലാരും സങ്കിടത്തിൻനേരമിൽ
അങ്കടുത്ത് സൈദ്താൻ
സൈദ് എണ്ടോർ വിളിത്തുരയ് മദീനമിൻ അഹ്ൽ കളേ
ദീൻ ഇററത്തപേർകഃള
സഈമുന്നാ നബീക്കും തോളരിൽബദർ
ഫുത്തുഹതായ് നൽവഴീമലീഹദയ്
ഖയ്ദിനാൽ ഫുലാനബ്ബ് അഫുലാങ്കളും
ഖത്തീലതായ് ബേങ്കയർ കത്തീഫതായ്
ഖദ്ഫിറക്കറാംപെട്ടപിൻവബഅ് ളൂഹും
ഖരീഹതായ് റുഅ്ബുഹുംറവീഫതായ്
റൈബ്മുററിമക്കക്കാഫിർദാറിലൊക്കെ സങ്കിടം
കാറ്കെട്ടി കങ്കലായ്
അട്ടാതിപ്പ് വൻബുക്കാക്കറാം വെട്ടിടും
മിന്നേറുമായ് ഞെട്ടിടൽ വിണ്ണേറുമായ്
റയിബല്ലാഅവീലുകാററുംമത്താറും
ദ്ദുമൂഅതായ് സത്ത്റിനാൽ സുഫൂഫതായ്
റംബക്കുററുരയ് ജനം അടങ്കലും സമീഅരായ്
യെങ്കഃമളൂമൂഹതായ്
മുന്തിലോകർകണ്ടടുത്ത് ചുററിലും പൊതിന്തതാൻ
ഉററ് സെയ്ത് ഉതന്തമാൽ
മൊളിന്ത വാത്ത്ഃകട്ടെല്ലാം പരന്ന് വീട്ട്
അടക്കവേ ചിന്ത സന്തോഷിക്കവേ

ചിന്തുംമുൻമദനികോർമുഷിപ്പ് ഇരുട്ടിൽപ്പെട്ടതാത്
നിപ്പുഉറമട്ടമിൽ
ചേനയാംബദർഫത്ത്ഹ് അതെണ്ടവാത്ത
ചന്തിരൻ അണ്ടുതിത്ത്വന്തതായ്
മൻതലം മദീനമിൽ സുറൂറും വെളിച്ചമായ്
ബശീറതാം തെളിച്ചമായ്
മങ്കകാറിജാലുംഹ്ർറു അബ്ദ്ശാബ്
ശൈബരും സബികളും അടങ്കലിൽ
സന്തൊഷക്കടൽപൊളിന്തും ആനനം തുലങ്കലായ്
മാനിതം വിളങ്കലായ്
സർവ്വമാടവീടുകാം എത്തുന്തുടൻ വളന്തതായ്
ഉശർന്തുളം കുളർന്തതായ്

ഇശൽ—ചായിപ്പ്

കുളർന്തു് മദീനത്തിൽ ഉള്ളതോളർ
കൂട്ടി പുറപ്പെട്ട ഉളന്താർ ചിലർ
തളരാമ്മൽ സാറുശഫീങ്ചീമാൻ
തമയും ബദീരീങ്കാം തഃമ്മകാമാൻ
മൊളിയുന്ന റാവീ ഖൈറുൽബറായാ
മുസ്തഫാ നെടിൽ ഏറി ഖാരിജായാർ
തെളിവുററു് അരികോരുമായ് നടന്തേ
ചിറപ്പെട്ടവരേയുംകൊണ്ടു ഉളർന്തേ
ദേശംബദർവിട്ട ഉളർന്തു് സൈറാൽ
ചേർന്തവർ എത്തീ മളീഖുസ്സഫ്റാ
ഏശി ഒരുകുന്നിൽ നാസിലൂനാ
എല്ലാർക്കും ഊട്ടി അശനം ചാനാ

ക്രുശാതവിട്ടന്ന സൈറുകജ്ബൽ
കൊള്ളാനടന്നെത്തി നോക്കി അൻഫാൽ
താശിയാൽ അംശിച്ച അനപ്പിയെല്ലാം
തനിയോഠം അരുഠംപടിപോലെ ചൊല്ലാം
ഓശാഅബൂജഹലിൻെറ നാമഃ
ഒണ്ടും മുനബ്ബിഹിൻ വാഠംദ്ദൽഫുഖാർ
ചൂശാത് ഇത് രണ്ടും തഹാവേതി
സ്വന്തം എടുത്തെന്നും റാവി ഓതി
ഊശീഅത്താനമതും വിട്ടന്താർ
ഉളരിറഫായെണ്ട പൂവിൽ ചേർന്താർ
പേശുന്ന റാവി അപ്പോതിൽതൈബാ
പിത്തിവിട്ടന്ത് ഇങ്കെവാരും സഹബാ
സഹബ് അവർലെലും നഹാറും സഹ്റായ്
സൈറാൽ അത്താനണത്തയ് സുറൂറായി
അഹ്മദനബിക്കും പിൻക്രുടെയുള്ളെ
അരികോക്കും വന്ത് സലാമുംവിള്ള
റഹ്മാൽപിടിത്ത് മുസാഫഹത്താൽ
റഹ്മാനേ പുകണേററം സന്തോഷിത്താർ
റഹീലായി അവിടന്നും തോളർക്രൂടാ
റഫീഉൽഉലാതാമും മുന്തിനാടാൻ
നാടാനെ സഫ്റാഇൽ യെത്തിപാത്ത്
നയ്നാർനബി അമറാൽ ധരിത്ത്
കേട്ടററ അഖബത്തേയും നളറാ
കേമിത്ത് കൊലചെയ്ത സൗജ്ജസുഹ്റാ
പാടെനബി പിരിത്ത് ഈന്താർഉസുറാ
പകുത യാൽ തോളരിലാക്കി ഹസ്റാ

പാടിനബിയാസും റത്തശീജ്ആൻ
ഫസ്റ്യാഹ്ഹം ആക്കാവീൻ ഗൗരംവജ്അ
ഉസുറാത്തും വജ്ഉമേ ആക്കല്ലാവീൻ
ഉറവുങ്കാം നയ്താരം ചെയ്സ്സ്വാർആവീൻ
ഫസ്ആൽ ഉമൈമുമ്പിൽ പോകുവൻനാൻ
അദ്ദറാവ്കൊള്ളെയെണ്ടോതിനയിനാർ
ശ്ശുജ്ആങ്കാംക്കമീറാണോർ മൂണ്ടുംമത്ത്
തോളർകാം ആരും നബീയ്യുംഒത്ത്
ഫജ്അ് ഒണ്ടും ചേരാനടത്തമായാർ
ഫള്ള്ലുറെറ മദീനത്തിൽ ദാഖിലായാർ

## ഇശൽ—തടകിമണത്തെ മുക്കാൽ

മതിനിറവാഒയമതിക്ക് എങ്കുംമതിമതിയായെ
മദീനത്തിൽ

മതിമനയ്യേശ്മതിപ്പിത്തെ മതിദഖലായേ
മതീമതനത്താൽ മദീനോരെ മതിമദമാലെമതി എന്താം
മതികഫനത്തിൽ മതിവന്ത മതിമസലായേ
മധുനിറകഞ്ചപ്പുകൂട്ടലർ മധുമധു തൻെറ മധുപൊങ്കി
മധുഉപവാസ്ത്ത് അട്ടക്കം മന്മത്ത് മധുഃപോലെ
മദനിയർ ഒക്കാ മഉരത്താൽ മത്തമദിത്തെത്തിമഫ്മൂദർ
മധുമലർപാദം പണിന്തേററി പുകഴവതായേ
ലോകമിൽ എങ്കുംതെളികത്തും ലോദനമായ നബിതമ്മെ
ലോചനമാൽ കണ്ടിട്ടവാനും ചേതികാം കോംപ്പാൻ
ലോകർഅതേററം അണായ് സിന്ധുദലാലമേപോലെ
തളച്ചുള്ളിൽ

ലോഭമെവിട്ട സുറൂറാൽ ഈമാൻഉറപ്പായെ
നാഗമനം പെററവർ കുഫാർനാഗമുഖങ്ങളാം ഖുല്യൂബുംതീ
നാഗമിൻപെട്ടെ നാഗംപോലെ വാട്ടുവതായേ
നാഗമതേളും കടന്തോർ പൊൻനാഗം ഒഴിത്തോർ
നാഗത്തിൽപാൽ
നാഗമതേവും നബിബൈത്തിൽ ചേരുവതായേ.

## ഇശൽ—നസീഹത്ത്

ചേരയ്മുത്ത് അഹ്മദ്ന്നബീബൈത്തിൽ ഇരിന്തെപിൻ
ചിറപെട്ടോർകളേയുംകൊണ്ടരികോർ എത്തീ
പാരിതപുവിതൈബപുകിന്തെല്ലാം ഹബീബല്ലാ
ഫള്ല്ലുറൈതിരുമുമ്പിൽ അണഞ്ഞപിന്നാ
വീരിതം സുറൂറാലും ഫർഹാലും ഉലകർകളാം
വിണ്ടേറാം പെരിയോനെ പുകഴ്ന്താർഎല്ലാം
കാരുണ്ണം തികന്തവർ തഖിയ്യുല്ല വിളിത്തപ്പാം
കരിത്തൊറ അരികരിൽ വിചാരം ചെയ്താർ
വിചാരിത്തിട്ട് അവരവർ കനിന്തെന്നിൽ മൊളിവീരെ
വേണ്ടുന്നവിധം എന്താം ചിറപ്പെട്ടോരാൽ
അജലത്ത്വരുത്തയോ ഫിദ്യത്താനതും വാങ്ങി
അശിത്തിപ്പാം വിട്ടകയോ മൊളിവീൻ എന്താം
ഹജർബായിൽ അമത്തിയോർ അത്തീഖുല്ലാ ഉരത്തപ്പാം
ഹബീബായെ നബിയേഞാൻ നിനന്തത് ഇപ്പോം
നിജമായിട്ട് എമയ്കളിൽമൗത്തോളം അവർമാററം
നിലയാകെ വരുകായെണ്ടുറപ്പ്‌വാങ്ങി
ഉറപ്പുകളാം മൊളിപ്പിത്ത് ഫിദ്യത്താണതുംവാങ്ങി

ഓരോരുത്തരെ വിട്ടങ്ക് അയക്കാം ഇപ്പറം
സര്വ്വോരും നമക്കളെള്ള ഖറാബത്താം അശീറല്ലോ
സലാമത്തിൽ മടങ്ങാനും ഇതമുണ്ടല്ലോ
പിറകെ വന്തതിൽ ചിലർ ഇസ്ലാംദീനിൻ പുകിന്തെങ്കിൽ
പെരകരൈതാംഎല്ലോ റസൂലുല്ലാവേ
ഞെറികാണിവിട്ടകാതോർ വലിഫാറൂഖ് ഇശമ്പുന്ന
നിതമായെൻ മൊളികേപ്പീൻ ഹബീബുല്ലാവേ
അകത്തൊണ്ടും ഒഴിയാതെ കലത്തന്നം അതുംഎന്താം
അവർഎല്ലാം കവാഫിറിൽ ഇമാമീങ്കളാം
ഇമാമീങ്ങാം അവരാകും പരൻദൂതാം ഉമതെയും
ഇറയ്തൻെറ കലാമേയും മുകദ്ദിബൂനാം
ഉമയ്തന്നാതിഹാമിന്നും ബൈത്തുല്ലാഅകത്തിന്നും
ഒരുമിത്ത് പുറപ്പെടീത്തവരാം എല്ലാ
ചുമത്തുവീൻ ഹബ്സോരെ അവക്കളെള്ള ഇഖ്വോരാ
തോളരിൽ കൊട്ടത്തെല്ലാം കൊലചെയ്യട്ടേ
അമർഅബ്ബാസിനാ ഹംസകഴിക്കലും ഉബൈലിനാ
അലിവക്കൽ ഇത്പോൽ ഈന്തു് ഇറക്കാംയെല്ലാം

## ഇശൽ—വേട്ടത് അവനിലെ

എല്ലാംഇത്പടി കൊല്ലുവത്തരം നല്ലത് എന്ന
ഉമർ ചൊല്ലലാം
എത്തി അതിൽപിറെമുത്ത്നബിയിൽ ഉരത്ത്
ഇബ്നുറവാഹത്ത്താൻ
മുല്ലമരുവിലും നല്ലനബിയേ എൻദില്ലിൽ നിനവവർ
എല്ലരാ

മുട്ടിഫത്തബ്ബ്കുവട്ടിൻ അളവ് എരിത്തിട്ട സകലവും
ചുട്ടിടാം
ചില്ലിമതിമുകബില്ലർ നബിയോട്ട് ചൊല്ലി
അവരതിൻ സുല്ലിയം
തിട്ടംഇവമൊഴി മട്ടിൽ ഫബ്ബ്സിടപെട്ടോർ അവർ
തരിത്തിട്ടതാൽ
കല്ലിൻ ഉകമനംചില്ലഭയമിലെ തെല്ലും
സഹിവരാതല്ലലായ്
കമ്മളയ്ചൊരിത്ത് ഉമ്മുൽഫളലുടെബെമ്മ
സൗജവർഹമ്മിനാൽ
ഹമ്മിൽ അവർമനം വിമ്മിവിളിത്ത് ഉരയ്പൊ
ന്മകനേ ഉമയ് നമ്മിലേ
ഹത്തിമനാഹ്മത്ക്ഷണം ഖത്ത്അത്ത്ചെയ്ത
രുത് ഉത്തിതിൽ
നമ്മാം ഉമൈകാം കുട്ടംബം അലഃവയെന്ന്അമ്മിൻ
മൊഴികാം മുഹമ്മദാർ
നന്നബിയർ അതിൻഒന്നും ജവാബുകാം ഉന്നിയതും
ഇലയ് കന്നമാൽ
സമ്മതമിൽ നബിതമ്മോടരികർ മുഴമ്മൻ ഉരയ്
ഉമത് ഉമ്മയാൻ
തക്കെ അമീർഅബൂബക്കർ നിന്നവത് എട്ടക്കവത്
ഗുണം ചൊക്കരേ
ഫമ്മിമലർ ഇദാംപുമ്മയി അലരവേസുമ്മസഹ
ബിൽമുസമ്മിലാർ
ചാക്കിയവർ അമീറാക്കാം ഇരിവരെവാക്കിൻ
ഉകംവെളിവാക്കാനാൻ

## ഇശൽ—ഇട്ടം ഉടൻ ഒപ്പനമുറക്കം

വെളിവ്‌ ഇരുളും അമയ്ത്തോൻ അല്ലാ
വകുത്ത്നാസിൻ ചിലരേദില്ലാ
മളമാക്കിയാൽ ഹരീറപോലെ
മസൽസിദ്ദീഖിൻ മനസ്സപോലെ
മനത്‌ അബൂബക്കറുടെ വിതമൊളിളകമാ
തന്നമുടെ ഇബ്രാഹീംനബിയുടെ തരമാ
നീനവവർസമാനിലെ ഉലകരിൽ മയമാ
തേടിപൊരുക്കൽകൊണ്ട്‌ അവർകാംക്കെല്ലാം
അളവിൽമാന്തർ ചിലര്മനതാ
അയംഹജർപോൽ അതിശദീദാ
മൊളിവാൻഎപ്പോൾ ഉമർമനംപോൽ
മൊളിന്തു്താഹായെന്നും ഫാറൂഖിൽ
ഉമയ്മൊഴിനബി നൂഹ്മുർസലീന്നു ഉരയാം
സമൻഅതിൽ പരനിലെ അവർ ദആമൊഴിയാം
ശിമയിലെ സകലരിൽ ഇസ്ലാമിൽ ഒഴിയാം
ആകെ ഹലാക്കകൊണ്ടു് ഇരന്തത്പോൽ
പുകഠാംപെറേറാവർ നബിയുല്ലാതാൻ
പൊലിവർ സിദ്ദീഖുരെ എടുത്താർ
സകലോരിസം ഫിദ്യത്തിനാ
തരംപോൽഎടുത്ത അയത്ത്‌ നയിന്നാർ
അവർകളിൽ മുതല്യകാം കശീയാതെ ചിലരാ
നബിയുടെ കരുണയാൽ വിട്ടത്തിടയ്‌ അമറാൽ
വിവരമതനകമേ ഫിദ്യത്തിൻഖബറാ
യെല്ലാം ചുരുക്കിന്നാൻ മൊളിന്തു്ഇവിടാ

ജ്കത്തര് അബ്ബാസ് അവരുംക്രൂടാ
ചിറയിൽമീമും ദ്വയംപേർകളാ
മഹ്മൂദാരെ ഫള്റത്തിലേ
വരുത്തിട്ടതർ ഉരത്ത്അമ്മിലേ
ചതുർപദ്ദം ഇസ്നാപേർ അവർകളെത്തെണ്ടം
മുതൽഉമെതരണമെ വിട്ടവതിൻഎണ്ടം
അതിനവർ നബിയോട്ട ജവാബുരത്തോണ്ടും
ഇല്ലാഎനയ്വക്കൽ കനിമകനേ
കനിയേഉങ്കാം ഇസ്ലാംദീനാ
കമലത്തുള്ളിൽ ഉറത്തവൻനാൻ
അനതും ഉങ്കാംക്കറിയാം എന്നാ
അനതെണ്ടം ചെയ്യതും എന്തിനാ
എന്തിന്നത് എണ്ടവർ ഉറെറമൊഴിക്ക്
ചിന്തയിൽ ഉള്ളത്കൊണ്ട്വിടക്ക്
ബന്ധം അത്അല്ലാവെ ളാഹിർവഴിക്ക്
വിട്ടവാൻ കൊതിയെങ്കിൽ ദീർഘംവെപ്പീൻ
സിനഹത്താലെ ഖുറൈശികളിൽ
ശിലവും കൊട്ടത്ത് അണെന്തകോളിൽ
തന്നെക്രൂടെയുംചിറയാളക്കും
തമക്കും സ്വന്തം തരുവീൻവെക്കം
വെക്കവീൻ ഒരോദാഹിം അവക്ക്
തക്കവർഇൗന്നൊരു ബൊറാജനക്ക്
ചിക്കരിൽഉറെറനി ഇല്ലകഴിക്ക്
ചൊന്നാർനബീഉൗരുക്ക് അയത്ത് അളയ്പ്പീൻ
അയത്തിടൂലും അവിടം ഇല്ല
അളുക്ക് അവരിൽ ഉരയ്തുവല്ല

കയത്ത്പോരും സമയംതന്നിൽ
കണവഴിയിൽ നീർവിളിത്തിട്ടന്നി
ഉന്നിടൈപൊന്ന് നിറത്തൊരുപെട്ടി
മണ്ണിൽകുഴിത്തത് മൂടിടൈവീട്ടിൽ
പിന്നിലെളുണ്ട് എനിവല്ല്യോരു മട്ടിൽ
ആയത്താൽ എടുത്ത് അനുപ്പിടണംഎണ്ടേ
അയത്ത്ഇപ്പോതിൽ വരുത്തീൻപൊന്നേ
അതു്കേട്ട അബ്ബാസ് അജബാൽഉന്നേ
ഉയത്തിൽ ഒരുരും അറിന്തോർഇല്ല
ഉമൈഎങ്ങിനാ അറിന്തു് ചൊല്ലാൻ
ചൊല്ലിയത് എൻഅഖീറുള്ളൽ അമീനാം
നല്ലവർ അബ്ബാസയത്തുടൻ ദീനാർ
മല്ലിൽ വരുത്തികൊടുത്ത് ഫിദാനാ
നാല്പത്തിഇരുപേരും അവരും പോന്നാർ
ഫുർഖാനുടെ നബിവീട്ടത്തെ
പൊളുതവർപോയ് തിഹാമകത്തേ
ഖുറൈശികുഫാർ അവരിൽ മാററം
കുഫത്ത് ദൂതർ മദ്ഫാലേററം
ഏററം ഖുറൈശികവാഫിറിലൊക്കാ
മാററം പിടിത്തവർ നിക്കവേമക്കാ
ആററൽ പിടിത്തവരയ്ക്ക് പിൻഫഖാൽ
അന്നാറം ഇസ്ലാംദീൻ പുകിന്താർയെല്ലാം

ശറഫുൽഉലാ നബിമകളാർ
സൈനബബിതനയ് മണവാർ

ഫിറയിൽപ്പെട്ടെ അബുൽആസിയിൽ
ഫീമാൻനബി അരുറം മൊശിയായ്

മൊശി ഉന്നെതന്നെ വിട്ടക്കണമെങ്കിൽ
അശകി തലാഖ് ഉന്നെചൊല്ലുക ചൊങ്കിൽ
പശംഅബുൽആസി ഉരത്തേനയ് പങ്കിൽ
ജീവ് പിരിവെണ്ടി ഒഴിക്കാഞ്ഞോനും.

ഇശൽ—ചേതീഅരശൻ

നാനെൻഉശിർന്നിക്കെന്തോനേ ഒരിക്കലും
നാരീതലാഖത് ഇളക്കാഇല്ലയ്
ആനെ വിവരങ്ങൾ മാനക്കനീ ബീബീ
ആററലാൾ വീടകംകേട്ടെ നേരം
തേനാൾ ഒരു മാല മാനിതമാരക്ക്
തെണ്ടം കൊടുപ്പാൻ കൊടുത്തയത്താൾ
മാനിൽ പിണാനിണ്ടോർതാനം ഫള്റത്തിൽ
മാലകൊടുത്തത് നലത്ത് അരശർ
അരശർ നബീഹാരം തരിശിത്തരുൾചെയ്തു
ഹാദാ ഖദീജാക്കകൾ മാലയാമേ
തെരികെ ഇത് ക്രൂടാത ഒരുനാമം തന്നെങ്കിൽ
ചിറയിന്ന് സൗജെ വിടുക്കാമെന്നും
ഉരത്ത് മടക്കിയേ തരത്താലേ ബീബിതാൻ
ഒല്ലീ അയത്തൊണ്ടു് അബൂവിൽ അപ്പോൾ
തിരിത്ത് നബിയുല്ലാ മരികർഅബുൽആസി
തന്നെവിട്ടത്തങ്ക് അയത്തേപിന്നാ
പിന്നെ കഥാറാവി ഉന്നി ബദർ പോരിൽ
പെരികെ മുതലുകൾ കിട്ടിയതാൽ
കന്നമേശാബോർകൾ ഉന്നലായ് ശയ്ബോരിൽ
ഹർബിൽനഹിച്ച പൊരുതോർയെങ്കൾ

അന്നാളിൽ കിട്ടിയെ വന്നംമുതല്യകൾ
ആകയും നാങ്കൾക്ക് വേണ്ടത് എണ്ടും
അന്നേരം ശാബോരിൽ ചൊന്നാർ പയമക്കാർ
അടൽ അക്കൊടികീളിൽ നീണ്ടോരെങ്കൾ
തായത്താൽ നാങ്കൾ സഹായിത്തോർ ഉങ്കൾക്ക്
തട്ടീമുതൽ ഫത്ത്ഹാകുവോളം
ആയത്തിൽ നാങ്കൾ സഹായത്തെ ചെയ്യാത്തോർ
ആയങ്കിൽ ഉങ്കൾ തനിക്കന്നോരായ്
ചായിത്തമാൽ പടപായിക്കന്നെങ്ങിനാ
സവ്വതിന്നു് എങ്കൾക്കും താരവേണം
തുയത്തോർതോളർകൾ തായത്തിൽമാറായി
തുതർനബിമുമ്പ് അണെന്തുരത്താർ

## ഇശൽ—തൊങ്കൽ

ഉരത്ത് സഹാബാക്കൾ സുആലാൽഅന്നേ
ഉടയോൻ അരുൾക്കമ്പർജിബ്രീൽ വന്നേ
ഒരുവൻ സലാം തങ്കൾക്കരത്തെപിന്നാ
ഓതിന്നബിക്കായത്ത് ഉരയയ്തന്നാ
ഉരത്താർയസ്അല്യൂനക്കതൊട്ടിട്ട്
ഒടുവിൽ മുഅ്മിനീൻ അളവുംകേട്ട്
അരശർ ജബ്റാഈൽ ഉശർന്തുപോയേ
അരികോർകളിൽ തങ്കൾ അരുൾ ചൊൽവായേ
ചൊല്ലാൻ ഉമൈതമ്മിൽ പിണക്കങ്ങളും
സൂക്ഷിത്തൊഴിപ്പീരെ തക്കങ്ങളും
അല്ലാഃ തനിക്കുംതൻ റസൂല്യക്കമാം
ആകെഗനീമത്ത് മുതൽനിത്തമാം

എല്ലാം അവർകാ൦ വേണ്ടുകവെത്തോക്ക്
എണ്ടും അവരാക്കി അഴിക്കുംഫഖ്
വല്ലോൻതനിക്കുകൂ൦ തഖ്‌വാചെയ്യീൻ
വഴിപോൽബൈനക്കും നലവാക്കുവീൻ
ആക്കാൻ അരു൦ചെ:യ്ത പിറകേ അൻഫാൽ
അടവേ പകുതിയാക്കിടയ് ഒരുപോൽ
ഹാക്കിം അരു൦പോലെ സഹാബാക്കളിൽ
ഹാമീംനബി കൊടുത്തയതന്നാളിൽ
താക്കം ഹബീബുല്ലാ സഹബ്യുംതാനേ
തൈബതല:ത്തററം സുഖമായ് വാണേ
ഉറക്കിൽ ബദർപട കഴിന്തേവാത്താ
ഒട്ടുമൊളിന്തു് ഇന്തെ കവിതമ്മത്താ
തമ്മത്ത്ഇതൈകോത്തെ സനത്ത്ഹിജറാ
ജഗ്സറു്ജമാദുൽ ആഖിറുൽആശിറാ
തിമ്മാമലയാളം സമാതൻഗയ്മാ
തിങ്കാ൦ഇരട്ടയ്ബീസ് അറുക്കൽയൗമാ
വെമ്മാകണക്കട്പോൽ കവിചേർത്തുവാൻ
വിരുദ്ധം അഖൽഇൽമും ഖലീലായോൻഞാൻ
ഉമ്മാവിശേളത്തിൻ ഫള്ള്ലോത്തില്ലാ
ഉലമോർഇതിൽ പിഴവരുപ്പിൻചൊല്ലാം
ചൊല്ലാൻ ഇതിൽവന്തെ പിഴകാ൦എല്ലാം
ഇയ്യുഫ്റാനേ പൊരുത്തീടല്ലാഃ
നല്ലോർനബിആണെ സഹബ്എല്ലാണ
നയ്നാർഇയാൽആലും ഔലാദാണ
വെല്ലാൻ ബദ്രീങ്കാ൦ സഹബർഫഖാൽ
വീട്ടെൻദുയ്യൂൻ ഇഫ്സിൽമുറാദ്മിക്കാ

DHARMARAM COLLEGE LIBRARY, BANGALORE. 23412

ചൊല്ലും ഫിഅ്ൽകേൾവീ നള്റാൽവന്തേ
ദോഷം അടങ്കിലും പൊരുത്തീടല്ലാഃ
പൊറുക്ക്എൻ പിതാമാതാശൈഖന്മാർക്കും
പുകളും ഗുരുഅസ്ഹാബ്അഹ്ബാബർക്കും
തിറംഎൻഅശാഇർകൾ ഖബാഇലോർക്കും
ജീറാൻഅഖ്ബാബോർ ഉദക്കൊർക്കും
കറമാൽഇതയ് പാടുന്നവർ പാടിപ്പോർ
കേൾപ്പോർമജ്ലിസിൽ ഇരിപ്പോർകൾക്കും
ഫുർഖാൻനബിഉമ്മത്തടങ്കൽപേർക്കും
പൊറുക്ക് വർഹംയാഗഫൂറർറഹീം
ഗഫാർഉന്നയ്യല്ലോ ഗഫൂറായോനെ
ഗനിയേ എനിക്കേറ്റം പൊരുത്തീടല്ലാഃ
ചെപ്പാൻഉറൈനെ അഫ്വുംവഹബാൽ ഈമാൻ
ശഹാദത്തിനാൽ എൻമൗത്ത് അരുളീടല്ലാഃ
വെപ്പ്ത്തുളിതുവൽ തരുക്കോൽപന്നം
ബീക്കായ്സികിതം കോൾതിരാകൾ എണ്ണം
തപ്പാജദീദൈനിൽ സമയംഒക്കാ
സ്വലാത്തും സലാംതാഹാനബിക്കേകല്ലാഃ
ഏല്ക്ക്അവർആലും സഹാബോർക്കെല്ലാം
എന്നും വത്തുബ്ബാളിൻമുത്തീഓർക്കെല്ലാം
ആകെനബികൾക്കും റസൂൽകൾക്കെല്ലാം
അഅ്ലാനബീക്കൂടെ വഴങ്ങീടല്ലാഃ
താകിത്ത് ഇരക്കുന്നേ ഉബൈദനാനെ
തഖബ്ബൽദുആയീ വസ്തജിബ്ലീആമീൻ
റാഹത്ത്ഇരുതാനത്ത് അരുൾനീനിന്റെ
റഹ്മത്തിനാൽ യാഅർഹമർറാഹിമീൻ.

——०——

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

# ഫത്ഹൽ

## ഇസ്ലാംമത നി

DC Library
*00023412*
T61 M87

ഗ്രന്ഥകർത്താ: ശൈഖ് സൈനുദ്ദീൻ മഖ്ദൂം (൧)
പരിഭാഷ: പി. കെ. കുഞ്ഞുബാവ മുസലിയാർ

ഇസ്ലാമിൻെറ മൌലികസിദ്ധാന്തങ്ങളിൽനിന്നാരംഭിച്ച് നിസ്കാരം, വ്രതം, സക്കാത്ത്, ഹജ്ജ്, വിദ്യാഭ്യാസം, വ്യാപാരം, വിവാഹം, വിവാഹമോചനം, സാമ്പത്തികനിയമങ്ങൾ, സ്വത്ത് ക്രയവിക്രയങ്ങൾ, സ്ത്രീകളെ ബാധിക്കുന്ന പ്രത്യേക നിബന്ധനകൾ, സാമൂഹ്യാചാരങ്ങൾ, വ്യവഹാരം മുതലായ നിത്യജീവിതത്തിൽ നമ്മെ ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും ഇസ്ലാമിൻെറ വിധികൾ വ്യക്തമായി ഒററനോട്ടത്തിൽ ലഭിക്കുന്ന ഈ മഹൽഗ്രന്ഥം ഓരോ മുസ്ലിംവീടിന്നും ഒരലങ്കാരമായിരിക്കും. പഠിച്ചവർക്കും പഠിക്കാത്തവർക്കും സാധാരണക്കാരനും സമ്പന്നനും ഒരുപോലെ സംശയനിവാരണത്തിനും പഠനത്തിനും സമുന്നതനായ ഒരു മഹാപണ്ഡിതൻ സമീപത്തുള്ളതുപോലെ ഉപകരിക്കാവുന്ന "ഫത്ഹുൽമുഈൻ" ഓരോ പ്രതി സൂക്ഷിക്കാൻ പരമാവധി പരിശ്രമിക്കുക.

ക്രൌൺ ¼ വലുപ്പത്തിൽ 722 പേജുകളുള്ള ഈ ഗ്രന്ഥം ഉയർന്നതരം കടലാസ്സിൽ "ആമിനാ പ്രിൻേറഴ്സിൽ" ആകർഷകമായി അച്ചടിച്ചു തയ്യാറായിരിക്കുന്നു. മുഴക്കാലിക്കൊ ഒന്നാംതരം ബൈൻഡ്. പഞ്ചവർണ്ണമുഖചിത്രം. ഈ പുസ്തകത്തിന്ന് വില 20 രൂപ. (തപാലിൽ റജിസ്റ്റർചെയ്തയക്കാൻ 2_50).

## ആമിനാ ബുക്ക് സ്റ്റാൾ, തൃശ്ശൂർ_1




T61
M87

Indic Digital Archive Foundation
gpura.org